Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 കന്നി 18—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ഒക്ടോബർ 4 | ലക്കം 8

# വൈദികരും അൽമേനികളും

"ക്രിസ്തുവിന്റെ മൗതികശരീരത്തിലെ വിവിധാംഗങ്ങളായ വൈദികരും വിശ്വാസികളും തമ്മിൽ ഏററം സൗഹാർദ്ദപരമായ ഉറ്റബന്ധം ഉണ്ടാകണം."

## വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം

നാം ജീവനെക്കാൾ വിലമതിക്കുന്ന നമ്മുടെ വിശ്വാസത്തേയും മതബോധത്തേയും നശിപ്പിക്കുവാനുള്ള ദുഷ്ടസംരംഭങ്ങൾ ദിവസേന എന്നോണം രൂക്ഷതരമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. ദൈവത്തിനും തന്റെ സഭയ്ക്കും എതിരായുള്ള സംരംഭങ്ങൾ ഇന്നു ഓരോ രൂപത്തിൽ എവിടെയും നടക്കുന്നതായി നമുക്കു കാണാം. തങ്ങളുടെ ഉദ്യമങ്ങളുടെ വിജയത്തിനുവേണ്ടി സഭയുടെ ശത്രുക്കൾ പ്രയോഗിക്കുന്ന തന്ത്രങ്ങളും ഉപായങ്ങളും എത്ര വഞ്ചനാപൂർണ്ണങ്ങളും ആപൽക്കരങ്ങളുമാണെന്നു നാം വേണ്ടത്ര മനസ്സിലാക്കുന്നില്ല. സ്ഥലകാലസാഹചര്യങ്ങൾക്കു ഏററം പാററിയ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടാണു പ്രതിയോഗികൾ നമ്മുടെ വിശ്വാസത്തെ ആക്രമിക്കുന്നതു്. കത്തോലിക്കരുടെ വിശ്വാസത്തേയും മതനിഷ്ഠയേയും മന്ദീഭവിപ്പിക്കുവാനും നശിപ്പിക്കുവാനും വേണ്ടി അവർ ഇന്നു പ്രയോഗിക്കുന്ന ഏററം വിപൽക്കരമായ ഒരു മാർഗ്ഗം വിശ്വാസികളിൽ അവരുടെ ആത്മീയപാലകരായ വൈദികരെപ്പററി അവജ്ഞയും അവമതിയും വിദ്വേഷവും ജനിപ്പിക്കുക എന്നതാണു്. അതിനാൽ ഈ ആപത്തിനെപ്പററി നിങ്ങൾക്കു ഒരു മുന്നറിവു നൽകുവാൻ നാം ആഗ്രഹിക്കുന്നു.

### ക്രിസ്തീയ പൗരോഹിത്യം

ദൈവം ഏർപ്പെടുത്തിയിരിക്കുന്ന പുതിയ ആദ്ധ്യാത്മിക വ്യവസ്ഥിതിയിൽ ക്രിസ്തീയപൗരോഹിത്യത്തിനു സംസിദ്ധമായിരിക്കുന്ന ഔന്നത്യംമൂലമാണു വൈദികവിദ്വേഷം ഇത്ര വിനാശകരമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതു്. ക്രിസ്തീയ പൗരോഹിത്യത്തിന്റെ യഥാർത്ഥനില എന്താണെന്നു വിശദീകരിക്കുവാൻ കഴിഞ്ഞ നൂററാണ്ടിൽ ജീവിച്ചിരുന്ന ജർമ്മനിയിലെ ഒരു പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഷീബൻ (Sheeban) എന്ന പണ്ഡിതൻ നൽകിയിട്ടുള്ള ചില ന്യായങ്ങൾ പ്രത്യേകം ശ്രദ്ധേയമാണു്.

മനുഷ്യരെ ദൈവികജീവിതത്തിൽ ഓഹരിക്കാരും ദൈവത്തിന്റെ മക്കളും ആക്കിത്തീർക്കുവാൻ ദൈവപുത്രൻ ഏർപ്പെടുത്തിയ അത്ഭുതസ്ഥാപനമാണു് കത്തോലിക്കാസഭ. സഭയുടെ അംഗങ്ങളായിത്തീരുന്ന വിശ്വാസികൾക്കു് ഒരു പുതിയ ജീവനും ഒരു പുതിയ അവകാശവും സിദ്ധിക്കുന്നുവെന്നതാണു് അവരെ സംബന്ധിച്ച ഏററം മഹത്തായ നേട്ടം. സഭാംഗങ്ങൾക്കു് ഈ ദൈവികജീവൻ പ്രദാനം ചെയ്യുവാനായി സഭയാകുന്ന ദിവ്യസമൂഹത്തിൽ ക്രിസ്തു ചെയ്തുവെച്ചിരിക്കുന്ന പ്രത്യേക ഏർപ്പാടിനെ സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു വസ്തുത തെളിവാകും. അതായതു്, സഭയുടെ അംഗങ്ങളായ ഒരു പ്രത്യേകവിഭാഗത്തെത്തന്നെ ഒരു ഉപകരണമായി ഉപയോഗിച്ചുകൊണ്ടാണു് സഭാനാഥനായ ക്രിസ്തു തന്റെ ജീവനെ മററു അംഗങ്ങളിലേക്കു പകരുന്നതു് എന്നതാണു് ആ വസ്തുത. ഇങ്ങനെ തന്നിൽ വിശ്വസിക്കുന്ന തന്റെ മക്കൾക്കു തന്റെ ദിവ്യജീവനെ നൽകുവാനും പരിപോഷിപ്പിക്കുവാനും ക്രിസ്തു ഉപയോഗിക്കുന്ന ഉപകരണവിശേഷ



പുരോഹിതപ്രമുഖനായ മാർപ്പാപ്പാതിരുമേനി ദിവ്യബലി അർപ്പിക്കുന്നു

മാണു ക്രിസ്തീയപൗരോഹിത്യം. വേറൊരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായ വിശ്വാസികളിലേക്കു തന്റെ ദൈവികജീവൻ പകരുവാനും അതിനെ അവരിൽ വളർത്തുവാനുംവേണ്ടി ശിരസ്സായ ക്രിസ്തു ഉപയോഗപ്പെടുത്തുന്ന ആ മൗതികശരീരത്തിലെ പ്രത്യേക അവയവമാകുന്നു ക്രൈസ്തവപൗരോഹിത്യം.

### ക്രിസ്തീയ പൗരോഹിത്യത്തിന്റെ മാഹാത്മ്യം

സഭയെ മാതാവെന്നു നാം വിളിക്കുന്നു. ഒരു മാതാവിൽനിന്നു ശിശു ജീവൻ പ്രാപിക്കുകയും അവളുടെ പരിചരണത്താൽ ആ ജീവൻ സംരക്ഷിക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നതുപോലെ, നമുക്കു് ദൈവികജീവൻ തരുന്നതും അതിനെ നമ്മിൽ സംരക്ഷിക്കുന്നതും വളർത്തുന്നതും സഭയായതുകൊണ്ടു മാതാവെന്ന മനോജ്ഞനാമം സഭയ്ക്കു വളരെ അനുയോജ്യമാണു്. എന്നാൽ വിശ്വാസികളുടെ ആത്മീയജീവനെ സംബന്ധിച്ച സഭ നിർവ്വഹിക്കുന്ന ഈ മാതൃസഹജമായ ജോലിയെല്ലാം സഭയിൽ സ്ഥാപിതമായിരിക്കുന്ന പൗരോഹിത്യം വഴിയായിട്ടാണു നിർവ്വഹിക്കപ്പെടുന്നതു്. ഇതിനാൽ സഭയുടെ ദിവ്യമാതൃത്വത്തിന്റെ ഫലസമൃദ്ധിക്കു് അവൾ പൗരോഹിത്യത്തോടു കടപ്പെട്ടിരിക്കുന്നു.

ദൈവികജീവൻ വഴി നമ്മെ ക്രിസ്തുവിനോടു യോജിപ്പിക്കുന്നതിൽ പൗരോഹിത്യം വഹിക്കുന്ന മഹത്തായ സ്ഥാനത്തെ വിശദമാക്കുവാൻ വേദശാസ്ത്രപടുവായ ഷീബൻ നൽകുന്ന വേറൊരു ന്യായംകൂടി ഇവിടെ സ്മരണീയമാണു്. ഒരുത്തൻ സഭയുടെ അംഗമായിത്തീരുന്നതുകൊണ്ടു് സഭാനാഥനായ ക്രിസ്തുവിനോടു് അവൻ ഗാഢമായി യോജിക്കുന്നു. ജ്ഞാനസ്നാനത്തോടുകൂടി ആരംഭിക്കുന്ന ഈ ഐക്യം ഏററം ഗാഢതരമാക്കിത്തീർക്കുന്നതു ക്രിസ്തുവിന്റെ മാംസരക്തങ്ങൾ നമുക്കു് ആഹാരപാനീയങ്ങളായി തന്നു നമ്മെ ക്രിസ്തുവിൽ രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധ കുർബാന എന്ന മഹാകൂദാശയാകുന്നു. ഈ കൂദാശയാകട്ടെ ക്രിസ്തീയപൗരോഹിത്യത്തെ പരിപൂർണ്ണമായി ആശ്രയിച്ചുനില്ക്കുകയും ചെയ്യുന്നു. ആകയാൽ നമ്മുടെ ജീവനാകുന്ന ക്രിസ്തുവിനോടുള്ള ഏററം ഗാഢമായ നമ്മുടെ ഐക്യത്തിനു ക്രിസ്തീയപൗരോഹിത്യമാണു് നിദാനം എന്നു ന്യായപൂർവ്വം നമുക്കു പറയാവുന്നതാണു്.

വിശ്വാസികളുടെ ആത്മീയജീവനെ സംബന്ധിച്ച വൈദികൻ നിർവ്വഹിക്കുന്ന ദിവ്യമായ ഈ ജോലിയെ സുഭഗസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ക്രിസ്തീയ പൗരോഹിത്യത്തെപ്പററിയുള്ള തന്റെ തിരുവെഴുത്തിൽ ഏററം ഹൃദയാവർജ്ജകവും സുന്ദരവുമായവിധം വർണ്ണിച്ചിരിക്കുന്നതു കേൾക്കുവിൻ: "വൈദികൻ ക്രിസ്തുവിന്റെ ശുശ്രൂഷകനാകുന്നു; അതായതു, ദിവ്യരക്ഷകന്റെ കരങ്ങളിൽ ഒരു ഉപകരണമാകുന്നു അയാൾ. . . . . . ഇങ്ങനെ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളുടെ പ്രയോജനത്തിനായി വൈദികൻ ദൈവരഹസ്യങ്ങളെ കൈകാര്യംചെയ്യുന്ന ആളായി നിയമിക്കപ്പെട്ടിരിക്കുന്നു; എങ്ങനെയെന്നാൽ, മനുഷ്യവർഗ്ഗത്തിന്റെ പ്രയോജനത്തിനായി ദിവ്യരക്ഷകന്റെ പ്രസാദവരം ഒഴുകിവരുന്ന നീർച്ചാലുകളായ കൂദാശകളുടെയെല്ലാംതന്നെ ശുശ്രൂഷകനാകുന്നു അദ്ദേഹം. തങ്ങളുടെ ആത്മാവിന്റെ സ്വഭാവാതീതജീവനാകുന്ന ദൈവവരപ്രസാദം, ദൈവദത്തമായ അധികാരത്താൽ തങ്ങൾക്കു നൽകുന്നതിനോ അല്ലെങ്കിൽ അതിനെ ഉപരിവർദ്ധിപ്പിക്കുന്നതിനോ വേണ്ടി, വൈദികൻ ക്രിസ്തീയവിശ്വാസികളുടെ അടുക്കൽ അവരുടെ ഐഹികജീവിതത്തിന്റെ ഏതു പ്രധാന ഘട്ടത്തിലും നിലകൊള്ളുന്നതായി കാണാം. മനുഷ്യൻ സൂര്യപ്രകാശത്തിലേക്കു് ആദ്യമായി പ്രവേശിക്കുമ്പോൾ ശ്രേഷ്ഠവും അനർഘവുമായ ജീവൻ—അതായതു്, അവനെ ദൈവത്തിന്റെയും തിരുസ്സഭയുടേയും പുത്രനാക്കിത്തീർക്കുന്ന സ്വഭാവാതീതമായ ജീവൻ—പ്രദാനംചെയ്തുകൊണ്ടു് വൈദികൻ വിശുദ്ധജലത്തിന്റെ തൊട്ടിയുടെ പക്കൽവച്ചു് അവനെ നവീകരിക്കയും വിശുദ്ധീകരിക്കയും ചെയ്യുന്നു. വീണ്ടും ആത്മികസമരത്തിൽ അവനെ കൂടുതൽ ജാഗരൂകനാക്കിത്തീർക്കുന്നതിനുവേണ്ടി, പ്രത്യേക

സ്ഥാനത്താൽ ഉയർത്തപ്പെട്ടിട്ട്", വൈദികൻ സ്ഥൈര്യലേപനം എന്ന കൂദാശവഴിയായി ആയാളെ ക്രിസ്തുവിന്റെ സൈന്യത്തിൽ ചേർക്കുന്നു. സ്വർഗ്ഗത്തിൽനിന്നു നൽകപ്പെട്ടിരിക്കുന്ന മാലാഖമാരുടെ അപ്പത്തെ തിരിച്ചറിയുവാനും, അതിനെ കാര്യമായി മതിക്കുവാനും തക്ക പ്രായം കുട്ടിക്കു വരുമ്പോൾ, സജീവവും ജീവപ്രദായകവുമായ ഈ ഭക്ഷണംകൊണ്ട് വൈദികൻ അവനെ തീറ്റുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. അവൻ നിർഭാഗ്യവശാൽ വീഴുന്നതിനിടയായാൽ, കുമ്പസ്സാരം എന്ന കൂദാശയാൽ വൈദികൻ അവനെ എഴുന്നേല്പിക്കയും ദൈവത്തിന്റെ നാമത്തിലും അധികാരത്തിലും അവനെ ബലപ്പെടുത്തുകയും ചെയ്യു



ന്നു. മനുഷ്യജീവിതത്തിന്റെ അനുഗ്രഹം അനന്തരതലമുറയിലേക്ക് പ്രചരിപ്പിക്കയും, ഭൂമിയിൽ ക്രിസ്തീയവിശ്വാസികളുടെ എണ്ണവും നിത്യമായ സ്വർഗ്ഗീയ സൗഭാഗ്യത്തിനു തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യയും വർദ്ധിപ്പിക്കയും ചെയ്യുന്നതിനുവേണ്ടി വൈവാഹിക കടമകൾമൂലം തന്റെ സ്രഷ്ടാവിനു സഹായികമായിത്തീരുന്നതിനായി അയാൾ തിരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ, അപ്പോഴും തിരുസ്സഭയുടെ ന്യായയുക്തനായ ഒരു സാക്ഷിയെന്ന നിലയിൽ അയാളുടെ വിവാഹത്തിന്റെമേലും അമലമായ സ്നേഹത്തിന്റെമേലും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ട് പുരോഹിതൻ അയാളുടെ അരികിൽ നിലകൊള്ളുന്നു. കടശിയായി, ഈ ഐഹികജീവിതത്തിന്റെ അന്ത്യം സമീപിക്കുന്ന സമയത്ത് മനുഷ്യക്കു ശക്തിയും ദിവ്യന്യായാധിപന്റെ സാന്നിദ്ധ്യം അഭിമുഖീകരിക്കുന്നതിനുള്ള സഹായവും ആവശ്യമുള്ളപ്പോൾ മിശിഹായുടെ ശുശ്രൂഷകൻ മരണാസന്നരായിരിക്കുന്നവരുടെ ക്ലേശഗ്രസ്തങ്ങളായ അവയവങ്ങളുടെ സമീപം വീണ്ടും വീണ്ടും കുമ്പിട്ടുകൊണ്ട് അവരെ വിശുദ്ധ സൈത്തുകൊണ്ട് ലേപനംചെയ്തു വിശുദ്ധീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം വൈദികൻ ഐഹികപ്രവാസത്തിന്റെ ഗതി മുഴുവനിലുംകൂടി നിത്യത്വത്തിന്റെ കവാടംവരെ ക്രിസ്തീയവിശ്വാസികളെ അനുഗമിച്ചശേഷം, അനശ്വരമായ പ്രത്യാശയെ പ്രദ്യോതിപ്പിക്കുന്ന വിശുദ്ധകർമ്മങ്ങളുടെ പ്രാർത്ഥനകളോടുകൂടെ അവരുടെ അവശിഷ്ടങ്ങൾ കുഴിമാടത്തിങ്കലേക്ക് വഹിച്ചുകൊണ്ടുപോകുന്നു. എന്നാൽ ഇനിയും നിത്യജീവിതം കരഗതമായിട്ടില്ലാത്തവരായി അവരെ വൈദികൻ ഉപേക്ഷിക്കുന്നില്ല. പിന്നെയോ, ശുദ്ധീകരണവും ആശ്വാസവും ആവശ്യമാണെങ്കിൽ പ്രാർത്ഥനയുടെ ആശ്വാസത്താൽ അവരെ അയാൾ സഹായിക്കയും ചെയ്യുന്നു. ഇങ്ങനെ വൈദികൻ ശരിയായ പ്രയാണത്തിന്റെ മാർഗ്ഗനിർദ്ദേശകനായും, വിശ്വാസത്തിന്റെയും പ്രത്യാശയുടേയും പ്രവർത്തകനായും സ്വർഗ്ഗീയവരങ്ങളുടെ പ്രദായകനായും, ക്രിസ്ത്യാനികളുടെ സമീപം എല്ലായ്പോഴും—അവരുടെ പിള്ളത്തൊട്ടിമുതൽ ശവകുടീരംവരെയും, സ്വർഗ്ഗസൗഭാഗ്യംവരെയുള്ള എല്ലാ നിമിഷത്തിലും— സന്നിഹിതനായിരിക്കുന്നു."

## പൗരോഹിത്യത്തെ ബഹുമാനിക്കണം

വിശ്വാസികളുടെ ആത്മീയജീവനെ സംബന്ധിച്ച വൈദികൻ ചെയ്യുന്ന അനസ്യൂതവും പൈതൃകവുമായ ഈ പരിചരണങ്ങൾ മതി അദ്ദേഹത്തെ അവരുടെ സ്നേഹാദരങ്ങൾക്കു പാത്രമാക്കുവാൻ. എന്നാൽ വൈദികസ്ഥാനത്തിന്റെ സമുന്നതമായ മാഹാത്മ്യത്തെപ്പററി ചിന്തിക്കുമ്പോഴാണ് അതിനെ ബഹുമാനിക്കുവാനുള്ള കടമ കൂടുതൽ സ്പഷ്ടമാകുന്നത്. പരിശുദ്ധ കുർബാന, കുമ്പസ്സാരം എന്നീ കൂദാശകളുടെ കാർമ്മികൻ എന്ന നിലയിൽ വൈദികൻ ഉപയോഗിക്കുന്ന അധികാരശക്തിയുടെ ഔന്നത്യത്തെപ്പററി ശരിയായി മനസ്സിലാക്കിയാൽ ആരാണ് അത്ഭുതപരതന്ത്രരാകാത്തത്? "മിശിഹായുടെ ശരീരത്തിന്മേൽ അധികാരം പ്രാപിച്ചവനായി, ബലിപീഠങ്ങളിന്മേൽ അത്ഭുതകരമാംവിധം എഴുന്നള്ളിവരുവാൻ ഇടവരുത്തുകയും, ദിവ്യരക്ഷകന്റെ നാമത്തിൽ നിത്യമഹത്വത്തിന്റെ മുമ്പിൽ ഏററം ഹൃദ്യമായ ബലിസമർപ്പിക്കയും ചെയ്യുന്ന കത്തോലിക്കാപുരോഹിതന്റെ അവാച്യമായ ഔന്നത്യം എത്ര സമുജ്ജ്വലമാണ്" എന്നത്രെ മുൻപറഞ്ഞ തിരുവെഴുത്തിൽ പരിശുദ്ധ പിതാവു പ്രസ്താവിച്ചിട്ടുള്ളത്. "ഇവ എത്രയോ വിസ്മയനീയം? അത്ഭുതത്തിന്റെ നിലയേയും അതിശയിക്കുന്ന മഹാത്ഭുതങ്ങൾ" എന്നാണ് വൈദികന്റെ അധികാരത്തെപ്പററി വി. ക്രിസോസ്റ്റം ആശ്ചര്യോൽഘോഷം ചെയ്യുന്നത്.

വൈദികനു നല്കപ്പെട്ടിരിക്കുന്ന പാപമോചനാധികാരം, വി. ക്രിസോസ്റ്റംതന്നെ പറയുന്നതുപോലെ, "ദൈവദൂതന്മാർക്കും മുഖ്യദൈവദൂതന്മാർക്കും നല്കപ്പെട്ടിട്ടില്ലാത്ത ഒരു അധികാരമാകുന്നു." ദൈവത്തിനുമാത്രം യോജിച്ചതും ദൈവത്തിനുമാത്രം സ്വന്തമായിരിക്കുന്നതുമായ ഒരു പരമാധികാരമാണ് അത്. മേൽ പ്രസ്താവിച്ച തിരുവെഴുത്തിൽ 11-ാം പീയൂസ് തിരുമനസ്സുകൊണ്ട് ഇതേപ്പററി പറയുന്നതിങ്ങനെയാണ്: "അതെ. പൗരോഹിത്യസ്ഥാനത്തേക്കു ഉയർത്തപ്പെടുന്ന മനുഷ്യൻ പ്രസ്തുതാധികാരം ഉപയോഗിക്കുന്നതായി നാം കാണുമ്പോൾ 'പാപങ്ങൾപോലും മോചിക്കുന്ന ഈയാൾ ആരാണ്?' എന്ന വാക്കുകൾ ഫരിസേയരെപ്പോലെ അല്ല, മറിച്ചു വിസ്മയഭരിതരായി ഭക്ത്യാദരപൂർവ്വം ഉച്ചരിക്കാതിരിക്കുവാൻ നമുക്കു സാധിക്കയില്ല." കുർബാനയെന്ന ദിവ്യബലി അർപ്പിക്കുന്നതിനും പാപമോചനം നല്കുന്നതിനുമുള്ള അധികാരം സിദ്ധിച്ചിരിക്കുന്ന വൈദികന്റെ നില എത്ര അമാനുഷികവും ദിവ്യവുമാണ്. ഇതുമൂലം അദ്ദേഹം അർഹിക്കുന്ന ബഹുമാനവും വണക്കവും എത്ര അപാരം!

ക്രിസ്തീയപൗരോഹിത്യത്തിനു വിശ്വാസികളുടെ ആത്മീയജീവനോടുള്ള അവിഭാജ്യബന്ധവും അതിൽ ദൈവംതന്നെ നിക്ഷേപിച്ചിരിക്കുന്ന ദിവ്യമായ അധികാരശക്തിയും മൂലമാണ് അതിനോടുള്ള അനാദരം അവരിൽ അനേക നാശഫലങ്ങൾ ഉളവാക്കുന്നത്. വൈദികരുടെനേർക്കു ആരംഭിക്കുന്ന അനാദരം ക്രമേണ കൂദാശാസ്വീകരണത്തിലും മതാനുഷ്ഠാനത്തിലുംനിന്നു ഒരുവനെ അകററി വിശ്വാസത്തെപ്പോലും അപകടത്തിലാക്കുന്നതിന്റെ കാരണം ഇതാണ്. വൈദികവിദ്വേഷം എത്ര വലിയ നാശമാണു വിശ്വാസികളിൽ വരുത്തുന്നതെന്നു നമ്മെക്കാൾ നന്നായി നമ്മുടെ ശത്രുക്കൾ മനസ്സിലാക്കിയിരിക്കുന്നതായി തോന്നിപ്പോകുന്നു. ഇതുകൊണ്ടാണല്ലോ ഈ വിഷബീജം സർവ്വത്ര പ്രചരിപ്പിക്കുവാൻ അവർ ഇത്ര ഉത്സാഹിക്കുന്നത്. വൈദികരോടുള്ള അവജ്ഞ ക്രമേണ സഭയുടെ സന്താനങ്ങളെ അതിന്റെ പരമശത്രുക്കളാക്കിത്തീർക്കുമെന്ന പരമാർത്ഥം മനസ്സിലാക്കുവാൻ തിരുസ്സഭാചരിത്രത്തിലേക്കു ഒന്നു കണ്ണോടിച്ചാൽ മതി. ഏതായാലും വൈദികവിദ്വേഷത്തിന്റെ ദുരന്തഫലങ്ങളെ ഇവിടെ വിവരിക്കുവാൻ കരുതുന്നില്ല. തങ്ങൾ അറിയാതെതന്നെ വിശ്വാസികൾ ഈ വിപത്തിൽ ചെന്നുചാടുവാൻ ഇടവരുന്നതു എങ്ങനെയാണെന്നുമാത്രം സ്വല്പം ചിന്തിക്കാം.

## വൈദികവിദ്വേഷത്തിന് വഴിതെളിക്കുന്ന ചില കാരണങ്ങൾ

പൊതുവെ മതവിശ്വാസത്തേയും സദാചാരബോധത്തേയും കെടുത്തുവാൻ ഇന്നു നമ്മുടെ എതിരാളികൾ നടത്തുന്ന നാനാതരത്തിലുള്ള ദുഷിച്ച പ്രചരണങ്ങളെല്ലാം പരോക്ഷമായി പൗരോഹിത്യത്തോടുള്ള ബഹുമാനാദരങ്ങളെ വളരെ കുറയ്ക്കുവാൻ പര്യാപ്തമാകുന്നുണ്ട്. മതത്തെ നശിപ്പിക്കുവാൻ വ്രതമെടുത്തിരിക്കുന്നവരുടെ ആക്രമണം ഒന്നാമതായി തിരിയുന്നതു മതത്തിന്റെ സംരക്ഷകരായ വൈദികരുടെ നേർക്കാണല്ലോ. ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഔന്നത്യത്തേയും ഫലസമ്പന്നതയേയും മറച്ചുവെച്ച്, അതിനെ വിശ്വാസികളുടെ പോലും അവജ്ഞയ്ക്കും വെറുപ്പിനും പാത്രമാക്കത്തക്ക കുപ്രചരണങ്ങൾ ഇന്നു ധാരാളം നടക്കുന്നുണ്ട്.

വർഗ്ഗവൈരം കത്തിയെരിയിച്ച് ഒരു വിപ്ലവമുണ്ടാക്കുവാൻ ഉറച്ചിരിക്കുന്നവർ അധികാരംകൊണ്ടോ, ജീവിതസൗകര്യങ്ങൾകൊണ്ടോ കുറെ മെച്ചമായ നിലയിലിരിക്കുന്ന ആരേയും ഒരു ചൂഷകവർഗ്ഗമായി ചിത്രിക്കുന്ന കൂട്ടത്തിൽ കത്തോലിക്കാ വൈദികരേയും ഉൾപ്പെടുത്തുവാൻ ശ്രമിക്കുന്നത് എത്ര തികഞ്ഞ വഞ്ചനയാണ്. സമുദായത്തിന്റെ ഏതുപടിയിൽപ്പെട്ടവരേയും മാനസഹജമായ സമഭാവനയോടെ വൈദികപദവിയുടെ അങ്ങേയററംവരെ കൈകൊടുത്തു കയററുന്ന തിരുസ്സഭയുടെ വിശാലമനസ്കതയെ മനസ്സിലാക്കുന്ന സഭയുടെ മക്കൾ ഈ കുപ്രചരണംകൊണ്ടു വഞ്ചിക്കപ്പെട്ടുപോകുന്നതു എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. തങ്ങളുടെ സ്വന്തം മക്കളും സഹോദരങ്ങളും മാത്രം ഉൾപ്പെട്ട നമ്മുടെ വൈദികവൃന്ദത്തെ ഒരു പ്രത്യേക വർഗ്ഗമായി ഗണിക്കുവാൻ നമ്മുടെ ജനങ്ങൾക്കു എങ്ങനെ സാധിക്കും? ജനങ്ങൾക്കുവേണ്ടി അഭിഷേകം സ്വീകരിച്ചു ജനങ്ങൾക്കുവേണ്ടി ജീവിക്കുന്ന വൈദികൻ എല്ലാവരുടേയും ശുശ്രൂഷിയും പ്രത്യേകം പാവങ്ങളുടെ പിതാവുമാണ്. ഒരു വൈദികന്റെ പരിപാലനയിൽപ്പെട്ടവരിൽ വലിയ ഭാഗവും എപ്പോഴും പാവങ്ങളും അവശതയനുഭവിക്കുന്നവരും ആയിരിക്കും. വിൻസെന്റ് ഡി പോൾ, പീററർ ക്ലെയിവർ, കാമില്ലസ് ദെ ല്ലില്ലി, ഡാമിയൻ, ഡോൺബോസ്കോ, കൊററലേൻഗൊ തുടങ്ങിയ സാധുജനശുശ്രൂഷകരും അധഃകൃതസംരക്ഷകരുമായ വൈദികരെ ലോകത്തിനു പ്രദാനംചെയ്ത ക്രിസ്തീയ പൗരോഹിത്യത്തെപ്പോലെ പാവങ്ങളുടേയും അവശരുടേയും ഉദ്ധാരണത്തിനും അവകാശസംരക്ഷണത്തിനുംവേണ്ടി ധീരമായ ത്യാഗസന്നദ്ധതയോടുകൂടി നിലകൊണ്ടിട്ടുള്ള ഒരു ഉൽകൃഷ്ടസ്ഥാപനം വേറെ ഏതാണ്?

ഇന്നു സർവ്വത്ര ചുററിയടിക്കുന്ന അധികാരവിദ്വേഷത്തിന്റെ വിഷക്കാററേററു കത്തോലിക്കരും തങ്ങളുടെ ആത്മീയപാലകരുടെ നേർക്കു അനാദരവും അവജ്ഞയും ഉള്ളവരായിത്തീരുവാൻ ഇടയുണ്ട്. വൈദികന്റെ അതുല്യമായ ആദ്ധ്യാത്മിക സ്ഥാനമാഹാത്മ്യത്താൽ വിശ്വാസികൾ അദ്ദേഹത്തെ വളരെ ബഹുമാനിക്കുന്നു. ഈ ബഹുമാനത്തിനു വ്യക്തിപരമായി താൻ അർഹനല്ലെന്നു അദ്ദേഹത്തിനു നല്ലവണ്ണം അറിയാം. എന്നാൽ താൻ വഹിക്കുന്ന ദിവ്യമായ ഉദ്യോഗംമൂലവും, ആ ബഹുമാനപ്രകടനനിമിത്തം വിശ്വാസികൾക്കുള്ള പ്രയോജനത്തെ മുൻനിറുത്തിയും മാത്രമാണ് അദ്ദേഹം അതു സ്വീകരിക്കുവാൻ നിർബന്ധിതനാകുന്നത്. പരമാർത്ഥം ഇതാണെങ്കിലും തനിക്കു നൽകപ്പെടുന്ന ബഹുമാനം സ്വീകരിക്കുന്നതുകൊണ്ടു ചിലർ വൈദികനെ അധികാരകാംക്ഷിയും ആഡംബരപ്രിയനുമായി കരുതുന്നു. അദ്ദേഹത്തിന്റെ സ്ഥാനവും അധികാരവും സ്വന്തം പ്രയോജനത്തിനുവേണ്ടി നൽകപ്പെട്ടിട്ടുള്ളതല്ലെന്നും, അതു വിശ്വാസികളുടെ ഗുണത്തിനുവേണ്ടിമാത്രം സിദ്ധിച്ചിട്ടുള്ളതാണെന്നും ഗ്രഹിച്ചാൽ അതെപ്പററി ആർക്കും അസൂയക്കോ ആശങ്കയ്ക്കോ അവകാശമുണ്ടാകയില്ല. അദ്ദേഹത്തിനു ലഭിക്കുന്ന ബഹുമതി നമ്മുടെ പരിശുദ്ധ മതത്തിനും പ്രത്യേകിച്ച്, അദ്ദേഹം ആരുടെ പ്രതിനിധിയാണോ ആ ക്രിസ്തുനാഥനും തന്നെയാണു ലഭിക്കുന്നത്.

തിരുസ്സഭയുടെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചു ഭരണം നടത്തുവാൻ ശ്രമിക്കുന്നതുകൊണ്ടും ചില സ്ഥലങ്ങളിൽ വൈദികർ അവഹേളിക്കപ്പെടുവാനും മർദ്ദിക്കപ്പെടുവാനും ഇടവരുന്നു. നിയമമനുസരിക്കുന്നതുമൂലം ചില ബുദ്ധിമുട്ടുകളും അസൗകര്യങ്ങളുമുണ്ടാകും. ഇതിനാൽ നിയമത്തിൽനിന്നു ഒഴിവുകിട്ടുവാൻ പലരും ആഗ്രഹിക്കും. എന്നാൽ ഒരു നിയമത്തിൽനിന്നു ഒഴിവുകൊടുക്കുന്നതുകൊണ്ടു നിയമം ബലക്ഷയപ്പെടുകയും അതുകൊണ്ടുണ്ടാകേണ്ട പ്രയോജനം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നു. തൻമൂലം നിയമത്തിൽനിന്നു യഥേഷ്ടം ഒഴിവുകൊടുക്കുവാൻ ഒരു വൈദികനു പാടില്ല. ജനങ്ങളുടെ പ്രയോജനത്തെ ഉദ്ദേശിച്ചു ചില നിയമങ്ങൾ അദ്ദേഹം നിഷ്കർഷാപൂർവ്വം നടപ്പിലാക്കണം. നിയമങ്ങൾ തങ്ങളുടെതന്നെ ഗുണത്തിനുള്ളവയാണെന്നു മനസ്സിലാക്കി അവയെ പ്രയോഗത്തിൽ വരുത്തുവാൻ വിശ്വാസികൾ വൈദികരെ സഹായിക്കയാണു വേണ്ടത്. പ്രത്യേകിച്ചു ഇടവകയിൽ വിദ്യാഭ്യാസംകൊണ്ടോ, ധനസ്ഥിതികൊണ്ടോ മററോ പ്രാമാണ്യവും സ്വാധീനബലവും ഉള്ളവർ നിയമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ തങ്ങളുടെ ഇടവകവൈദികനെ സർവ്വാത്മനാ സഹായിക്കണം. അവർതന്നെ ഒന്നാമതായി നിയമങ്ങൾക്കു സസന്തോഷം കീഴ്പ്പെട്ടാൽ അവരുടെ നല്ല ദൃഷ്ടാന്തം നിയമാനുഷ്ഠാനത്തെ വളരെ സുഗമമാക്കിത്തീർക്കും. എന്നാൽ അവർതന്നെ നിയമത്തിൽനിന്നു ഒഴിഞ്ഞുമാറുവാൻ പുറപ്പെടുന്നതു എത്ര ഉപദ്രവകരമായിരിക്കും. ഇങ്ങനെ നിയമങ്ങളെ അവഗണിക്കുവാനുള്ള ചിലരുടെ സ്വാർത്ഥപരിശ്രമങ്ങളാണു ചില സ്ഥലങ്ങളിൽ വൈദികവിദ്വേഷത്തിനുതന്നെയും വഴിതുറന്നിട്ടുള്ളത്. നിയമത്തോടുള്ള ആദരവും സ്നേഹവും ഇല്ലാത്തതുകൊണ്ടാണ് നിയമം നടപ്പിലാക്കുന്നവരെ വെറുക്കുവാൻ ഇടവരുന്നത്. ആകയാൽ സഭയുടെ വൈദികാധികാരത്തോടുള്ള സ്നേഹബന്ധത്തിൽ നിലനിൽക്കുവാൻ സഭയുടെ നിയമങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുവിൻ.

വൈദികർ സർവ്വകലാശാലാ ബിരുദം സമ്പാദിച്ചിട്ടില്ലാത്തവരാണെന്ന കാരണത്താൽ അവരോടു അവജ്ഞ ഭാവിക്കുന്നവരുമുണ്ടെന്നു കാണുന്നത് വാസ്തവത്തിൽ വിസ്മയകരമാണ്. ഒരു വൈദികൻ നിർവ്വഹിക്കുവാനുള്ള ജോലിയുടെ പ്രാധാന്യം നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്ന തിരുസ്സഭ അദ്ദേഹത്തെ അതിനു സർവ്വഥാ യോഗ്യനാക്കിത്തീർക്കുവാൻ എത്ര ദീർഘവും കാര്യക്ഷമവും കാലോചിതവുമായ ഒരു അദ്ധ്യയനപദ്ധതിയാണു ഏർപ്പെടുത്തിയിരിക്കുന്നതെന്നു ഇക്കൂട്ടർ ആലോചിക്കാറില്ല. തൻമൂലം ലൗകികവിജ്ഞാനത്തിൽ തങ്ങളെക്കാൾ എത്ര ഉയർന്ന നിലയിലിരിക്കുന്നവരേയും ആദ്ധ്യാത്മികമായി പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും വൈദികർ പ്രാപ്തന്മാരായിത്തീരുന്നു. ലൗകികവിജ്ഞാനത്തിന്റെ ഓരോ ശാഖകളിൽ പ്രത്യേകപഠനം സിദ്ധിച്ചിരിക്കുന്നവരെ അതിൽ വിദഗ്ദ്ധന്മാരായി കണക്കാക്കുമ്പോൾ, ദൈവീകശാസ്ത്രങ്ങളിൽ സുദീർഘപരിശീലനം ലഭിച്ചിട്ടുള്ള വൈദികരെ അതിൽ വിദഗ്ദ്ധന്മാരായി പരിഗണിച്ചു ബഹുമാനിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതു അത്ഭുതകരംതന്നെ. വിശ്വാസികളെ പഠിപ്പിക്കുവാൻ യോഗ്യരാണെന്നു ബോദ്ധ്യം വന്നശേഷം സഭയാൽ അധികാരസ്ഥാനത്തേക്കു ഉയർത്തപ്പെടുന്ന വൈദികരുടെ ലൗകികവിജ്ഞാനത്തിന്റെ നില എന്തായാലും അവരെ തങ്ങളുടെ ആദ്ധ്യാത്മികഗുരുക്കന്മാരായി വിശ്വാസികൾ സ്വീകരിച്ചു ബഹുമാനിക്കതന്നെ വേണം.

നമ്മുടെ വൈദികരുടെ സാമ്പത്തികനില വളരെ ഉയർന്നതാണെന്നും അങ്ങനെ അവർ ആഡംബരപ്രിയരും സുഖലോലുപന്മാരും ആയിത്തീരുന്നുവെന്നുമുള്ളതാണ് വൈദികരുടെ നേരെ അവജ്ഞ ജനിപ്പിക്കുവാൻ പറഞ്ഞുകേൾക്കുന്ന വേറൊരാക്ഷേപം. ക്രിസ്തുവിന്റെ ദാരിദ്ര്യം സ്വജീവിതത്തിൽ അനുകരിച്ചു ജീവിക്കേണ്ട വൈദികർ ധനമോഹികളും ആഡംബരജീവിതം ഇഷ്ടപ്പെടുന്നവരുമാണെന്നു വരുത്തിയാൽ വിശ്വാസികൾക്കു അവരുടെനേരെ ഉണ്ടാകാവുന്ന വെ

(ശേഷം 11-ാം പേജിൽ)

# *സമാധാനമാർഗ്ഗം

മലങ്കര യാക്കോബായ സഭാംഗങ്ങളുടെ

സത്വരശ്രദ്ധയ്ക്കും അവഗാഢവിചിന്തനത്തിനുമായി സമർപ്പിക്കുന്ന

## ചില യാഥാർത്ഥ്യങ്ങൾ

### ഏകത്വം

വിശ്വാസവിഷയങ്ങളിലോ ഭരണത്തിലോ ഏകത്വം എന്ന ലക്ഷണം യാക്കോബായ സഭയിൽ ഞങ്ങൾ കാണുന്നില്ല. മുമ്പു ഞങ്ങൾ പ്രസ്താവിച്ചതുപോലെ വി. പത്രോസിനു തിരുസഭയിൽ പരമാധികാരം ലഭിച്ചിട്ടില്ലെന്നു് ഓർത്തഡോക്സ്കക്ഷിക്കാരും, പാത്രിയർക്കീസ് മുടക്കിയാൽ പട്ടം മാഞ്ഞുപോകുമെന്നു പാത്രിയർക്കീസ് കക്ഷിക്കാരും ഇപ്പോൾ വാദിച്ചുവരുന്നതുകൊണ്ടു വിശ്വാസവിഷയങ്ങളിൽ ഇതുവരെ ഉണ്ടായിരുന്ന ഐക്യവും ഏകത്വവും യാക്കോബായസഭയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ സാഹചര്യങ്ങൾ വ്യത്യാസപ്പെട്ടാൽ ഇതുപോലുള്ള നവീനോപദേശങ്ങൾ യാക്കോബായസഭയിൽ ഇനിയും ഉണ്ടാകയില്ലെന്നു് ആരറിഞ്ഞു? ഇങ്ങനെ പ്രതികൂലസാഹചര്യങ്ങൾ വരുമ്പോൾ തദനുസരണമായി ഏതു ഉപദേശവും സ്വീകരിക്കുന്നതിനു സദാ സന്നദ്ധമായ ഒരു സഭയ്ക്കു വിശ്വാസവിഷയങ്ങളിൽ ഉറച്ചനിലയും ഏകത്വവും പരിപാലിക്കുന്നതിനു് ഒരിക്കലും സാധിക്കുന്നതല്ലല്ലോ.

ഭരണവിഷയത്തിലായാലും യാക്കോബായസഭയ്ക്കു ഏകത്വം നഷ്ടീഭവിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെയും മലങ്കര ഓർത്തഡോക്സ് സഭയുടെ തലവനായ കാതോലിക്കാബാവായുടെയും ഭരണാധികാരങ്ങളെയും സ്ഥാനസാധുത്വത്തെയും സംബന്ധിച്ചു യാക്കോബായസഭയിലെ ഇരുകക്ഷികളുടെയും ഇടയിൽ പരസ്പരവിരുദ്ധമായ അഭിപ്രായങ്ങളാണുള്ളതു്. അന്ത്യോക്യായിലെ യാക്കോബായസിംഹാസനത്തിൽ അബ്ദുൽമിശിഹായും ഏതാനും വർഷങ്ങൾകഴിഞ്ഞു് അദ്ദേഹത്തിന്റെ കാലത്തുതന്നെ അബ്ദുള്ളായും പാത്രിയർക്കീസുമാരായി വാഴിക്കപ്പെട്ടു. തന്നിമിത്തം ഇവരിൽ ആരാണു ശരിയായ പാത്രിയർക്കീസ് എന്നുള്ളതിനെ സംബന്ധിച്ചു് ഓർത്തഡോക്സ്കക്ഷിയും പാത്രിയർക്കീസ്കക്ഷിയും തമ്മിൽ അനേകകൊല്ലങ്ങളായി വാദപ്രതിവാദങ്ങൾ നടത്തിവരുന്നു. 1909-ൽ കേരളത്തിൽ വന്ന അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശ്ശേരി മാർ ദീവന്നാസ്യോസ് തിരുമേനിയെ മുടക്കിയതിനെ തുടർന്നു 1912-ൽ ഓർത്തഡോക്സ്കക്ഷിക്കാർ സ്ഥാനഭ്രഷ്ടനായ അബ്ദുൽമിശിഹായെ കേരളത്തിൽ വരുത്തി കാതോലിക്കായെ വാഴിക്കയുണ്ടായി. തുർക്കിസുൽത്താന്റെ ഫെർമാൻ (അംഗീകാരപത്രം) ഉണ്ടെങ്കിലേ യാക്കോബായ പാത്രിയർക്കീസിനു് അന്ത്യോക്യായിൽ ഭരണംനടത്താൻ സാധിക്കയുള്ളൂ. അബ്ദുള്ളാപാത്രിയർക്കീസ് തുർക്കിസുൽത്താനെ പ്രേരിപ്പിച്ചു് അഞ്ഞൂറോളം പവൻ അദ്ദേഹത്തിനു കൈക്കൂലികൊടുത്താണു് അബ്ദുൽമിശിഹായെ സ്ഥാനഭ്രഷ്ടനാക്കി പാത്രിയർക്കാസ്ഥാനത്തു പ്രവേശിച്ചതെന്നു് ഓർത്തഡോക്സ്കാർ വാദിക്കുന്നു. തന്മൂലം അബ്ദുൽമിശിഹാതന്നെയാണു് അന്ത്യോക്യായിലെ ശരിയായ പാത്രിയർക്കീസെന്നും, അദ്ദേഹം മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കാസ്ഥാനം സാധുവാണെന്നും, നേരേമറിച്ചു അബ്ദുള്ളാപാത്രിയർക്കീസ് കൈക്കൂലിനല്കി നിയമവിരുദ്ധമായി പാത്രിയർക്കാസ്ഥാനം കരസ്ഥമാക്കിയതുകൊണ്ടു് അദ്ദേഹത്തോടും അദ്ദേഹത്തിന്റെ പിൻഗാമികളായ പാത്രിയർക്കീസുമാരോടും യോജിച്ചുനില്ക്കുന്ന പാത്രിയർക്കീസ്കക്ഷിക്കാരുടെ നില ശരിയല്ലെന്നും ഓർത്തഡോക്സ്കക്ഷിക്കാർ അഭിപ്രായപ്പെടുന്നു. എന്നാൽ പാത്രിയർക്കീസ്കക്ഷിക്കാരാവട്ടെ അബ്ദുൽമിശിഹാ ഭ്രാന്തു്, പാഷണ്ഡോപദേശം, മദ്യപാനം, ദുർമ്മാർഗ്ഗജീവിതം എന്നിവനിമിത്തം യാക്കോബായസഭയുടെ കാനോനാകൾ (നിയമങ്ങൾ) അനുസരിച്ചു് ഔദ്യോഗികമായും അധികൃതമായും സ്ഥാനഭ്രംശം ചെയ്യപ്പെട്ടവനാണെന്നും, അദ്ദേഹത്തിന്റെ സ്ഥാനത്തു വാഴിക്കപ്പെട്ട അബ്ദുള്ളാ ശരിയായ പാത്രിയർക്കീസാണെന്നും, നേരേമറിച്ചു നിയമാനുസരണം മുടക്കപ്പെട്ട അബ്ദുൽമിശിഹാ മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കാസ്ഥാനം അസാധുവാണെന്നും, തന്മൂലം ഓർത്തഡോക്സ്കക്ഷിക്കാരുടെ തലവനായ കാതോലിക്കാബാവായും മററു മേല്പട്ടക്കാരും വെറും ചുവപ്പുവേഷധാരികളും പട്ടമില്ലാത്ത വെറും അൽമായക്കാരുമാണെന്നും വാശിയോടെ വാദിക്കുന്നു. അനേകം കൈയെഴുത്തു പ്രതികളിലായി പുരാതനകാലത്തു വിദേശങ്ങളിൽ പ്രചരിച്ചിരുന്നതും, ഒടുവിൽ ബെദ്ജാൻ എന്ന പണ്ഡിതൻ പാരീസിൽ അച്ചടിപ്പിച്ചതും, മലങ്കരയിൽ "എ" അക്കം എന്ന പേരിൽ അറിയപ്പെടുന്നതുമായ ബർ എബ്രായയുടെ ഹൂദായാ കാനോനാണു യാക്കോബായസഭയുടെ സാക്ഷാൽ കാനോനെന്നു് ഓർത്തഡോക്സ്കക്ഷിക്കാർ വാദിക്കുമ്പോൾ പണ്ടു മാർത്തോമ്മാക്കാരുമായി ഉണ്ടായ കേസ്സിൽ ജയം കിട്ടുന്നതിനുവേണ്ടി "എ" അക്കം കാനോനിൽ പല ഭേദഗതികൾ ചെയ്തു കേരളത്തിൽ പരുമല സെമ്മിനാരിയിൽവച്ചു കൃത്രിമമായി ഉണ്ടാക്കി കോടതിയിൽ ഹാജരാക്കിയ "18" അക്കം കാനോനാണു് യാക്കോബായക്കാരുടെ സാക്ഷാൽ കാനോനെന്നു പാത്രിയർക്കീസുകക്ഷിക്കാർ വാദിച്ചുവരുന്നു. യാക്കോബായ പാത്രിയർക്കീസിനു് മലങ്കരയാക്കോബായ സഭയുടെ ആദ്ധ്യാത്മികകാര്യങ്ങളിലേ അധികാരമുള്ളൂ എന്നു ഓർത്തഡോക്സ്കക്ഷിക്കാർ അഭിപ്രായപ്പെടുമ്പോൾ പാത്രിയർക്കീസിനു് ആദ്ധ്യാത്മികവും ലൗകികവുമായ കാര്യങ്ങളിൽ പൂർണ്ണമായ അധികാരമുണ്ടെന്നു് പാത്രിയർക്കീസുകക്ഷിക്കാർ വാദിക്കുന്നു. ഇങ്ങനെ വി. പത്രോസിന്റെ പരമാധികാരം, പാത്രിയർക്കീസിന്റെ അധികാരാവകാശങ്ങൾ, കാതോലിക്കായുടെ പട്ടം, മലങ്കര യാക്കോബായ സഭയുടെ ശരിയായ കാനോൻ എന്നീ പ്രധാനപ്പെട്ട വിഷയങ്ങളെപ്പററി യാക്കോബായസഭയിലെ ഇരുകക്ഷികളിലുള്ള അഭിപ്രായഭിന്നതകൾ പലപ്രാവശ്യം കോടതികളിൽ കേസ്സുകൾ നടത്തിയിട്ടും, നിഷ്പക്ഷബുദ്ധികളായ മദ്ധ്യസ്ഥന്മാരുടെ തീരുമാനങ്ങൾക്കു് വിട്ടുകൊടുത്തിട്ടും, അനേകം പ്രാവശ്യം ഇരുകക്ഷികളിലെയും മേൽപ്പട്ടക്കാരും നേതാക്കന്മാരും തമ്മിൽ വട്ടമേശസമ്മേളനങ്ങൾ നടത്തിയിട്ടും, ഈയിടെ യുവജനങ്ങൾ ഉററുശ്രമിച്ചിട്ടും അവസാനിച്ചു യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുന്ന ലക്ഷണമൊന്നും കാണുന്നുമില്ല. ആകയാൽ യാക്കോബായസഭയ്ക്കു് വിശ്വാസവിഷയങ്ങളിലായാലും ഭരണത്തിലായാലും ഏകത്വം എന്ന ലക്ഷണം ഒട്ടും യോജിക്കുന്നില്ല.

ഏകത്വം എന്ന ലക്ഷണം കത്തോലിക്കാസഭയിൽ പൂർണ്ണമായി നാം കാണുന്നു. വിശ്വാസവിഷയങ്ങളിലും ഭരണത്തിലും കത്തോലിക്കാസഭയിലുള്ളതുപോലെ ഐക്യം മററു യാതൊരു സഭയിലും ഇല്ലെന്നു് കത്തോലിക്കാസഭയെ ദ്വേഷിക്കയും അവഹേളിക്കയും ചെയ്യുന്നവർപോലും സമ്മതിക്കുന്നു. ലോകത്തിൽ എവിടെ ചെന്നാലും വിശ്വാസസത്യങ്ങളിൽ കത്തോലിക്കരുടെ അഭിപ്രായങ്ങൾ ഒന്നുതന്നെയാണു്. ആട്ടിൻകൂട്ടത്തിലെ ആടുകൾക്കു് ഇടയനോടുള്ള ഐക്യംപോലെ പരിപൂർണ്ണമായ ഐക്യമാണു് മാർപ്പാപ്പായുടെ ഭരണത്തിലിരിക്കുന്ന എല്ലാവർക്കും മാർപ്പാപ്പായോടുള്ളതു്. കത്തോലിക്കരെ സംബന്ധിച്ചു് മററുള്ളവർ എന്തെല്ലാം ദൂഷ്യങ്ങൾ പറഞ്ഞാലും അവർക്കു് അനുസരണമുണ്ടെന്നു് എല്ലാവരും സമ്മതിക്കുന്നു. ദൈവസ്ഥാപിതമായ ഒരു സംഘടനയ്ക്കുമാത്രമേ ലോകമാസകലമുള്ള വിവിധ വർഗ്ഗക്കാരും ഭാഷക്കാരും വേഷക്കാരുമായ വമ്പിച്ച ജനസമൂഹത്തെ ഇങ്ങനെ പരിപൂർണ്ണമായ ഐക്യത്തിലും അനുസരണത്തിലും ഏകശൃംഖലയിൽ മുത്തുമണികൾ എന്നപോലെ കൂട്ടിച്ചേർക്കുവാൻ സാധിക്കയുള്ളൂ. കത്തോലിക്കാസഭയിൽമാത്രം അത്ഭുതാവഹമായ ഈ ഐക്യം കാണുന്നതുകൊണ്ടു് അതു ക്രിസ്തുവിന്റെ സാക്ഷാൽ സഭയാകാതിരിപ്പാൻ നിവൃത്തിയില്ല.

### വിശുദ്ധി

സത്യസഭയുടെ നാലാമത്തേ ലക്ഷണമായ വിശുദ്ധിയും യാക്കോബായസഭയിൽ നിറവേറിയിട്ടില്ല. യാക്കോബായ സഭയിലുള്ളവരെല്ലാം പാപികളാണെന്നു് ഇതിൽനിന്നും അർത്ഥമാക്കേണ്ടതില്ല. പുറജാതിമതത്തിൽപ്പോലും വളരെ നല്ല ആളുകൾ ഉള്ളസ്ഥിതിക്കു് യാക്കോബായസഭയിലും മററു അകത്തോലിക്കാസഭാവിഭാഗങ്ങളിലും വലിയ ഭക്തന്മാരും ത്യാഗികളുമായ പലരേയും കാണുവാൻ സാധിക്കുന്നതിൽ വിസ്മയത്തിനു് അവകാശമില്ല. എന്നാൽ ഒരാൾ ഭക്തനായതുകൊണ്ടു് വിശുദ്ധൻ എന്ന നാമത്തിനു് അർഹനല്ല. വീരോചിതപുണ്യങ്ങൾ അഭ്യസിച്ചു എവർക്കും അനുകരണയോഗ്യരായി പരിലസിക്കുന്നവരാണു വിശുദ്ധന്മാർ. ഭക്തനെന്നു വിളിക്കപ്പെടുന്നതിനു വീരോചിതപുണ്യങ്ങൾ ചെയ്യണമെന്നില്ല. പാപജീവിതത്തിൽനിന്നു അകന്നുജീവിക്കുന്ന ഒരാളെ ഭക്തനെന്നു വിളിക്കാവുന്നതാണു്. നമ്മുടെ പരുമല തിരുമേനിയെപ്പോലെ വളരെ ഭക്തന്മാരായ ചില മേല്പട്ടക്കാർ യാക്കോബായസഭയിൽ ഉണ്ടായിട്ടുണ്ടെങ്കിലും പുരാതനകാലത്തു് സഭയിൽ ഉണ്ടായിരുന്നവരെപ്പോലെ മഹാപരിശുദ്ധന്മാരും അഖിലലോകപ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവരുമല്ല അവർ. യാക്കോബായക്കാർ വി. കർബാനയിലെ 5-ാം "തുബ്ദേനിൽ" (മദ്ധ്യസ്ഥപ്രാർത്ഥനയിൽ) അനുസ്മരിച്ചു് മാദ്ധ്യസ്ഥം യാചിക്കുന്ന ഈഗ്നാത്തിയോസ്, ക്ലീമ്മീസ്, അത്താനാസ്യോസ്, ബസേലിയോസ്, ഈവാനിയോസ്, കൂറില്ലോസ് ആദിയായ വിശുദ്ധന്മാർ യാക്കോബായ സഭയിലേ വിശുദ്ധന്മാരല്ല, പ്രത്യുത യാക്കോബായ സഭ ഉത്ഭവിക്കുന്നതിനുമുമ്പ് കത്തോലിക്കാസഭയിലുണ്ടായിരുന്ന വിശുദ്ധന്മാരാണു് ഇവർ. ഇവരിൽ ക്ലീമ്മീസ് റോമ്മാ സിംഹാസനത്തിൽ വി. പത്രോസിന്റെ മൂന്നാമത്തേ പിൻഗാമിയായി വാണ മാർപ്പാപ്പായാണു്. വി. കൂറില്ലോസ് ആവട്ടെ സെലസ്റ്റീനോസ് മാർപ്പാപ്പായുടെ പ്രതിനിധിയായി 431-ൽ എഫേസൂസിൽ കൂടിയ പൊതുസൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ച ആളാണു്. ആറാം നൂററാണ്ടിൽ ഉത്ഭവിച്ച യാക്കോബായസഭ പുരാതനകാലത്തു കത്തോലിക്കാസഭയിലുണ്ടായിരുന്ന ഈ വിശുദ്ധന്മാരെ തള്ളിക്കളയാതെ തങ്ങളുടെ സഭയിൽ ഉള്ളവരായി പരിഗണിച്ചു് ഇപ്പോഴും ഇവരെ ബഹുമാനിച്ചുവരുന്നു എന്നല്ലാതെ ഈ വിശുദ്ധന്മാരാരും യാക്കോബായസഭയിൽ ഉണ്ടായിട്ടുള്ളവരല്ല. കത്തോലിക്കാസഭയോടു യോജിച്ചു നിന്നപ്പോൾ ഉണ്ടായിട്ടുള്ളവരെപ്പോലെയുള്ള മഹാവിശുദ്ധന്മാർ കത്തോലിക്കാസഭയിൽനിന്നു വേർപെട്ടശേഷം യാതൊരു അകത്തോലിക്കാസഭയിലും ഉണ്ടായിട്ടില്ല. മുന്തിരിത്തണ്ടിൽനിന്നു വേർപെട്ട ശിഖരങ്ങൾക്കു ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കയില്ലല്ലോ. ഇതുപോലെ കത്തോലിക്കാസഭയാകുന്ന സാക്ഷാൽ മുന്തിരിവള്ളിയിൽനിന്നു വേർപെട്ട സഭകൾക്കൊന്നും പുണ്യഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിച്ചിട്ടില്ല. അത്താനാസ്യോസ്, ബസ്സേലിയോസ്, ഈവാനിയോസ് ആദിയായ മഹാവിശുദ്ധന്മാർ ഗ്രീക്കുസഭ കത്തോലിക്കാസഭയോടുയോജിച്ചു നിന്നപ്പോൾ ആ സഭയിൽ ഉണ്ടായിട്ടുള്ള വിശുദ്ധന്മാരാണു്. എന്നാൽ കത്തോലിക്കാസഭയിൽനിന്നു് ഗ്രീക്കുസഭ വേർപെട്ടശേഷം ആ സഭയിൽ ഇങ്ങനെയുള്ള ഒററ ഒരു വിശുദ്ധൻപോലും ഉണ്ടായിട്ടില്ല. ഇതുപോലെ കത്തോലിക്കാസഭയിൽനിന്നു വേർപെട്ടശേഷം യാക്കോബായസഭയിലും വളരെ ഭക്തന്മാരായ ചില മേല്പട്ടക്കാരും സന്യാസിമാരും മററും ഉണ്ടായിട്ടുണ്ടെന്നല്ലാതെ പുരാതനകാലത്തു് സഭയിൽ ഉണ്ടായിരുന്നതുപോലുള്ള അഖിലലോകപ്രസിദ്ധരായ മഹാവിശുദ്ധന്മാർ യാക്കോബായ സഭയിലോ മറേറതെങ്കിലും അകത്തോലിക്കാ സഭയിലോ ഉണ്ടായിട്ടില്ല. ആകയാൽ വിശുദ്ധി എന്ന ലക്ഷണം യാക്കോബായസഭയിലോ മററു അകത്തോലിക്കാസഭകളിലോ നിറവേറിയിട്ടുണ്ടെന്നു പറയാവുന്നതല്ല.

എന്നാൽ കത്തോലിക്കാസഭയിൽ മാത്രം വിശുദ്ധി എന്ന ലക്ഷണം പൂർണ്ണമായി നാം കാണുന്നു. കത്തോലിക്കരെല്ലാം വിശുദ്ധന്മാരാണെന്നു് ഇതിൽനിന്നും അർത്ഥമാക്കേണ്ടതില്ല. നമ്മുടെ കർത്താവു് ഗോതമ്പും കളകളുമുള്ള വയലിനോടും, നല്ലമീനും ചീത്തമീനും കയറിയ വലയോടും മററും സഭയെ ഉപമിക്കുന്നതുകൊണ്ടും, (മത്താ. 13,24—43; 13, 47—50) രോഗികൾക്കല്ലാതെ സുഖമുള്ളവർക്കു വൈദ്യനെ ആവശ്യമില്ലെന്നും നീതിമാന്മാരെയല്ല, പാപികളെ വിളിക്കുവാനാണു് താൻ വന്നിരിക്കുന്നതെന്നും (മത്താ. 9, 12—13) അരുളിച്ചെയ്തിരിക്കയാലും ലോകാവസാനംവരെ നല്ല ആളുകളോടുകൂടി പാപികളും സഭയിൽ ഉണ്ടായിരിക്കുമെന്നും, പാപികളെ ഒരിക്കലും തള്ളിക്കളയാതെ അവരെ നന്നാക്കി സ്വർഗ്ഗരാജ്യത്തിനു് അവകാശികളാക്കിത്തീർക്കുന്നതിനു വേണ്ടിയാണു് സഭ നിലകൊള്ളുന്നതെന്നും നാം അറിഞ്ഞിരിക്കേണ്ടതാണു്. ആകയാൽ കത്തോലിക്കാസഭയിൽധാരാളം പാപികൾ ഉണ്ടെങ്കിൽ മറെറാരു ക്രൈസ്തവസഭയിലും ഇല്ലാത്തതുപോലെ അസംഖ്യം പുണ്യവാന്മാരും പുണ്യവതികളും രക്തസാക്ഷികളും നിർമ്മലരായ സന്യാസിനീസന്യാസിമാരും ആ സഭയിൽ ഉണ്ടെന്നും നാം ഗ്രഹിക്കേണ്ടതത്രെ. തിരുസഭയുടെ ആദിമശതാബ്ദങ്ങളിൽ എന്നതുപോലെ കത്തോലിക്കാസഭ ഇപ്പോഴും തോമ്മസ് മൂർ, ജോൺ ഫിഷർ, ഫാദർ പ്രോ, മരിയ ഗൊരേത്തി ആദിയായ രക്തസാക്ഷികളെയും, ഫ്രാൻസിസ് അസ്സീസി, ജോൺ വിയാന്നി, ഡോൺ ബോസ്കോ, വിൻസെൻറ് ഡി പോൾ, കൊച്ചുത്രേസ്യാ ആദിയായ മഹാ ത്യാഗികളെയും ലോകോപകാരികളെയും ഭുവനവിശ്രുതരായ അനേകം വിശുദ്ധരെയും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. മറെറാരു ക്രൈസ്തവസഭയിലും ഇങ്ങനെയു

* പുതുപ്പള്ളി യാക്കോബായപ്പള്ളി ഇടവകാംഗങ്ങളായ ഏതാനുംപേർകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്താവനയുടെ തുടർച്ച.


# കഥാപ്രസംഗം

പുരോഗതിയുടെ കഥകൾ!



പുതുമയുടെ സന്ദേശങ്ങൾ!!

ജീവിതയാഥാർത്ഥ്യങ്ങളുടെ സമർത്ഥചിത്രീകരണത്തിലൂടെ കലയും മഹാദർശങ്ങളും കൈകോർത്തു നില്ക്കുന്ന രമണീയരംഗം!!

By

ശ്രീ വി എം. കുട്ടങ്കൽ

(സാഹിത്യവിശാരദ്)

ഭാവനാവിഭവനായ ഒരു യുവകവിയുടെ കാവ്യാമൃതവർഷത്താൽ കരൾ കുളുക്കണമെങ്കിൽ—സാമൂഹ്യനീതിയുടെ വെളിച്ചത്തിൽ ജീവിതപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന ഒരു പുരോഗമനചിന്തകന്റെ വചോവിലാസമധുരമായ സാഹിത്യസദ്യ, ഈ പുതുവർഷത്തിലും, ആസ്വദിക്കണമെങ്കിൽ-

നേരിട്ടെഴുതുക:-

കാഥികൻ V. M. കുട്ടങ്കൽ

പള്ളിപ്പുറം, തൈക്കാട്ടുശേരി A. O.

ചെറുകഥ

# ആ പെട്ടി തുറപ്പിക്കൽ!

(എസ്സ്. ബി)

ഒരു കുലീനകുടുംബത്തിലെകനിഷ്ഠസന്താനമാണു കുഞ്ഞന്നം. "താഴത്തെ വീട്ട്" എന്നാണ് അവളുടെ തറവാട് അറിയപ്പെടുന്നത്. എങ്കിലും അടുത്തകാലംവരെ പറയത്തക്ക ഒരു കാര്യത്തിലും അതു താഴത്തു പോയിട്ടില്ല. മേലേകിടയിൽനിന്നുകൊണ്ടു മേന്മയുള്ള മഹാകാര്യങ്ങളാണ് അതു പലപ്പോഴും സാധിച്ചുപോന്നിട്ടുള്ളത്. പ്രസ്തുത കുടുംബത്തിന്റെ സത്യസന്ധതയും സാധുപരിപാലനവും വാഴ്ത്താത്തവരില്ല. എങ്കിലും, "ശ്രീഭൂവിലസ്ഥിരമസംശയം" എന്ന തത്വം ലോകരോടാകമാനം വിളിച്ചറിയിക്കുവാനോ എന്നു തോന്നുമാറ് അതിന്റെ ഇന്നത്തെ സാമ്പത്തിക നില വളരെ ശോഷിച്ചുപോയിരിക്കുന്നു! കുഞ്ഞന്നത്തിന്റെ പിതാവിനു പെരുങ്ങലിൽ ചെറിയൊരു പണിയുള്ളതുകൊണ്ട് കുടുംബകാര്യം ഒരുവിധമങ്ങനെ നടന്നുപോകുന്നുവെന്നേയുള്ളു. പെരുങ്ങൽ പദ്ധതി പരുങ്ങലിലായിരിക്കുന്നു എന്ന വാർത്ത പ്രസ്തുതകുടുംബത്തെയും പരുങ്ങലിലാക്കാതിരിക്കുന്നില്ല.

സുന്ദരിയും സർവ്വോപരി സുശീലയുമായ കുഞ്ഞന്നത്തിനു പലേടത്തുനിന്നും വിവാഹകാര്യാലോചനകൾ വരുന്നുണ്ട്. പക്ഷെ നാട്ടുനടപ്പുള്ള സ്ത്രീധനസംഖ്യയും മറ്റും ഒക്കായ്കയാൽ വിവാഹകാര്യം വിചാരിച്ചതിലധികം നീണ്ടുപോകയാണ്. "മേച്ചരിക്കും കീച്ചേരിക്കും കഴിഞ്ഞുകൂടാം; എടശ്ശേരിലാണ് ഇടയിൽ കിടന്നു തിങ്ങുക." താഴത്തെ വീടിനെ സംബന്ധിച്ചും ഇതു് അക്ഷരംപ്രതി പരമാർത്ഥമായിത്തീർന്നിരിക്കുന്നു!

തൊട്ടടുത്ത ഡിസംബർമാസം 23-ാംനു കുഞ്ഞന്നത്തിനു 23 വയസ്സു പൂർത്തിയാകയാണ്. അവളെപ്പോലെ അവിവാഹിതരായ സമവയസ്കകൾ അടുത്ത അയൽപക്കങ്ങളിലെങ്ങുമില്ല എന്ന പരമാർത്ഥം അവളുടെ വത്സലമാതാപിതാക്കളിൽ ശോകത്തിന്റെ ഒരു വേലിയേറ്റംതന്നെ ഉളവാക്കി.

കുടുംബനായികയായ കുഞ്ഞാളച്ചിയുടെ സ്വന്തക്കാർ ഇപ്പോഴും നല്ലനിലയിൽ കഴിഞ്ഞുകൂടുന്നവരാണ്. എന്നാൽ തന്റെ അധഃപതിതാവസ്ഥ അവരെ പറഞ്ഞു മനസ്സിലാക്കി എന്തെങ്കിലും സംഭാവന സ്വീകരിക്കുന്നതിന് അവളുടെ അഭിമാനം അനുവദിക്കുന്നില്ല. "അരത്തുട്ടിൽ കല്യാണം, അതിലല്പം വെടിക്കെട്ട്" എന്നതരത്തിൽ ആഡംബരഭ്രമിയല്ലവൾ. ഉള്ളതുകൊണ്ടോണംപോലെ എന്ന മട്ടിലാണവളുടെ ജീവിതം. ഭർത്താവു കുടുംബച്ചെലവിനായി കൊണ്ടുവന്നേല്പിക്കുന്ന പണത്തിൽനിന്നും പലപ്പോഴായി അല്പാല്പം മിച്ചിച്ചതു് അവൾ കാര്യമായി സൂക്ഷിച്ചിട്ടുണ്ട്. മാത്തച്ചന്റെ സ്വന്തം നിക്ഷേപവുംകൂടി ആയപ്പോൾ അതു് ഏതാണ്ട് ഒരു സ്ത്രീധനസംഖ്യയായി.

അതുവരെ താഴത്തെവീട്ടിൽനിന്നുംകെട്ടിച്ചയച്ചിട്ടുള്ളവക്കൊക്കെ ഒട്ടുവളരെ മെയ്യാഭരണങ്ങളും വലിയൊരു സംഖ്യ സ്ത്രീധനവുമാണു കൊടുത്തിട്ടുള്ളത്. ആ നിലയ്ക്ക് ഇനി മെയ്യാഭരണമാണു ഒക്കേണ്ടതു്. കുഞ്ഞന്നത്തിന് ഈ "കൂലിയില്ലാച്ചുമട്" വേണ്ടാ എന്നു പരമാർത്ഥനിലയ്ക്ക് അവൾ അപ്പച്ചനോടു ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും ചെക്കനും ചെക്കൻ വശക്കാരും സമ്മതിക്കുമോ? മെയ്യാഭരണം കൊടുക്കാനുള്ള ഭാരം നിമിത്തം, വയ്യാ, ഭരണം എന്നായി മാത്തച്ചന്റെ നില. കൊടുക്കുന്നതുകൊണ്ടല്ല, കൊടുക്കാനുള്ള സാധ്യതയില്ലാത്തതുകൊണ്ടത്രെ മാത്തച്ചൻ വിഷമിക്കുന്നതു്.

ഒടുവിൽ, "ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാറില്ല" എന്ന ആഭിജാത്യവചനമനുസരിച്ചു മാത്തച്ചൻ പലരോടു വായ്പ വാങ്ങിയെങ്കിലും കാര്യങ്ങൾ ഒരു വിധം ഭംഗിയായിത്തന്നെ നടത്തണം എന്നു തീരുമാനിച്ചു. അതിന്റെ അനന്തരഫലം എന്തുമായിക്കൊള്ളട്ടെ; അതിൽ ഒരു വലിയ പങ്കു താനും വഹിക്കുന്നുണ്ട് എന്നു അഭിമാനകാര്യത്തിൽ ഒട്ടും പിന്നോക്കമല്ലാത്ത കുഞ്ഞാളച്ചിയും വാഗ്ദാനം ചെയ്തു.

അങ്ങനെ കുഞ്ഞന്നത്തിന്റെ കല്യാണം കന്നിമാസത്തിൽ സമംഗളം, സാഘോഷം നടത്തപ്പെട്ടു. കടംകൊണ്ട സംഖ്യ വീട്ടുന്നതിന് മാത്തച്ചനും കുഞ്ഞാളച്ചിയും വൻത്യാഗങ്ങൾ അനുഷ്ഠിക്കുവാനും തുടങ്ങി.

കല്യാണത്തിനുശേഷം, അങ്ങും ഇങ്ങും ഉള്ള പോക്കും വരവും, അതും വളർ ഭംഗിയായി അവസാനിച്ചു.

പെണ്ണിനു കൊടുത്തയക്കാനുള്ള പെട്ടിയും ഉള്ളടക്കങ്ങളും ആരു കണ്ടാലും പോരായ്ക പറയാതിരിക്കത്തക്കവണ്ണം മാത്തച്ചൻ വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്.

പെട്ടിയുമായുള്ള വരവിനെ പ്രതീക്ഷിച്ച് വരന്റെ ചാർച്ചക്കാർ എന്നു ഭാവിക്കുന്ന ചിലനാല്പതാംകരീന്തലബന്ധികളാം അയൽവാസികളും വരഗൃഹത്തിലെത്തുന്നതു പലേടത്തും പതിവാണല്ലോ. അവരിൽ ചിലർ, പ്രത്യേകിച്ചു സ്ത്രീകൾ, പെണ്ണിന്റെ പെട്ടിയിൽ എന്തൊക്കെയുണ്ടെന്നു തുറപ്പിച്ചു കാണുവാൻ കൗതുകമുള്ളവരാണ്. അതിനുപൂർണ്ണാധികാരവും അവകാശവുമുള്ളവരെപ്പോലെയാണ് അവരുടെ വരവ്. ഇക്കാര്യത്തിൽ അവരോരോരുത്തിക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അധികാരമല്ലേ ഉള്ളതു് എന്നു ആക്കം തോന്നിപ്പോകും അവർ പെട്ടിതുറപ്പിക്കുന്നതും ഓരോ സാധനങ്ങൾ പരിശോധിച്ചു വിധിപറയുന്നതും മറ്റും കണ്ടാൽ. പല കാര്യത്തിലും വരഗൃഹക്കാരാണ് വധൂഗൃഹക്കാരെക്കാൾ മെച്ചക്കാർ എന്നു ഈ പരിശോധനയും അനന്തരസംഭാഷണവും കൊണ്ട് അവർ വരുത്തും. "പണിയുന്നു ജനം തദീയപാദം."

ഏതാണ്ടിങ്ങനെ പോകും അവരുടെ സംഭാഷണം: "ചാക്കോച്ചനും മറ്റുമല്ലേ കല്യാണം ഉറപ്പിക്കാൻ പോയിരുന്നതു്. പെണ്ണിന്റെ വീട്ടുകാർക്കു ആനയുണ്ട് പൂനയുണ്ട്, പടിപ്പുരയുണ്ട്, കോപ്പുണ്ട് താപ്പുണ്ട്, അതുണ്ട് ഇതുണ്ട് എന്നൊക്കെയാണെന്നു പറഞ്ഞുകേട്ടിരുന്നതു്. അങ്ങനെ കഴിവുള്ള വല്ലവരുമാണെങ്കിൽ ഇത്ര പഞ്ഞംപിടിച്ച ഒരു പെട്ടി കൊടുത്തയക്കുമെന്നുണ്ടോ തോന്നുന്നു? ഉണ്ണിയെ കാണുമ്പോ അറിഞ്ഞൂടേ ഊരിലെ പഞ്ഞം? പെട്ടിയുടെ പുറംകോലം ഇതാണെങ്കിൽ അകംകോളിന്റെ മേന്മ പറയാനുണ്ടോ? ഞാൻ കണ്ടു കനംപിടിച്ചവരുടെ കോളുകളൊക്കെ. രണ്ടു മുറിത്തുണി; മൂന്നു ഒററമുണ്ട്; മൂന്നോ നാലോ ചട്ട. മുറിത്തുണിയിൽ ഒന്നേ മന്മലിന്റേതുള്ളു. മന്മൽ എന്നു പേരു പറയാമെന്നു മാത്രം. നാക്കത്തിട്ടാൽ നനുനനുക്കുന്നതു്! ബാക്കിയുള്ളതൊക്കെ താഴ്ന്നതരം ജഗന്നാഥൻ. പിന്നെ മോന്തയ്ക്കു പൂരട്ടുന്ന പൊടിയോ എന്തോ അതുമുണ്ട് ഒരു പാട്ടയിൽ കുറച്ച്. അതെന്താ കാര്യത്തിനാ. ഞങ്ങളുടെ ഇട്ടിച്ചൻ ഒന്നു രണ്ടു കാര്യം ഈ "മൈഹണ"ന്റെ അപ്പനോടു പറഞ്ഞേതാ. ചെറിയവൻ പറഞ്ഞാൽ ചെവിയിൽ പോകോ? ഇതിലും നൂറേ ഭേദമായിരുന്നു അതിലേതെങ്കിലും ഒന്നൊട്ടത്തിരുന്നെങ്കിൽ. അപ്പോൾ അയാൾക്ക് അതിലൊട്ടും തൃപ്തിതോന്നിയില്ല. ഇപ്പോഴത്തെ തിരഞ്ഞെടുപ്പു ഭേഷായിരിക്കുന്നു; ബലേ ഭേഷ്!... ...പെണ്ണുമിടുക്കത്തിയാ, അതാ, ഇതാ എന്നൊക്കെ അതും കേട്ടിരുന്നു. ഈ നിക്കോച്ചിപ്പെണ്ണിന്റെ മിടുക്കുകാണാൻ അവരുടെ കണ്ണുകൾക്കുതന്നേ സാധിക്കു. ഒരു കോങ്കണ്ണിപ്പെണ്ണിനെ ഈ കുടുംബത്തിലേക്കു തിരിഞ്ഞെടുത്തതിലും മിടുക്കു വളരെ കാണണം! ഇനിയത്തെ ഗൊണവദ്ധ്യാരങ്ങളൊക്കെ വഴിയെ അറിഞ്ഞോളും. കാക്ക കണ്ടറിയും, കൊക്കു കൊണ്ടറിയും."

ഊഹാപോഹങ്ങളിൽ കെട്ടിപ്പടുത്ത ഈദൃശദോഷാരോപണങ്ങൾ പുലമ്പുക എന്നതും ഇക്കൂട്ടരുടെ ഒരു പതിവാണ്. അങ്ങനെ വല്ലതും പറയാഞ്ഞാൽ അവർ അന്നുതിന്ന ചോറു ദഹിക്കില്ല്യ ആവോ! വരഗൃഹക്കാരുടെ വലുമ വിവരിക്കലാണിതെല്ലാം. തുലാസിന്റെ ഒരു തട്ടു താഴാതെ മറേതു പൊങ്ങുമോ?

കുഞ്ഞന്നത്തിന്റെ പെട്ടിതുറപ്പിക്കലിനു ശേഷവും ഏതാണ്ടിത്തരത്തിലുള്ള "പരസ്പരസ്നേഹം കൊല്ലി" പ്രസംഗങ്ങൾ നടത്തുവാനുള്ള ഒരുക്കത്തോടെയാണ് അന്നും നാലുപാടുനിന്നും സ്ത്രീകൾ അടുത്തുകൂടിയതു്. എന്നാൽ ആ അരി അവിടെ വേവാൻ പോകുന്നില്ല എന്നു അവർ ആലോചിച്ചതേ ഇല്ല.

കുഞ്ഞന്നം തീരെ ഇളംപ്രായക്കാരിയല്ല. വയസ്സു ഇരുപത്തിമൂന്നു കഴിഞ്ഞിരുന്നവൾക്ക്. കുടുംബത്തിന്റെ ധനസ്ഥിതി ആനതേഞ്ഞു കട്ടുറുമ്പെന്നപോലെ ആയിരുന്നെങ്കിലും 16-ാമത്തെ വയസ്സിൽ 10-ാം ക്ലാസ്സു പാസ്സാകുവാൻ അവൾക്കു ഭാഗ്യമുണ്ടായി. അതിനുമുമ്പും അനന്തരവും മരിയാസഖ്യത്തിലും, കത്തോലിക്കാപ്രവർത്തനസമിതിയിലുമെല്ലാം അംഗമായിരുന്നു് പ്രശംസനീയമായ സേവനം അവൾ അനുഷ്ഠിച്ചിട്ടുണ്ട്. മാനവസമുദായത്തിന്റെ ഉള്ളിൽ പ്രവേശിച്ച് അതിന്റെ മജ്ജ കരണ്ടു അതിനെ അധഃപതിപ്പിക്കുന്ന അനേകതരം പ്ലേഗുകളെപ്പറ്റി അവൾ കേട്ടിട്ടുണ്ട്. അവയ്ക്കുള്ള രാജകീയപ്രതിവിധികൾ പലർക്കും ഉപദേശിച്ചുകൊടുത്തിട്ടുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ശരിയായ ക്രിസ്തീയജീവിതായോധനത്തിനു വേണ്ടുന്ന സമസ്തസാമഗ്രികളും അവളുടെ ആദ്ധ്യാത്മികാവനാഴിയിൽ സുസമൃദ്ധിയായി ശേഖരിച്ചിട്ടുണ്ട്. പ്രവർത്തനരംഗം സജ്ജമായിക്കിട്ടേണ്ട താമസമേ ഉണ്ടായിരുന്നുള്ളു.

കുഞ്ഞന്നവും കൂട്ടരും ഒരു വ്യാഴാഴ്ച പകൽ 4 മണിയോടുകൂടി വരഗൃഹത്തിലെത്തി. കാപ്പികുടിയും മറ്റും കഴിഞ്ഞതോടെ പെട്ടിതുറപ്പിക്കുവാനുള്ള ബെതൽ മജിസ്ട്രേട്ടുമാർ വട്ടംകൂടി. "പെട്ടി ഒന്നു തൊറന്നേ, കാണട്ടെ" എന്ന് ഒക്കത്തു കൊച്ചിനെയുംപിടിച്ചു ഒരു വശത്തേക്കു ചരിഞ്ഞുനിന്നിരുന്ന മാത്തിരിപ്പെണ്ണു പറഞ്ഞു. ഈ ദുഷിച്ച സമ്പ്രദായവും തൽഫലമായ ദുരന്തങ്ങളും ഓർത്തിട്ടു കുഞ്ഞന്നത്തിനു വളരെ മനോവേദന തോന്നി. ഈ ദുസ്സമ്പ്രദായത്തിന് എന്നേക്കുമായി പൂർണ്ണവിരാമമിടുവാനാണ് അവളുടെ ആശ. തന്റെ കൂട്ടുകാരിൽ പലരോടും ഇക്കാര്യം അവൾ ഉപദേശിച്ചുകൊടുത്തിരുന്നെങ്കിലും ആരും പ്രവൃത്തിയിൽ വരുത്തുവാൻ അതഃപര്യന്തം ധൈര്യപ്പെട്ടിട്ടില്ലായിരുന്നതുകൊണ്ട്, അതു പ്രയോഗത്തിൽ വരുത്തുവാനുള്ളയാൾ താൻതന്നെയെന്നവൾ തീരുമാനിച്ചു.

ഇതാ, അവൾക്ക് അതിനുള്ള സമയം സമാഗതമായിക്കഴിഞ്ഞു. എങ്കിലും ഈ കുടുംബത്തിലാണല്ലോ ഞാൻ എന്റെ ആയുശ്ശേഷം കഴിച്ചുകൂട്ടുവാനുള്ളതു്; ചുറ്റും വന്നുകൂടിയിരിക്കുന്നവർ ആരെല്ലാമായിരിക്കും? പക്ഷെ ഉറ്റവരായിരിക്കില്ലേ? അങ്ങനെയെങ്കിൽ എന്റെ സംരംഭം പുത്തരിയിൽ കല്ലുകടിക്കുംപോലെയാവില്ലേ? നീരസമാണുളവാകുന്നതെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങളെ ഞാൻതന്നെ അഭിമുഖീകരിക്കേണ്ടിവരില്ലേ? എന്നൊക്കെ ചില ഭയാശങ്കകൾ അവളുടെ പ്രശാന്തമാനസസരസ്സിൽ പെട്ടെന്നൊരു ഭാവഭേദം ഉളവാക്കി. എങ്കിലും പരിശുദ്ധ കന്യാംബികയിൽ തന്നെത്തന്നെ സമർപ്പിച്ചിട്ടു അവൾ ഇങ്ങനെ മൗനം ഭഞ്ജിച്ചു:

"ഇവിടെ വന്നുകൂടിയിട്ടുള്ളവർ ആരായാലും കൊള്ളാം; എനിക്ക് അവരിൽ ആരെയും പരിചയമില്ലെങ്കിലും അവരോരോരുത്തരോടും എനിക്കു പൊതുവിൽ ബഹുമാനമാണുള്ളതെന്നു ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഈ പെട്ടി എന്റെ വാത്സല്യപിതാവ് എനിക്കായിതന്നയച്ചിട്ടുള്ളതാണ്. ഇതിന്റെ ഉള്ളടക്കവും അങ്ങനെതന്നെ. അവ ഒരുപക്ഷെ നല്ലവയായിരിക്കാം; അല്ലെങ്കിൽ മോശമായിരിക്കാം. എന്തായാലും എന്റെ അപ്പൻ—പ്രിയം നിറഞ്ഞഅപ്പൻ—തന്നതാകകൊണ്ട് എനിക്കു അവയെല്ലാം, ഒരു സൂചിപോലും, വളരെ തൃപ്തിയും സന്തോഷവും നല്കുന്നതും വിലപ്പിടിപ്പുള്ളവയുമാണ്. എന്നെപ്പോലുള്ള നവോഢകൾ കൊണ്ടുവരുന്ന സാധനങ്ങളെപ്പറ്റി പലരും വിധിപറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ "മോശം" എന്നോ "പററിയതല്ല" എന്നോ അവർ വിധിക്കുന്ന ആ സാധനത്തിൽ ഒന്നുപോലും വാങ്ങിക്കൊടുത്തു് ആ മോശത്വം പരിഹരിക്കാൻ ഇന്നോളം അവരിലാരും തയാറായി കണ്ടിട്ടില്ല. മാത്രവുമല്ല, സാധനദൂഷ്യം പുലമ്പുന്നതോടുകൂടി ഊഹാപോഹതിന്മകളെ അടിസ്ഥാനമാക്കി കുടുംബദൂഷ്യങ്ങളും വിസ്തരിച്ച്, മമതയിൽ കഴിഞ്ഞുകൂടേണ്ട ആളുകളെ പരസ്പരം വേർതിരിച്ചുകളയുക എന്നൊരു മഹാ ദുഷ്ടഫലവും അതിൽനിന്നുളവാകുക സാധാരണമാണ്. ആകയാൽ എന്റെ അപ്പൻ എനിക്കായി തന്നയച്ചിട്ടുള്ള ഈ പെട്ടിയും ഇതിലേ ഉള്ളടക്കവുംകൊണ്ടു ഞാൻതന്നെ തൃപ്തിയടഞ്ഞുകൊള്ളുവാൻ നിങ്ങൾ ദയവുചെയ്ത് എന്നെ അനുവദിക്കണം. കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞ്" എന്ന രീതിയിൽ എനിക്കവയിൽ പരിപൂർണ്ണതൃപ്തിയാണ്."

നവോഢകളിൽനിന്നു ഇത്തരുണത്തിൽ ഈദൃശമെന്നുതന്നെയല്ല, യാതൊരുവക നീണ്ടസംഭാഷണവും പ്രതീക്ഷിക്കാറില്ല. എന്നാൽ കുഞ്ഞന്നത്തിന്റെ ഭാഷണത്തേയും യുക്തിയുക്തതയേയും വേണ്ടത്ര മനസ്സിലാക്കിയ പെട്ടിപരിശോധിനികൾ ലജ്ജിച്ചു ചെറുതാകുകതന്നെ ചെയ്തു. താൻ ഇക്കൂട്ടത്തിലുണ്ടായിരുന്നില്ല എന്നു വരുത്താനായി വല്ലവിധേനയും വേഗം സ്ഥലംവിട്ടാൽ മതിയെന്നായി അവരിൽ ഓരോരുത്തിയുടെയും മനോഗതം. മഗ്ദലേനമറിയത്തെ കല്ലെറിയുവാൻ അനുമതി ലഭിച്ചവരെപ്പോലെ, ഈ പെട്ടിപരിശോധിനികളും തങ്ങളറിയാതെതന്നെ അടികൾ പിന്നോക്കം വച്ചുപോയി. അല്പസമയത്തിനുള്ളിൽ ആവക എല്ലാക്കൂട്ടരും സ്ഥലം വിട്ടുകഴിഞ്ഞു എന്നുപറഞ്ഞാൽ തീർന്നല്ലോ.

പോകുംവഴി ഈ വനിതകൾ തങ്ങളുടെ അനാശാസ്യനിലയെപ്പറ്റി കൂടുതൽ ചിന്തിക്കയും പരസ്പരം മൃദുസ്വരത്തിൽ സംഭാഷിക്കയും ചെയ്തിരുന്നു: "ആ പെണ്ണു പറഞ്ഞതു അക്ഷരംപ്രതി ശരിയല്ലേ? അവളുടെ അപ്പൻ കൊടുത്തയച്ച



"എന്റെ അപ്പൻ എനിക്കായി തന്നയച്ചിട്ടുള്ള ഈ പെട്ടിയും ഇതിലെ ഉള്ളടക്കവും കൊണ്ടു ഞാൻതന്നെ തൃപ്തിയടഞ്ഞുകൊള്ളുവാൻ നിങ്ങൾ ദയവുചെയ്തു എന്നെ അനുവദിക്കണം."

ളവിശുദ്ധന്മാരെ നാം കാണുന്നില്ല. ആകയാൽ വിശുദ്ധി എന്ന ലക്ഷണവും കത്തോലിക്കാസഭയ്ക്കുമാത്രമേ യോജിക്കുന്നുള്ളു. (തുടരും)

# തീർത്ഥകസ്മരണകൾ

VIII

"റോഡുകളത്രയും റോമായിലേക്കു്." 1300-ലെ പ്രഥമ ജൂബിലിവർഷം പ്രമാണിച്ചുള്ള തീർത്ഥയാത്രാബഹളത്തിൽ സർവ്വത്ര മുഴങ്ങിക്കേട്ടിരുന്ന സുപരിചിതമായ പഴമൊഴിയാണിതു്. അന്നത്തെക്കാൾ ഇന്നു അതെത്രയോ കൂടുതൽ അന്വർത്ഥമായിത്തീർന്നിരിക്കുന്നു! ഗതാഗതമാർഗ്ഗങ്ങളും, വാഹനവേഗതയും, യാത്രാസൗകര്യങ്ങളും അക്കാലത്തു സങ്കല്പിക്കുവാൻപോലും വഹിയാത്തവിധമാണല്ലോ ഇന്നു അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു്. ഭൂമുഖത്തിന്റെ ഏതു മൂലയിൽനിന്നും ആകാശമാർഗ്ഗേന ഏതാനും മണിക്കൂറുകൾക്കുള്ളിൽ നിത്യനഗരത്തിലെത്തിച്ചേരാവുന്നതാണു്. കടലിലൂടെയാണെങ്കിൽ ആവിക്കപ്പൽ; കരയിലൂടെ തീവണ്ടിയും വിവിധതരത്തിൽപെട്ട മോട്ടോർവാഹനങ്ങളും; വ്യോമതലത്തിലാകട്ടെ വിമാനം. രാജപാതകൾതന്നെയും എണ്ണത്തിലും സഞ്ചാരയോഗ്യതയിലും എത്രയധികം വളർന്നിരിക്കുന്നു. ആകയാൽ 1950-ലെ ജൂബിലിയവസരത്തിൽ റോമയിലേക്കുള്ള തീർത്ഥകപ്രവാഹം ആരെയും അത്രതന്നെ അത്ഭുതപ്പെടുത്തുമെന്നു തോന്നുന്നില്ല. തീർത്ഥകരുടെ എണ്ണം ഇതിലും കൂടാത്തതിലായിരിക്കാം ആരും ആശ്ചര്യപ്പെടുക. തെരുവീഥികളിലേക്കിറങ്ങുക; ബസ്ലിക്കാ പരിസരങ്ങളിൽ ചെല്ലുക; ദൈവാലയങ്ങളിൽ പ്രവേശിക്കുക; ഭൂഗർഭാലയങ്ങൾ, കൊലീസിയം തുടങ്ങിയ പുണ്യതീർത്ഥങ്ങൾ സന്ദർശിക്കുക; ഹോട്ടലുകൾ, ലഘുഭക്ഷണശാലകൾ, പീടികകൾ ആദിയായവയിൽ കടക്കുക—എവിടേയും കാണാം ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആകാംക്ഷാപൂർവ്വം ആഗതരായിരിക്കുന്ന അനേകമനേകം ഭക്തജനങ്ങളെ.

എല്ലാ റോഡുകളും റോമയിലേക്കാനയിക്കുന്നു എന്ന ചൊല്ലു് ഒന്നാം ജൂബിലിവർഷത്തിനു വളരെ മുമ്പുതന്നെ ഉത്ഭവിച്ചതാണു്. ക്രിസ്ത്വബ്ദത്തിനുമുമ്പെന്നല്ല, റോമാസാമ്രാജ്യം സ്ഥാപിതമാകുന്നതിനുമുമ്പുതന്നെയും അതു പ്രചാരത്തിൽ വന്നുകഴിഞ്ഞു. റോമാ ഒരു ചെറിയ റിപ്പബ്ലിക്കായിരുന്നപ്പോൾത്തന്നെ ചുററുമുള്ള രാജ്യങ്ങൾ സ്വന്തം ആധിപത്യത്തിലാക്കുവാൻ ബദ്ധശ്രദ്ധയായിരുന്നു. അപ്പോൾ തുടങ്ങി പ്രയോഗത്തിൽ വന്നതത്രെ ഈ പഴഞ്ചൊല്ലു്. റോമാക്കാർ ചെന്നിടങ്ങളിലെല്ലാം തലസ്ഥാനവുമായി ബന്ധിക്കുന്ന നല്ല പാതകൾ വെട്ടിത്തുറക്കുക പതിവായിരുന്നു. അവയിലൂടെയാണു് അവരുടെ അജയ്യസൈന്യവ്യൂഹങ്ങൾ അനവരതം അങ്ങോട്ടുമിങ്ങോട്ടും ഗതാഗതം ചെയ്തിരുന്നതു്; ദിഗന്തങ്ങൾ വരെയും സാമ്രാജ്യാതിർത്തികൾ വിസ്തൃതമാക്കിയതു്. അത്ഭുതാവഹമായവിധം ഉറപ്പും വെടിപ്പുമുള്ള അത്തരം പുരാതനപാതകളുടെ അവശിഷ്ടങ്ങൾ ഇന്നും അവിടവിടെകാണാം. ചിലേടങ്ങളിൽ കൗതുകാവഹമായ പുരാണവസ്തുവെന്നോണം ഗവമ്മേണ്ടു് അതു സംരക്ഷിച്ചുവരുന്നു. പുരാതനവും പ്രസിദ്ധവുമായ പോമ്പെ നഗരത്തിന്റെ നഷ്ടശിഷ്ടങ്ങളിൽ റോമൻ റോഡിന്റെ പ്രാചീനപ്രകൃതിയും മേന്മയും ഇന്നും തെളിഞ്ഞുകാണാം. ലണ്ടൻടവറിന്റെ സമീപത്തായി പുരാതനറോമൻപാതയുടെ ഒരുഭാഗം ലണ്ടൻ സന്ദർശനാവസരത്തിൽ ഞങ്ങൾ കാണുകയുണ്ടായി.

മസഡോണിയായിലെ അലക്സാണ്ടർ മഹാരാജാവു് അന്നറിയപ്പെട്ടിരുന്ന രാജ്യങ്ങളെല്ലാം പിടിച്ചടക്കിയതിനുശേഷം, "കരസ്ഥമാക്കുവാനിനിയും ലോകമില്ലല്ലോ," എന്നു അംബരദേശത്തേക്കു കണ്ണുകളയത്തി കരഞ്ഞതായി ഒരൈതിഹ്യമുണ്ടു്. റോമാക്കാർക്കു അത്തരമൊരു കണ്ണീരിനവകാശമശേഷമില്ലായിരുന്നു. അലക്സാണ്ടറിനു സ്വപ്നത്തിൽപോലും കാണുക സാദ്ധ്യമല്ലാതിരുന്ന പല പ്രദേശങ്ങളിലേക്കും അവർ ജൈത്രയാത്രനടത്തി. ആദ്യകാലത്തു റോമൻ സാമ്രാജ്യത്തിന്റെ വിസ്തൃതിക്കൊരു വിഘാതമായി ഉയർന്നുനിന്നിരുന്നതു കാർത്തേജാണു്. "കാർത്തേജു തകർക്കപ്പെടണം." ഇതാണല്ലോ പ്രസിദ്ധനായ കേററോ റോമൻ സെനററിൽ അനുസ്യൂതം പാടിയിരുന്ന പല്ലവി. കാലാന്തരത്തിൽ അതും റോമൻ കഴുകന്റെ പാദപീഠമായിത്തീർന്നു. റോമൻ സാമ്രാജ്യം അതിന്റെ അത്യച്ചപ്രതാപത്തിൽ "ഹെർക്കുലീസിന്റെ തൂണുകൾ" എന്നറിയപ്പെടുന്ന ജിബ്രാൾട്ടർ മുതൽ പേർസ്യൻ ഉൾക്കടൽവരെയും, കാർത്തേജുമുതൽബ്രിട്ടനിലെഹേബ്രിയൻ മതിൽവരെയും നീണ്ടുനിവന്നു കിടന്നിരുന്നു. അതിവിദൂരസ്ഥങ്ങളായ ഈ രാജ്യങ്ങളിലേക്കെല്ലാം റോഡുകൾവെട്ടി ഗതാഗതസൗകര്യം സജ്ജീകരിക്കുന്നതിൽ റോമാക്കാർ സദാ ജാഗരൂകരായിരുന്നു. പ്രസ്തുത പാതകളിലൂടെയാണു ജൂലിയസ് സീസർ, പോമ്പെ, ജമ്മാനിക്കുസ്, ടൈട്ടസ് ആദിയായ വീരപരാക്രമികൾ അവരുടെ ധീരസേനാനികളെ ദിഗ്വിജയങ്ങൾക്കായി നാലുപാടും നയിച്ചിരുന്നതു്. അവർ നിത്യനഗരത്തിലേക്കു പ്രത്യാഗമിച്ചതാകട്ടെ പല സ്വതന്ത്രരാഷ്ട്രങ്ങളേയും റോമൻ ഏകഛത്രാധിപത്യത്തിന്റെ അടിമകളാക്കി അടിച്ചമർത്തിക്കൊണ്ടാണു്; പല നാടുവാഴികളേയും അവരുടെ സേനാനികളേയും വിലങ്ങിട്ടു കൂടെ ആനയിച്ചുകൊണ്ടാണു്.

എന്നാൽ ഭൗതികമായ പ്രസ്തുത സാമ്രാജ്യവും, ആ സാമ്രാജ്യത്തിലെ വിസ്മയാവഹമായ യാത്രാസൗകര്യങ്ങളും ഈശ്വരപരിപാലനയിൽ വേറൊരു ധാർമ്മികസാമ്രാജ്യത്തിന്റെ ചിരോദയത്തിനും, ക്ഷിപ്രവികസനത്തിനും, സ്ഥിരപ്രതിഷ്ഠയ്ക്കും കളമൊരുക്കുകയായിരുന്നു എന്നു് ആരറിഞ്ഞു! മനുഷ്യജാതികളെ അടിമത്തച്ചങ്ങലയിൽ വരിഞ്ഞുകെട്ടുവാനായി റോമൻ സേനകൾ അച്ചറിപ്പാഞ്ഞുപോയിരുന്ന അതേ റോഡുകളിലൂടെ തന്നെയാണു്, ആദ്ധ്യാത്മികവും ധാർമ്മികവുമായ പാരതന്ത്ര്യത്തിൽകിടന്നു വീർപ്പുമുട്ടിയിരുന്ന മാനവസമുദായത്തെ സമുദ്ധരിപ്പാൻ സംജാതനായ സമാധാനരാജന്റെ വിശ്വസ്തസേനാനികൾ നാനാദിക്കുകളിലേക്കും നിഷ്ക്രമിച്ചതു്; നിസ്സഹായിട്ടാണെങ്കിലും, വീരാത്മകമായ കർമ്മശൂരതയോടെ പ്രയാണമാരംഭിച്ചതു്. സീസർമാരും അവരുടെ സാമ്രാജ്യവും കാലകല്ലോലങ്ങളിലാണ്ടുപോയി. ക്രിസ്തുവിന്റെ സാമ്രാജ്യമാകട്ടെ പൂർവ്വാധികമായ പ്രതാപത്തോടെ ഇന്നും ലോകമഹാത്ഭുതമായി പരിലസിക്കുന്നു. അവിടത്തെ വൈദേസ്രായി അതുലപ്രഭാവത്തോടെ ഇന്നും നിത്യനഗരത്തിൽ വാണരുളുന്നു. "എല്ലാ റോഡുകളും റോമിലേക്കു്" എന്ന പഴമൊഴിയെ ലോകസമക്ഷം വിളംബരം ചെയ്തുകൊണ്ടു ഭൂഗോളത്തിന്റെ സകല ഭാഗങ്ങളിൽനിന്നും അവിടത്തെ ഭക്തപ്രജകൾ പുരാതനപ്രസിദ്ധമായ പ്രസ്തുത നഗരാവരോധത്തിൽ ഇന്നും എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. ഈദൃശചരിത്രചിന്തകൾ റോമാപുരിയിലെത്തിയ ജൂബിലി തീർത്ഥകരെ വികാരതരളിതരാക്കിയെങ്കിൽ എന്താണത്ഭുതം!

(പി. കാക്കശ്ശേരി)

---

സാധനങ്ങൾ അതിൽ വല്ല കുറവുകളുണ്ടെങ്കിൽത്തന്നെ നമുക്കെന്തു്? കുറവുകൾ പലതും നാം പറയാറുണ്ടെങ്കിലും ഒന്നിനെയെങ്കിലും പരിഹരിക്കാൻ നാം മുതിർന്നിട്ടുണ്ടോ? വിവാഹംമുതൽ ദൃഢമൈത്രിയിൽ കഴിഞ്ഞുകൂടേണ്ട കുടുംബക്കാരെ വെറുപ്പിച്ചു വേർതിരിക്കാനേ ആ സംരംഭം പര്യാപ്തമാകുന്നുള്ളു എന്നതു എത്ര പരമാർത്ഥം!" എന്നു് ഒരുത്തി പറഞ്ഞു. വേറൊരുത്തി പ്രതിവചിച്ചു: "അതേ, ആ മണവാട്ടിപ്പെണ്ണു പറഞ്ഞതിൽ വളരെ കഴമ്പുണ്ടു മാതിരിച്ചേടത്ത്യാരേ. ഞാൻ ഇനി ഉള്ളപ്പോ ഇങ്ങനെയൊരു പെട്ടി തുറപ്പിക്കലിനുപോകയില്ല എന്നു അന്നേരമേ ശപഥംചെയ്തു കഴിഞ്ഞു. ഇമ്മാതിരി വകതിരിവുള്ള കുറെ പെൺകിടാങ്ങൾ കുറെ കാലങ്ങൾക്കു മുമ്പുണ്ടായിരുന്നെങ്കിൽ ഇന്നു നമ്മുടെ സമുദായത്തിൽ നാമറിയാതെ നുഴഞ്ഞുകയറിട്ടുള്ള പല ദുസ്സമ്പ്രദായങ്ങളും പണ്ടേ പമ്പകടക്കുമായിരുന്നു. പാരിപ്പും പരിഷ്കാരവും പ്രയോജനപ്പെടുത്തേണ്ടതു് ഇങ്ങനെയാണു്, സംശയമില്ല."

## അറിയിപ്പ്

സി. ററി. ജോസഫ് ചാത്തനാട്ടു് അവർകളെ കണ്ണങ്കരയിലെ സത്യദീപം ഏജൻറായി (ചേർത്തലയുടെ സബ്ബ് ഏജൻ്റ്) നിയമിച്ചിരിക്കുന്നു. മാനേജർ

ആരോഗ്യപംക്തി

## ശിശുവിനു് ഏററവും പററിയ ആഹാരം

പശുവിൻപാലിന്റെയും, പോഷകാംശങ്ങൾകൊണ്ടു ബലപ്പെടുത്തപ്പെട്ട പാൽപ്പൊടികളുടെയും പുറകേ വളരെക്കൊല്ലം വഴിതെററിനടന്നതിനുശേഷം പാശ്ചാത്യശിശുപരിചരണശാസ്ത്രം ഇപ്പോൾ വീണ്ടും ആ പഴയ മുലപ്പാലിലേക്കുതന്നെ തിരിച്ചെത്തിയിരിക്കുന്നു.

അമേരിക്കയിലെ പ്രധാനപ്പെട്ട ആസ്പത്രികളിലെല്ലാംതന്നെ കുട്ടികൾക്കിപ്പോൾ മുലപ്പാൽ കൊടുക്കാൻ തുടങ്ങിയിട്ടുണ്ടു്. പ്രമാണികളായ ഡോക്ടർമാർ അവിടെ മുലപ്പാലിനുമാത്രമുള്ള ആവിശേഷത സ്ത്രീജനങ്ങളെ മനസ്സിലാക്കാൻ തുടങ്ങിയിരിക്കയാണു്. "ശാസ്ത്രീയമെന്നഭിമാനിക്കുന്ന" ഒരു നെഴ്സറിയിൽനിന്നും ലഭ്യമല്ലാത്ത ഒരു പോഷകഭക്ഷണവും ഊഷ്മളബന്ധവും ആണു് മുലകുടികൊണ്ടു ശിശുക്കൾക്കു് അമ്മമാരിൽനിന്നു ലഭിക്കുന്നതു് എന്ന അഭിപ്രായംവരെ എത്തിയിരിക്കുന്നു അവിടത്തെ ഡോക്ടർമാർ.

മുലകുടിച്ചുവളരുന്ന കുട്ടികളാണു് ഏററവും നന്നായി വളർത്തപ്പെടുന്ന കുട്ടികൾ എന്നാണു് ചിക്കാഗോവിലെ ആരോഗ്യക്കമ്മീഷണർ ഹെർമൻ ബണ്ടേസെൻ ചൂണ്ടിക്കാണിക്കുന്നതു്. "അമ്മയുടെ മുലപ്പാലിനും അവരുടെ സന്താനത്തിന്റെ ആവശ്യങ്ങൾക്കും തമ്മിൽ എത്രയും അടുത്തതും വിവരിക്കാനാവാത്തതും ആയ ഒരു ബന്ധമുണ്ടെ"ന്നു് ന്യൂസിലണ്ടിലെ ഒരു വിദഗ്ദ്ധനായ ഡോക്ടർ എഫ്. ട്രൂബികിങ്ങ് ഇതിനെ പിന്താങ്ങുന്നു. തുമ്പിക്കേടുകൾ കുറയും, പല രോഗങ്ങളേയും ചെറുക്കാനുള്ള കെല്പും കൂടും, ത്വഗ്രോഗങ്ങളും ദീപനസംബന്ധമായ ക്രമക്കേടും ചുരുങ്ങും എന്നുള്ളതു് മുലകുടിച്ചു് വളരുന്ന കുട്ടികൾക്കുള്ള അനേകം മെച്ചങ്ങളിൽ ചിലതാണു്. എന്നുമാത്രമല്ല, കുട്ടികൾക്കു മുലകൊടുക്കുന്നതു് അമ്മമാരുടെ ആരോഗ്യത്തിനുകൂടി നന്നെന്നു ഡോക്ടർമാർ പറയുന്നു. അത്തരം അമ്മമാർക്കു പ്രസരിപ്പും പ്രസന്നതയും കൂടുമത്രെ. മുലകുടിച്ചു വളരുന്ന കുട്ടികൾക്കു സ്വാഭാവികമായി സ്നേഹത്തോടും ലാളനയോടും ബന്ധപ്പെട്ട നിലയിലല്ലാതെ ഭക്ഷണത്തെപ്പററി ഓർക്കാൻ കഴിയുകയില്ല. അതിനാൽ ഭക്ഷണം അവർക്കു രസകരമായ ഒന്നായിത്തീരുന്നു.

കുട്ടികൾക്കു മുലകൊടുക്കുന്നതുകൊണ്ടു് അമ്മമാർ ക്ഷീണിക്കുകയില്ലേ?—പ്രത്യേകിച്ചും ആദ്യത്തെ കുറച്ചുമാസങ്ങളിൽ? പലരും ചോദിക്കാറുള്ള ഒരു ചോദ്യമാണിതു്. എന്നാൽ വൈദ്യവിദഗ്ദ്ധന്മാർ അതു സമ്മതിക്കുന്നില്ല.

ഒന്നാമതായി കുട്ടികൾക്കു മുലകൊടുക്കുന്ന അമ്മമാർ, അതു ചെയ്യാൻ കൂട്ടാക്കാത്ത അമ്മമാരെക്കാൾ വേഗത്തിൽ ശാരീരികമായി പൂർവ്വസ്ഥിതിയിലെത്തുന്നു. പുതിയ ശിശുവിന്റെ കരച്ചിൽകൊണ്ടു് അമ്മമാരുടെ ഗർഭപാത്രം ചുരുങ്ങുമെന്നും കുട്ടിക്കു മുലകൊടുക്കുംതോറും അതു വേഗത്തിൽ പൂർവ്വസ്ഥിതിയിലെത്തുമെന്നുമുള്ളതു്, വിചിത്രമായി തോന്നാമെങ്കിലും, ഒരു പരമാർത്ഥമാണു്. പ്രത്യുല്പാദനചക്രത്തിന്റെ അവസാനത്തെ പടിയായ മുലകൊടുക്കൽ പുതിയ അമ്മയെ ഗർഭധാരണത്തിനുമുമ്പുള്ള ആ പഴയ നിലയിലെത്തിക്കുകയും അതോടൊപ്പം ശിശുവിന്റെ ആവശ്യങ്ങളെ മുഴുവൻ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

അമ്മയുടെ ഗർഭപാത്രവും പിടയൂട്ടറിഗ്രന്ഥിയും ഞരമ്പുകളും മുലകളുംകൂടി യോജിച്ചുനിന്നാണു മുലപ്പാൽ സൃഷ്ടിക്കുന്നതു്. അനേകമാസത്തെ സങ്കുലമായ ഈ പ്രവർത്തനത്തിന്റെ ഫലം ഉപയോഗിക്കാതെ പെട്ടെന്നു നിർത്തിക്കളയുന്നതു് അവരുടെ ശരീരത്തിന്റെ സമനിലയെ തെററിക്കും. പൂർണ്ണഗർഭമെത്തി പ്രസവിക്കുന്നതും കുറച്ചുമാസങ്ങൾകൊണ്ടു ഗർഭം ഛിദ്രിച്ചുകളയുന്നതും തമ്മിലുള്ള വ്യത്യാസമുണ്ടു് ഇവ രണ്ടുംതമ്മിൽ എന്നാണു് ഡോക്ടർ ഷാർലട്ട നെയഷ് പറയുന്നതു്. കുട്ടികളെ മുലകുടിക്കാനനുവദിക്കാത്ത അമ്മമാരിൽ സാധാരണ കാണുന്ന അസംതൃപ്തിക്കും മനോമാന്ദ്യത്തിനും വികാരതീക്ഷ്ണതകൾക്കും ഒരു പ്രധാനകാരണം ഇതാണു്. മുലകുടിക്കുന്ന കുട്ടികളുള്ള അമ്മമാരിൽ ഇതൊന്നുംതന്നെ കാണുകയില്ല.

കുട്ടികൾക്കു മുലകൊടുക്കുന്നതു് മുലക്കുപ്പി കൊടുക്കുന്നതിനെക്കാൾ എളുപ്പമാണെന്നു് ഏതു് അമ്മയും സമ്മതിക്കും. എന്നാൽ സ്വാഭാവികമായി മുലകൊടുക്കാൻ ഇഷ്ടമില്ലാത്ത ചില സ്ത്രീകളുണ്ടെന്നതു നിഷേധിച്ചുകൂടാ. എങ്കിലും ഒരു സാധാരണ അമ്മയ്ക്കു്, കുട്ടിക്കു മുലകൊടുക്കുക എന്നതിൽ കവിഞ്ഞു് ഒരാനന്ദം വേറെ യാതൊന്നിൽനിന്നും ലഭിക്കുകയില്ലെന്നു തീർച്ചയാണു്. കുട്ടിയെ മാറോടണച്ചു അതിനു സ്നേഹത്തിന്റെ പാലുറവകൾ തുറന്നുകൊടുക്കുന്ന ഒരമ്മ അവാച്യമായ ഒരു ആനന്ദം അനുഭവിക്കുകയും അതോടൊപ്പം താനും തന്റെ സന്താനവുമായുള്ള ഒരു നിഗൂഢബന്ധത്തെ സാക്ഷാല്ക്കരിക്കുകയും ചെയ്യുന്നു. അപൂർവ്വവും അമൂല്യവും ആയ ഒരു നിധിയെയാണു് താൻ മാറോടണച്ചിട്ടുള്ളതെന്ന ഒരു ബോധമാണു് അവർക്കുണ്ടാകുന്നതു്.

(റീഡേഴ്സ് ഡൈജസ്റ്റ്)

അടുത്ത ചൊവ്വാഴ്ച

## പ്രഥമചരമവാഷികം



റവ. ഫാ. ജോസഫ് പറമ്പി

## സൗജന്യവിതരണ ഫണ്ടു്

"മി. കെ. ടി. അയ്യ് C/o സൊഡാലിററി പ്രീഫെക്ടു്, കല്ലൂക്കാട്ടു്" എന്ന പേരിൽ കഴിഞ്ഞലക്കത്തിൽ 6 രൂപ ചേർത്തിരുന്നതു സൊഡാലിററിവകയാണെന്നു ടിയാൻ അറിയിച്ചിരിക്കുന്നു.

പുസ്തകാഭിപ്രായം

## ക്രിസ്തുമസ്സുഗാനങ്ങൾ

രണ്ടാംപതിപ്പു്. ശ്രീ. ജെ. മാളിയക്കൽ. 19 ഗാനങ്ങൾ. വില 3ണ. എൽ. എഫ്. പ്രസ്സ്, തേവര)

"ഗാനഗുച്ഛക"വും "മുകുളവും" പോലെ ശ്രീ വറുഗീസു മാളിയക്കലിന്റെ ഗാനരചനാപാടവം സുതരാം സ്പഷ്ടമാക്കുന്ന വേറൊരു കൃതിയാണു് "ക്രിസ്തുമസ്സുഗാനങ്ങൾ." ഹ്രസ്വമായ കാലയളവിനുള്ളിൽ ഒരു പതിപ്പു വിററുതീർന്നിരിക്കുന്ന സ്ഥിതിക്കു് ഈ പാട്ടുപുസ്തകം പാട്ടുകാർക്കു് ഇഷ്ടമാണെന്നു വ്യക്തമാണല്ലോ. അഭിനവ ഹിന്ദിരാഗങ്ങളിൽ വിരചിതമായിട്ടുള്ള ഈ ക്രിസ്തുമസ്സുഗാനങ്ങൾ ഭക്തിസംവർദ്ധകങ്ങൾ തന്നെ.

വിഹായസാകെ വീതവിബോധം വി
ജൃംഭിക്കുണർവ്വേകുന്നു
വിഹാരമായി വിദ്യുതികേന്ദ്രം വി
ശദം സുപ്രഭമാകുന്നു

എന്നിങ്ങനെ ചില വരികൾ കഠിനപദപ്രധാനമാണെങ്കിലും, മാളിയക്കലിന്റെ ഗാനങ്ങൾ നാവിൽ തടഞ്ഞുനില്ക്കുകയില്ല. ഹിന്ദി പദങ്ങളുടെ ആരവം ജനിക്കുവാൻ മാളിയക്കലിന്റെ സംസ്കൃതപദങ്ങൾ ഉപകരിക്കുന്നുണ്ടെന്നുള്ളതും മറച്ചുവയ്ക്കാവുന്നതല്ല. അർത്ഥാലങ്കാരവും ശബ്ദാലങ്കാരവും ഒത്തിണചേർന്നിട്ടുള്ള മാളിയക്കൽഗാനങ്ങൾ ഗാനവിദഗ്ദ്ധർ പാടിയാൽ ക്രിസ്തുമസ്സുകാലത്തെ ആനന്ദം വർദ്ധിക്കാതിരിക്കയില്ല. രണ്ടാം പതിപ്പും വേഗം തീരുന്നതാണെങ്കിൽഗാനകർത്താവിനു പിന്നെ വാങ്മൂലമുള്ള അനുമോദനങ്ങൾ ആവശ്യമില്ലല്ലോ.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് കട്ടവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol. 24 || ERNAKULAM OCTOBER 4 1950 || No. 8


## കമ്മ്യൂണിസ്റ്റ് ചൈന സ്വതന്ത്രമാ സോവ്യററ് റഷ്യയുടെ ഉപഗ്രഹമോ?

ചൈനാ മഹാരാജ്യം നൂററാണ്ടുകളായി മഞ്ചുവംശത്തിൽപ്പെട്ട ചക്രവർത്തിമാർ ഭരിച്ചുപോന്നു. 1911-ൽ ചക്രവർത്തിഭരണം അവസാനിക്കുകയും, അകത്തോലിക്കാ ക്രിസ്ത്യാനിയായ സൺയെററുസെൻ നേതൃത്വം വഹിച്ച് റിപ്പബ്ലിക്ഭരണം പ്രഖ്യാപിക്കുകയും ചെയ്തു. റിപ്പബ്ലിക്കിന്റെ ലക്ഷ്യം "ദേശീയത്വവും ഡെമോക്രസിയും ഉപജീവനമാർഗ്ഗവും" ആയിരിക്കണമെന്ന് സൺയെററുസെൻ നിശ്ചയിച്ചിരുന്നു. ഈ ലക്ഷ്യം പ്രാപിക്കുവാൻ പരസഹായം കൂടാതെ സാദ്ധ്യമല്ലെന്നുകണ്ട് അദ്ദേഹം അമേരിക്കയുടെയും ബ്രിട്ടന്റെയും സഹായം ആവശ്യപ്പെട്ടു. അവരതു നിഷേധിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതെ സൺയെററുസെൻ റഷ്യയെ ആശ്രയിക്കേണ്ടിവന്നു.

1917 മാർച്ചിൽ റഷ്യയിലും ചക്രവർത്തിഭരണമവസാനിപ്പിച്ചു; കെറെൻസ്കിയുടെ നേതൃത്വത്തിൽ താല്ക്കാലികമായ ഡെമൊക്രാററിക് ഭരണം ഏർപ്പെടുത്തി. ഒക്ടോബറിൽ ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകാർ രക്തപങ്കിലമായ വിപ്ലവത്താൽ അധികാരം പിടിച്ചെടുത്ത് കമ്മ്യൂണിസ്റ്റു ഭരണം സ്ഥാപിച്ചു. ആകയാൽ ചൈനയെ സഹായിക്കുവാൻ ചെന്നത് കമ്മ്യൂണിസ്റ്റ് റഷ്യയായിരുന്നു. തന്റെ റിപ്പബ്ലിക്കിൻ ലക്ഷ്യം പ്രാപിക്കുവാൻ കമ്മ്യൂണിസം സഹായിക്കുകയില്ലെന്നു നല്ലവണ്ണം അറിയാമായിരുന്നെങ്കിലും, മററു മാർഗ്ഗങ്ങളില്ലെന്നു കണ്ടതിനാലാണ് സൺയെററുസെൻ റഷ്യയുടെ സഹായം സ്വീകരിക്കുവാൻ തയാറായത്.

### ചൈനീസു കമ്മ്യൂണിസ്റ്റ് പാർട്ടി

പെക്കിംഗ് സർവ്വകലാശാലയിലെ ഏതാനും ചെറുപ്പക്കാരായ ബുദ്ധിജീവികൾ റഷ്യയിലെ മാതൃകയനുസരിച്ചു സ്വരാജ്യത്തെ ഉന്നമിപ്പിക്കാമെന്നു കരുതി 1920-ൽ ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടി രൂപീകരിച്ചു. തന്നെ സഹായിക്കുവാൻ വന്ന റഷ്യൻ ജനറൽമാരുടെ പ്രേരണയാൽ സൺയെററുസെൻ കുമിൻടാംഗ് എന്ന തന്റെ പാർട്ടിയിൽ ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയെ ചേർത്തു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപകന്മാരിലൊരാൾ (Li Ta Chao) പ്രസ്തുത സംയോജനത്തെപ്പററി ചെയ്ത ശപഥം ഇങ്ങനെയായിരുന്നു: "കുമിൻടാംഗിൽ ചേരുന്ന മൂന്നാം ഇന്റർനാഷണലിലുൾപ്പെട്ട കമ്മ്യൂണിസ്റ്റുകാർ കുമിൻടാംഗ് തത്വങ്ങൾ അനുസരിക്കുകയും, കുമിൻടാംഗ് ശിക്ഷണക്രമം അനുഷ്ഠിക്കുകയും, തദ്വാരാ ദേശീയ പരിവർത്തനത്തിൽ പങ്കുവഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കുമിൻടാംഗിനെ കമ്മ്യൂണിസ്റ്റു പാർട്ടിയായി രൂപാന്തരപ്പെടുത്തുവാൻ അവർക്കു ലേശവും ഉദ്ദേശമില്ല." ഈ ശപഥം, പതിവുപോലെ, കമ്മ്യൂണിസ്റ്റു പാർട്ടി ലംഘിച്ചതേയുള്ളു. ബൊറോഡിൻ എന്ന റഷ്യൻ ജനറലിന്റെ നേരിട്ടുള്ള നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റുകാർ കുമിൻടാംഗ് പാർട്ടി അംഗങ്ങളെ അകററിനിർത്തി ഗവമ്മെൻറുദ്യോഗങ്ങളിൽ കയറിപ്പററുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.

അതിനിടയിൽ സൺയെററുസെൻ കാലഗതിപ്രാപിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനും അകത്തോലിക്കാ ക്രിസ്ത്യാനിയുമായ ചിയാംഗ് കായിഷെക്കു ചൈനയിലെ നേതാവായി. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വിപ്ലവകരമായ ഉദ്ദേശങ്ങളും തന്ത്രങ്ങളും കണ്ടുകൊണ്ടിരുന്ന ചിയാംഗ് അവരുമായി തെററി. രാജ്യത്തിൽ തനിക്കു ഉറച്ചനിലയുണ്ടെന്നു കണ്ടപ്പോൾ അദ്ദേഹം സോവ്യററു ഉപദേഷ്ടാക്കളുടെ സഹായം വേണ്ടെന്നുവച്ചു. അവരെല്ലാം രാജ്യംവിട്ടു. അതിന്റെ ഫലമായി ചൈനീസ് കമ്മ്യൂണിസ്റ്റുകൾ വലിയ പട്ടണങ്ങളിൽനിന്നു തൽക്കാലത്തേക്കു പിൻവാങ്ങി വിദൂരസ്ഥലങ്ങളായ ഉൾപ്രദേശങ്ങളിൽ താവളമുറപ്പിച്ചു. സ്വാധീനത്തിലായ സ്ഥലങ്ങളിലെല്ലാം കമ്മ്യൂണിസസഹജമായ ഭീകരപ്രവർത്തനങ്ങൾ അവർ നടത്തിക്കൊണ്ടിരുന്നു. അവിടങ്ങളിൽ സ്വതന്ത്രമായ കമ്മ്യൂണിസ്റ്റ്ഭരണയന്ത്രംതന്നെ അവർ സ്ഥാപിച്ചു "രാഷ്ട്രത്തിനുള്ളിൽ രാഷ്ട്രം" എന്ന നിലവന്നപ്പോൾ കമ്മ്യൂണിസ്റ്റുകാർക്കെതിരായി ചിയാംഗ് "ശിക്ഷാനടപടികളുടെ" രൂപത്തിൽ സമരം നടത്തി. ഈ സമരപ്രസ്ഥാനം അനേകകൊല്ലം നീണ്ടുനിന്നു. അപ്പോഴേക്കും ജപ്പാൻകാർ ചൈന ആക്രമിച്ചു. പൊതുശത്രുവിനെ നേരിടുവാൻവേണ്ടി കുമിൻടാംഗ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി യോജിച്ചു പ്രവർത്തിക്കുവാൻ തീർച്ചയാക്കി. 1937-ൽ നടന്ന ഈ യോജിപ്പു 4 വ്യവസ്ഥകളിലായിരുന്നു. ചെമ്പടയുടെ സ്വതന്ത്രനില മാററി അതിനെ സംയുക്തനായകത്വത്തിൻകീഴിലാക്കുക; "ചൈനീസ് സോവ്യററു റിപ്പബ്ലിക്" പിരിച്ചുവിടുക; കമ്മ്യൂണിസ്റ്റു പ്രചരണം നിർത്തൽചെയ്യുക; വർഗ്ഗസമരമുപേക്ഷിച്ച് സൺയെററുസെന്റെ റിപ്പബ്ലിക്കൻ ലക്ഷ്യം സ്വീകരിക്കുക—ഇവയായിരുന്നു വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസ്തുതവ്യവസ്ഥകൾ യഥാർത്ഥത്തിൽ അനുഷ്ഠിക്കുമെന്നു കുമിൻടാംഗ് നേതാക്കന്മാർക്കു വിശ്വാസമുണ്ടായിരുന്നില്ല. എങ്കിലും ജപ്പാന്റെ ആക്രമണം തടുക്കുവാൻ സംയോജനം അനുപേക്ഷണീയമായിരുന്നു. ചൈനാ ജപ്പാൻ സമരത്തിന്റെ ആരംഭത്തിൽ ചെമ്പടയുടെ നേതൃത്വം വഹിച്ച മാവോസെടുംഗ് (Mao Tze Tung), ഇപ്പോഴത്തെ ചൈനീസ് നേതാവ്, സൈന്യത്തിനു നൽകിയ നിർദ്ദേശം "ചൈനാമന്ത്ലി" എന്ന മാസികയിൽ റിപ്പോർട്ടുചെയ്തിരുന്നതിങ്ങനെയാണ്: "ചൈനാ ജപ്പാൻ യുദ്ധം നമ്മുടെ പാർട്ടിയുടെ സ്വാധീനവിസ്തൃതിക്ക് ഒന്നാന്തരം അവസരം തന്നിരിക്കുകയാണ്. സ്വാധീനവിസ്തൃതി 70 ശതമാനം, കുമിൻടാംഗിനോടുള്ള എതിർപ്പ് 20 ശതമാനം, ജപ്പാനെ തടുത്തുനിക്കൽ 10 ശതമാനം, ഇതായിരിക്കണം നമ്മുടെ നിശ്ചിതനയം." ഈ നയമനുസരിച്ചുള്ള ചെമ്പടയുടെ പ്രവർത്തനത്താൽ ചൈനീസ് കമ്മ്യൂണിസ്റ്റുകാരുടെ സ്വാധീനം അടിക്കടി വിസ്തൃതമായി. കുമിൻടാംഗ് പാർട്ടിയിലെ അഴിമതികളുടേയും അപ്രാപ്തിയുടേയും കാരണംപറഞ്ഞ് അമേരിക്ക ചിയാംഗിനു ആവശ്യമുള്ളിടത്തോളം സൈനികവും മററുമായ സഹായങ്ങൾ നൽകാതെയായി. അങ്ങനെയിരിക്കെ 1945-ൽ ജപ്പാൻ സഖ്യകക്ഷിക്കു കീഴടങ്ങി. അതിനേതാനും ദിവസം മുൻപു, അമേരിക്കയുടേയും ബ്രിട്ടന്റെയും നേരത്തെയുള്ള സമ്മതമനുസരിച്ച് സോവ്യററു സൈന്യം ജപ്പാനെതിരായി പൂർവ്വയുദ്ധരംഗത്തു പ്രത്യക്ഷപ്പെട്ടു. ജപ്പാൻ കീഴടങ്ങിയതോടുകൂടി അവരുടെ പിടിയിലിരുന്ന മഞ്ചൂറിയ മുതലായ പ്രദേശങ്ങളും അവിടെ ജപ്പാൻകാർ സജ്ജീകരിച്ചിരുന്ന ആധുനികരീതിയിലുള്ള വളരെയധികം യുദ്ധസാമഗ്രികളും സോവ്യററു റഷ്യയുടെ കരങ്ങളിലൊതുങ്ങി. അവയുടെ സഹായത്താൽ ചൈനീസ് കമ്മ്യൂണിസ്റ്റുകൾ കുമിൻടാംഗിനെതിരായ യുദ്ധം മുറുക്കി. അവരുടെ മുന്നേററത്തെ തടുക്കാൻ നിവൃത്തിയില്ലാതെ ചിയാംഗ് ചൈനാ വൻകരവിട്ടു ഫോർമോസാ ദ്വീപിൽ അഭയംപ്രാപിച്ചു. ചൈനാ വൻകര മുഴുവനും കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽ അമരുകയും ചെയ്തു.

### മാവോസെ ടുംഗ് സ്ററാലിന്റെ വിശ്വസ്തശിഷ്യൻ

പെക്കിംഗ് സർവ്വകലാശാലയിൽ ഉപാദ്ധ്യാപകനായിരുന്ന മാവോ 1921-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ അംഗമായി. അന്നു സ്ററാലിൻ സോവ്യററു റഷ്യയിലെ പരമാധികാരസമിതിയായ പൊളിററ് ബ്യൂറോയിലെ അംഗവും പീപ്പിൾസ് കമ്മിസാറും ആയിരുന്നു. ലെനിനും റഷ്യൻ വിപ്ലവകാരികളായ മററു നേതാക്കന്മാരും മാവോയുടെ വീരാരാധനാപാത്രങ്ങളായിരുന്നു. 1925—27-ൽ, ആ പ്രതിസന്ധിഘട്ടത്തിൽ, ചൈനീസ് കമ്മ്യൂണിസ്റ്റുകൾ മോസ്കോയിൽനിന്നാണ് ഉപദേശവും ഉത്തരവും വാങ്ങിക്കൊണ്ടിരുന്നതു. ചിയാംഗുമായുള്ള യുദ്ധത്തിലുണ്ടായ പരാജയങ്ങളാൽ ചൈനീസ്കമ്മ്യൂണിസ്റ്റു നേതാക്കന്മാർ പലരും തുടരെ മോസ്കോയാൽ സ്ഥാനഭ്രംശം ചെയ്യപ്പെട്ടു. അവസാനം മാവോയെ നേതാവായി നിശ്ചയിച്ചു. തന്റെ പാർട്ടി തോല്പിക്കപ്പെടുകയും രാജ്യഭ്രഷ്ടരാക്കപ്പെടുകയും ചെയ്തപ്പോൾ മാവോ ചൈനാവിട്ടു പോയില്ല. തന്റെ അനുഗാമികളുമായി അദ്ദേഹം പ്രോവിൻസുകൾ മാറിമാറി താവളം ഉറപ്പിച്ചു. 1934—35 ൽ തന്റെ സൈന്യവുമായി 9 പ്രോവിൻസുകളിൽക്കൂടി അയ്യായിരം മൈൽ ദീർഘത്തിൽ പ്രസിദ്ധമായ മാർച്ചു നടത്തി, സാക്ഷാലുള്ള ചൈനായിൽനിന്നും തീവണ്ടിപ്പാതകളിൽനിന്നും നാഗരികതാകേന്ദ്രങ്ങളിൽനിന്നും വിദൂരമായ ഷാൻസിയിലെത്തി അവിടെ കമ്മ്യൂണിസ്റ്റു ഗവമ്മെൻറ് സ്ഥാപിച്ചു. ആ കമ്മ്യൂണിസ്റ്റു രാഷ്ട്രം വിസ്തൃതമായിത്തീർന്നതോടുകൂടി മാവോ വലിയ ആളായി. ചൈനയിലെ സ്ററാലിൻ എന്ന നിലയിലാണ് അനുഗാമികൾ അദ്ദേഹത്തെ ഗണിച്ചതു. വിദേശങ്ങളിലെ മററു ഏതു കമ്മ്യൂണിസ്റ്റു നേതാവിനെക്കാളും സ്ററാലിനോടു വിശ്വസ്തതയുള്ള ആൾ മാവോ ആയിരുന്നു. സോവ്യററ്റഷ്യയുടെ സഹായം ഇല്ലായിരുന്നെങ്കിൽ ചൈന പിടിച്ചടക്കുവാൻ തന്റെ പാർട്ടിക്കുസാധിക്കയില്ലായിരുന്നെന്നു അദ്ദേഹം ഒന്നിലധികംപ്രാവശ്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ചൈനായെ സോവ്യററ് യൂണിയനോടു ചേർത്ത് മഹത്തായ രാഷ്ട്രമാക്കണമെന്നാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിശ്വസ്തതക്കു സമ്മാനമായി മാവോയെ സ്ററാലിൻ സൈനികമായും തന്ത്രപരമായും പരിരക്ഷിച്ചാണ് പോന്നിട്ടുള്ളതു. 1949 മദ്ധ്യത്തിൽ മാവോ ലോകത്തോടു പ്രഖ്യാപിച്ചതിങ്ങനെയാണ് :—

"യു. എസ്. എസ്. ആറിന്റെ നേതൃത്വത്തിലുള്ള ഇമ്പീരിയലിസ്റ്റ് വിരുദ്ധനിരയിലാണ് ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്നതു. ആ നിരയിൽനിന്നു സഹായവും പരമാർത്ഥമായ സൗഹാർദ്ദതയും ഞങ്ങൾക്കു പ്രതീക്ഷിക്കുവാൻ സാധിക്കൂ, അല്ലാതെ ഇമ്പീരിയലിസ്റ്റു നിരയിൽ നിന്നല്ല. ചൈനായിൽ മാത്രമല്ല, ലോകമാസകലം, ഒന്നെങ്കിൽ ഇമ്പീരിയലിസത്തിന്റെ വശത്തോട്ടോ അല്ലെങ്കിൽ സോഷ്യലിസത്തിന്റെ വശത്തോട്ടോ ആണ് ആരും ചാഞ്ഞുനില്ക്കുന്നതു. നിഷ്പക്ഷത വെറും വേഷംമാത്രമാകുന്നു. ചൈനയിലെ കമ്മ്യൂണിസ്റ്റു വിപ്ലവം യു. എസ്. എസ്. ആറിന്റെ സഹായംകൂടാതെ സാദ്ധ്യമായിരുന്നില്ല. പല രാജ്യങ്ങളിലെയും സാമാന്യജനങ്ങളുടെ പിൻതുണ അതിനു സഹായകവുമായിരുന്നു. ഒന്നെങ്കിൽ കടുവായെ കൊല്ലണം, അല്ലെങ്കിൽ കടുവാക്കു തീററിയായ്ത്തീരണം, ഈ രണ്ടിനുമിടയ്ക്കുള്ള നില സാദ്ധ്യമല്ല."

മാവോ 1933 മുതൽ, സ്ററാലിന്റെ പിടിയിലിരുന്ന സാർവ്വലൗകിക കമ്മ്യൂണിസ്റ്റ് വിപ്ലവസമിതിയുടെ (കൊമിൻടേൺ) അംഗത്വം സജീവമായി എന്നും വഹിച്ചിരുന്നതു ഇവിടെ സ്മർത്തവ്യമാണ്.

### ചൈനീസു കമ്മ്യൂണിസ്റ്റുകൾ സോവ്യററു റഷ്യയുടെ പിണിയാളുകളല്ലേ?

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ദേശീയപാർട്ടിയായ കുമിൻടാംഗിനെതിരായി നടത്തിയ സുദീർഘവും ഭയങ്കരവുമായ യുദ്ധം സോവ്യററ്റഷ്യയുടെ നേതൃത്വത്തിലും സഹായത്തോടുകൂടിയുമാണെന്ന് അതു സംബന്ധിച്ച് ഇതുവരെ നല്കിയ ചുരുങ്ങിയവിവരണം തെളിയിക്കുന്നുണ്ടല്ലോ. എന്നാൽ ഇൻഡ്യാക്കാരായ നമുക്ക് ആ വസ്തുത എളുപ്പത്തിൽ ബോദ്ധ്യംവരുത്തുന്ന ഒരു സംഭവം ഉണ്ട്. ഇൻഡ്യൻകമ്മ്യൂണിസ്റ്റ്പാർട്ടി കഴിഞ്ഞ ലോകമഹായുദ്ധത്തിൽ സോവ്യററുറഷ്യയുടെ താല്പര്യങ്ങളനുസരിച്ചു വശംമാറിയതും, ആ സംഗതി പ്രത്യേകിച്ചും ആധാരമാക്കി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽനിന്നു നെഹ്റുവിന്റേയും പട്ടേലിന്റേയും പാൻറിന്റേയും റിപ്പോർട്ടനുസരിച്ച് അവരെ ബഹിഷ്കരിക്കുകയും ചെയ്തതു് നമുക്കറിവുള്ളതാണല്ലോ. ഇതുപോലൊരു വശംമാററം ചൈനീസ്കമ്മ്യൂണിസ്റ്റ് പാർട്ടിയും നടത്തിയിട്ടുണ്ട്. ഒരു പ്രസിദ്ധ ചൈനീസ് എഴുത്തുകാരൻ (Lin Yu Tang) 1945 മാർച്ചു 24-ാംനു "The Nation" എന്ന അമേരിക്കൻ പത്രത്തിൽ അതിനെപ്പററി എഴുതിയിരുന്നതിങ്ങനെയാണ്:—

"ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങൾ ലോകമെങ്ങുമുള്ള മററു രാജ്യങ്ങളിലെ അംഗങ്ങളോടു സാധർമ്മ്യം വഹിക്കുന്നതിന്റെ രഹസ്യം അടങ്ങിയിരിക്കുന്നതു്, അവരുടെ പ്രഥമമായ രാജ്യഭക്തി മോസ്കോയുടെ നേർക്കാണെന്നുള്ളതിലാകുന്നു. സ്ററാലിൻ ഹിററ്ലറുമായി സന്ധിചെയ്തകാലത്തു് ചൈനീസ് കമ്മ്യൂണിസ്റ്റുകൾ ഏററവുമധികം ഒഴിഞ്ഞുമാറി നിന്നതോ, കൊമിന്റേണിന്റെ എക്സിക്യൂട്ടിവുകമ്മിററി അംഗമായ മാവോസെടുംഗ ഏററവും രൂക്ഷമായി ബ്രിട്ടീഷ വിരുദ്ധവും അമേരിക്കൻ വിരുദ്ധവുമായ നില സ്വീകരിച്ചിരിക്കുന്നതോ റിപ്പോർട്ടു ചെയ്യാത്ത ആളുകളിൽ കുററം ആരോപിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. 1935-43-ൽ പ്രസ്തുതസന്ധിക്കുമുമ്പ് ഹിററ്ലർ ചൈനീസു കമ്മ്യൂണിസ്റ്റുകാരുടെ ദൃഷ്ടിയിൽ "പേപ്പട്ടി"യായിരുന്നു; സന്ധിയുടെ കാലത്താകട്ടെ അദ്ദേഹത്തെ "രാഷ്ട്രപതി" എന്ന മനോജ്ഞനാമമാണ് അവർ വിളിച്ചതു. 1941 ജൂൺ 22-നു ശേഷം അദ്ദേഹം "നിന്ദ്യനായ പട്ടി"തന്നെയായി. ചുങ്കിങ്ങിലെ കമ്മ്യൂണിസ്റ്റ് പ്രതിദിനപത്രത്തിലെ ഒരു ഡസൻ മുഖപ്രസംഗങ്ങൾ തീയതികളോടുകൂടി ഇതിനു സാക്ഷ്യമായി ഉദ്ധരിക്കുവാൻ എനിക്കു കഴിയും. ജൂൺ 22-നു 40 ദിവസം മുൻപു, 1941 മെയ് 12-ാംനു യിലെ മുഖപ്രസംഗം "യൂറോപ്യൻ യുദ്ധത്തിൽ ഇടപെടരുതേ" എന്നായിരുന്നില്ലേ? പരിപൂർണ്ണമായ "നിഷ്പക്ഷത" മാവോസെടുംഗ് നിഷ്കർഷമായി ആവശ്യപ്പെട്ടില്ലേ? റൂസ്‌വെൽട്ട് ഇംഗ്ലണ്ടിനു നല്കിയ ലെൻറ് ലീസ് എന്ന വായ്പസമ്പ്രദായം "അയഥാർത്ഥമായ നിഷ്പക്ഷത"യാണെന്നും, അതിന്റെ ഉദ്ദേശം യു. എസ്സിനെ "രണ്ടാം സാമ്രാജ്യയുദ്ധത്തിൽ കൊണ്ടു ചാടിക്കുക"യാണെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടില്ലേ? ജപ്പാന്റെ മഞ്ചൂക്കോ ആക്രമണം സ്ററാലിൻ അംഗീകരിച്ചതു കമ്മ്യൂണിസ്റ്റുകാർ ശരിവച്ചതെന്തുകൊണ്ടു? മാവോസെടുംഗ് ആംഗ്ലോ അമേരിക്കന്മാരെ "പട്ടികളുടെ മക്കൾ" എന്നു വിളിക്കുകയും, അതേ വാചകത്തിൽ ജപ്പാൻകാരെ ചീത്തപറയാതിരിക്കുകയും ചെയ്തതെന്തുകൊണ്ടു? ആംഗ്ലോ അമേരിക്കൻകാരുടേയും ജപ്പാൻകാരുടേയും സാമ്രാജ്യദുർമ്മോഹം വ്യത്യസ്തമാണെന്നു വിചാരിക്കുന്നവരെ അദ്ദേഹം അപഹസിക്കുന്നതെന്തുകൊണ്ടു്?"

ചൈനീസ് കമ്മ്യൂണിസ്റ്റുകൾ ഇതര രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകളെപ്പോലെയല്ലെന്നും, കമ്മ്യൂണിസ്റ്റ് ചൈന സോവ്യററു റഷ്യയുടെ പിടിയിലല്ലെന്നും ചില വൻകിട കോൺഗ്രസ്സ് നേതാക്കന്മാർപോലും പരസ്യമായി പ്രസ്താവിച്ചു കേട്ടിട്ടുണ്ട്. കമ്മ്യൂണിസത്തിന്റെ ശരിയായ സ്വഭാവം തത്വത്തിലും പ്രയോഗത്തിലും അറിഞ്ഞിട്ടുള്ളവർക്ക് ഈ അഭിപ്രായങ്ങൾ സ്വീകാര്യമായി തോന്നാത്തതിൽ ആശ്ചര്യമില്ല. മാവോ വേറൊരു ടിറേറായാണെന്നാണ് ചിലരുടെ യുക്തി. കമ്മ്യൂണിസ്റ്റ്യൂഗോസ്ലാവിയാ സ്ററാലിന്റെ വിശ്വസ്തശിഷ്യനായിരുന്ന ടിറേറായുടെ കീഴിൽ സ്വതന്ത്രമായും, സ്ററാലിനേയും അദ്ദേഹത്തിന്റെ

പിണിയാളുകളായ തെക്കുകിഴക്കൻ യൂറോപ്പിലെ രാഷ്ട്രാധിപന്മാരെയും വെല്ലുവിളിച്ചു നില്ക്കുന്നെങ്കിൽ, കമ്മ്യൂണിസ്റ്റു ചൈനയ്ക്കു് എന്തുകൊണ്ടങ്ങനെ ചെയ്തുകൂടായെന്നാണു്, അവരുടെ ചോദ്യം. അതിന്നൊരു മറുപടി, ടിറ്റോവയെ കുററം വിധിക്കുന്നതിൽ മാവോ ഒട്ടും അമാന്തിച്ചില്ലെന്നാണു്. രണ്ടാമത്തെ മറുപടി, യൂഗോസ്ലാവിയായുടേയും ചൈനായുടേയും ഭൂമിയുടെ കിടപ്പിലുള്ള വ്യത്യാസമാണു്. യൂഗോസ്ലാവിയ യൂറോപ്പിലാണെങ്കിലും സോവ്യററു് റഷ്യയുടെ അതിർത്തിയിൽനിന്നകന്നാണു കിടക്കുന്നതു്. നേരെമറിച്ചു് ചൈനയുടെ അതിർത്തിപ്രദേശങ്ങൾ പലതും സോവ്യററു റഷ്യയുടെ പിടിയിലമന്നിരിക്കുകയാണു്. പടിഞ്ഞാറു് ആഫ്ഗാൻ അതിർത്തിമുതൽ, കിഴക്കു് കൊറിയൻ അതിർത്തിവരെ, വടക്കെ ചൈനാ മുഴുവനും അര നൂററാണ്ടിലധികമായി റഷ്യയുടെ പ്രത്യേകതാല്പര്യത്തിനു വിഷയീഭവിച്ചുപോന്നു. അക്കാലത്തിനിടയിൽ റഷ്യ പുറം (Outer) മംഗോളിയായെ ചൈനയിൽനിന്നു വേർപെടുത്തിയെടുത്തു്, സോവ്യററു യൂണിയനിലെ ഒരു ഭാഗത്തോടു് (Tann-Tuva) ഔപചാരികമായിച്ചേർത്തുകഴിഞ്ഞു. സിങ്കിയാങ്ങുപ്രോവിൻസിൻെറ അധികഭാഗവും സോവ്യററു് റഷ്യയുടെ പിടിയിലമന്നിരിക്കുകയാണു്. മഞ്ചൂറിയ മുഴുവനും യുദ്ധാവസാനത്തോടുകൂടി റഷ്യ കൈവശപ്പെടുത്തുകയും ചെയ്തു. ഈ നിലയിൽ കമ്മ്യൂണിസ്റ്റു് ചൈന സോവ്യററു് റഷ്യയുടെ താളത്തിനു തുള്ളാതെ നിവൃത്തിയില്ല. മാവോയും സ്റ്റാലിനും തമ്മിൽ ഏതാനും മാസങ്ങൾക്കുമുൻപു് 30 കൊല്ലത്തേക്കായി ചെയ്ത ഉടമ്പടിയിൽ റഷ്യ ചൈനയ്ക്കു പണവും സാധനസാമഗ്രികളും വായ്പ നൽകാമെന്നു സമ്മതിച്ചിട്ടുണ്ടു്. സോവ്യററു റഷ്യയുടെ ശത്രുക്കളെ തൻെറയും ശത്രുക്കളായി ഗണിച്ചുകൊള്ളാമെന്നും, അവരുമായി യുദ്ധമുണ്ടായാൽ റഷ്യയുടെ ഭാഗത്തു ചേർന്നു കൊള്ളാമെന്നും മാവോയും ഏററിരിക്കുന്നു. കമ്മ്യൂണിസ്റ്റു് ചൈന സൈനികമായും സാമ്പത്തികമായും വ്യാവസായികമായും വലിയ ദാരിദ്ര്യത്തിലാണെന്നു സർവസമ്മതമാണു്. അമേരിക്കായുടെ സഹായം തനിക്കു വേണ്ടെന്നും റഷ്യയുടെ സഹായം മതിയെന്നും മാവോ പ്രഖ്യാപിച്ചതു നാം കേട്ടുവല്ലോ. സ്റ്റാലിൻെറ സാമ്രാജ്യമോഹവും, അതു പ്രയോഗത്തിൽ വരുത്തുവാൻ ഏതു നയവുംസ്വീകരിക്കുവാനുള്ള അദ്ദേഹത്തിൻെറ സന്നദ്ധതയും, യുദ്ധാനന്തരം പ്രത്യേകിച്ചും അദ്ദേഹം നടത്തിയിട്ടുള്ള ആക്രമണങ്ങളും ആർക്കാണറിഞ്ഞുകൂടാത്തതു? തന്മൂലം പസിഫിക്കിൽ തൻെറ സ്വാധീനം ഉറപ്പിക്കുവാനും വിപുലീകരിക്കുവാനും, അങ്ങനെ തെക്കുകിഴക്കൻ ഏഷ്യ മുഴുവനും തൻെറ പിടിയിൽ കൊണ്ടുവരുവാനും കമ്മ്യൂണിസ്റ്റു് ചൈനായെ അദ്ദേഹം ഉപകരണമാക്കുകയില്ലെന്നു് ആരറിഞ്ഞു?

സൺയൊററു സെന്നിൻെറ പുത്രൻ, ഏററവും പഴമപരിചയമുള്ള രാജ്യതന്ത്രജ്ഞൻ, ഡാക്ടർ സൺഫോ (Sun Fo) ചൈനയുടേയും റഷ്യയുടേയും സഹകരണത്തെ തീവ്രമായി സമാദരിക്കുന്നആളാണു്. മഞ്ചൂറിയായുടെ 85 ശതമാനവും പിടിയിലാക്കിയ ചൈനീസ് കമ്മ്യൂണിസ്റ്റു് സേനയെ സഹായിച്ചതിൽ സോവ്യററു് റഷ്യയെ കുററാരോപണംചെയ്തു് "North China Daily News" എന്ന പത്രത്തിൽ 1947 ജൂൺ 21-ാം അദ്ദേഹം എഴുതിയ വാക്കുകൾ അർത്ഥഗർഭങ്ങളാണു്.

"വിഭവസമ്പന്നമായ ഈ പ്രദേശത്തെ (മഞ്ചൂറിയ) പിടിച്ചടക്കുവാൻ ജപ്പാൻെറ സ്ഥാനത്തു സോവ്യററുയൂണിയൻ രംഗപ്രവേശം ചെയ്തുകൊണ്ടു് പുതിയ ശ്രമം നടക്കുന്നതു നാമിപ്പോൾ കാണുന്നു. മഞ്ചൂറിയായെ പിടിയിലാക്കുവാൻ അര നൂററാണ്ടിലധികമായി റഷ്യ ശ്രമിച്ചുവരികയാണു്. യാൾട്ടായിലേതെന്നു വിളിക്കപ്പെടുന്ന ഉടമ്പടി പ്രസ്തുത സൈനികപ്രവർത്തനങ്ങൾക്കു് ആധാരമായി ഈയിടെ നിർമ്മിക്കുകയും ചെയ്തു. എൻെറ അഭിപ്രായത്തിൽ ഒരു പുതിയ ലോകമഹായുദ്ധം മഞ്ചൂറിയായിൽ ഉടലെടുക്കുകയാണെന്നുള്ളതിൽ സംശയമില്ല. മഞ്ചൂറിയ കൊറിയായുടേയും ജപ്പാൻേറയും താക്കോലാണു്. മഞ്ചൂറിയ റഷ്യയുടെ പാവയായിത്തീർന്നാൽ പ്രസ്തുത രണ്ടു രാജ്യങ്ങളും ആ വഴി പോകും. ചൈന കമ്മ്യൂണിസ്റ്റായിത്തീർന്നാൽ, ഇൻഡ്യായും തെക്കുകിഴക്കൻ ഏഷ്യയിലെ രാഷ്ട്രങ്ങളും അവളെ അനുഗമിക്കുമെന്നുള്ളതു തീർച്ചയാണു്."

സോവ്യററുചൈനയെ ഇൻഡ്യ അംഗീകരിച്ചുകഴിഞ്ഞു. ഇരുരാജ്യങ്ങളും പരസ്പരം സ്ഥാനപതികളെ നിയമിക്കുകയും ചെയ്തു. യു. എൻ. ഒ. യിൽ കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു പ്രാതിനിധ്യം നൽകണമെന്നു സോവ്യററു് റഷ്യയുടെ വാദം ഇൻഡ്യ സ്വീകരിച്ചിരിക്കുന്നു. അതു പ്രയോഗത്തിൽ വരുത്താൻ പ്രധാനമന്ത്രി പണ്ഡിതജി നേരിട്ടും യു. എൻ. ഒ. യിലെ ഇൻഡ്യൻ പ്രതിനിധിവഴിയായും തുടരെ ശ്രമം ചെയ്തുകൊണ്ടുമിരിക്കുന്നു. കമ്മ്യൂണിസ്റ്റു് ചൈനയുടെ പ്രാതിനിധ്യം സ്വീകരിച്ചില്ലെങ്കിൽ യു. എൻ. ഒ. തകർന്നേക്കുമെന്നും ഇൻഡ്യ ഭയപ്പെടുന്നുണ്ടു്. കമ്മ്യൂണിസ്റ്റു് ചൈനയുടെ കമ്മ്യൂണിസ്റ്റാദർശത്തെ വിഗണിച്ചുകൊണ്ടു്, യാഥാർത്ഥ്യങ്ങളെ മാത്രം മുൻനിർത്തി, കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു യു. എൻ. ഒ. യിൽ പ്രാതിനിധ്യം നൽകേണ്ടതാണെന്നു് നാസിക്കിൽ കൂടിയ കോൺഗ്രസ് വാർഷികത്തിലെ സമ്മേളനങ്ങളിൽ തൽസംബന്ധം പാസാക്കിയ പ്രമേയത്തെ വിശദീകരിച്ചു് പണ്ഡിതജി പ്രൗഢമായി പ്രസംഗിച്ചു. എന്നിട്ടും അമേരിക്ക കമ്മ്യൂണിസ്റ്റു് ചൈനയുടെ പ്രാതിനിധ്യം സമ്മതിക്കുവാൻ തയാറായിക്കാണുന്നില്ല. അമേരിക്കയുടെ ഭയം തീരെ അടിസ്ഥാനരഹിതമാണോ? അതിൻെറ അടിയിലും യാഥാർത്ഥ്യമില്ലയോ? തങ്ങളെ സംഹരിക്കുവാൻ ശപഥംചെയ്തിരിക്കുന്ന സോവ്യററു് റഷ്യയുടെ പിണിയാളായി ചൈനാ തീർന്നാൽ തങ്ങളുടെ അസ്തിത്വത്തിനുപോലും ആപത്തുണ്ടാവുകയില്ലയോയെന്നു് അമേരിക്ക ഭയപ്പെടുന്നെങ്കിൽ ആശ്ചര്യത്തിനവകാശമുണ്ടോ?

മോസ്കോയിലെ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ ഔദ്യോഗികപത്രമായ "പ്രവദാ" 1928 സെപ്ററംബർ 9-ാംനു ചെയ്ത പ്രസ്താവം ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. "ചൈനീസു് (കമ്മ്യൂണിസ്റ്റു്) വിപ്ലവം സാർവലൗകികവിപ്ലവത്തിൻെറ ഡിപ്പോ ആണു്. അതു സോഷ്യലിസ്റ്റു് സോവ്യററു് റിപ്പബ്ളിക്കുകളുടെ യൂണിയൻെറ പിന്നണിശക്തിയാകുന്നു." സോവ്യററുറഷ്യയുടെ സാർവലൗകികവിപ്ലവാദർശം യഥാർത്ഥീകരിക്കുന്നതിനുള്ള ഉപകരണമാണു് ചൈനയിലെ കമ്മ്യൂണിസ്റ്റു് വിപ്ലവമെന്നല്ലയോ ഇതിൻെറ അർത്ഥം? "മോസ്കോയിൽനിന്നു പാരീസിലേക്കുള്ള റോഡു് പെക്കിംഗിലും ഷാംഗായിലും കൽക്കട്ടായിലും കൂടിയാണു പോകുന്നതു്" എന്ന ലെനിൻെറ പ്രസ്താവവും ചിന്താർഹമാണു്. "രാഷ്ട്രങ്ങളുടെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന സർവശക്തനായ ദൈവം" തന്നെ ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുന്ന ഈ മഹാപ്രശ്നത്തിൽ മാർഗ്ഗദർശം നൽകുവാൻ നമുക്കു പ്രാർത്ഥിക്കാം.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

8 ഞാ: പന്തക്കുസ്താ 19-ാം ഞായർ
ക. മറിയത്തിൻെറ മാതൃത്വം
9 തി: ദ്യോനേസീസും റുസ്തീക്കോസും
10 ചൊ: ഫ്രാൻസിസ് ബോർജിയ
11 ബു: റെമീജിയോസ്
12 വ്യാ: ബ്രിജീത്ത
13 വെ: എഡ്വാർദോസ്
14 ശ: കലിസ്റ്റോസ്

## ജപാപ്പസ്തോലസഖ്യം

പൊതുനിയോഗം: അഗതികളും അവശരുമായവർക്കുവേണ്ടിയുള്ള ഉപവിപ്രവൃത്തികൾക്കായി. മിഷൻ നിയോഗം: മിഷൻ രാജ്യങ്ങളിലെ രോഗികൾക്കായി.


അത്ഭുതപ്രവർത്തകയായ

# കൊരട്ടിമുത്തിയുടെ തിരുനാൾ

വളരെ പുരാതനമായി കൊരട്ടിപള്ളിയിൽ ആണ്ടുതോറും ആഘോഷിക്കാറുള്ള കൊരട്ടിമുത്തിയുടെ തിരുനാൾ ഒക്ടോബർ 8-ാം തീയതി (കന്നി 22) ഞായറാഴ്ച തുടങ്ങി ഒക്ടോബർ 15-ാം തീയതി (കന്നി 29) ഞായറാഴ്ച അവസാനിക്കുന്നതാകുന്നു. ടി. ദിവസങ്ങളിൽ വിശ്വാസികൾക്കു പാപസങ്കീർത്തനംചെയ്തു വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു വേണ്ട സൗകര്യങ്ങളെല്ലാം ഉണ്ടായിരിക്കുന്നതാണെന്നു സകല ജനങ്ങളെയും അറിയിച്ചുകൊള്ളുന്നു.

എന്നു്, വികാരി

## കാത്തലിക്ക് സിറിയൻ ബാങ്ക്, ക്ലിപ്തം

ഹെഡാഫീസ്സ്—തൃശ്ശിവപേരൂർ

ആവശ്യപ്പെടുമ്പോൾ ഉടനെ സംഖ്യ മടക്കി അടക്കുവാൻ സാധിക്കുന്ന നല്ലനിലയിൽ ബിസിനസ്സ് നടത്തുന്നവർക്കു് വസ്തു ഈടിന്മേൽ ഞങ്ങളുടെ തൃശ്ശൂർ ബ്രാഞ്ചിൽനിന്നും ഓവർ ഡ്രാഫ്റ്റു പ്രകാരം സംഖ്യ അനുവദിക്കുന്നതാണു്.

തൃശ്ശൂർ,
27—9—50

ജനറൽ മാനേജർ


## For favours received



പി. യു. ജോസഫ്
കോതമംഗലം

വേദശാസ്ത്രപംക്തി

## ദണ്ഡവിമോചനം

ലോകരക്ഷകനായ മിശിഹാ സ്വന്തം സഭയ്ക്കു ദണ്ഡവിമോചനം യുക്ത്യനുസരണം നല്കുവാനുള്ള വരം പ്രദാനംചെയ്തിട്ടുണ്ടെന്നു വേദപുസ്തകം അസന്ദിഗ്ദ്ധമായി ഉൽഘോഷിക്കുന്നുണ്ടു്. അപ്പസ്തോലപ്രമുഖനോടു് അവിടുന്നു കല്പിച്ചരുളി: "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും." ശ്ലീഹന്മാരെല്ലാവരും ഒന്നിച്ചുകൂടിയിരുന്ന സന്ദർഭത്തിലും അവിടുന്നു അതേ അധികാരം അവർക്കും നല്കിയനുഗ്രഹിച്ചു. പ്രസ്തുതാധികാരദാനം സൂചിപ്പിക്കുന്നതു് എന്താണു്? നിത്യരാജ്യത്തിലേക്കുള്ള പ്രവേശനത്തിൽനിന്നു തൻെറ അരുമസന്താനങ്ങളെ തടഞ്ഞുനിറുത്തുന്ന ഏതു പ്രതിബന്ധങ്ങളിൽനിന്നും അവരെ വിടുതലാക്കുവാനുള്ള പരമാധികാരമാണു ക്രിസ്തു തിരുസ്സഭയ്ക്കു നല്കിയതു്. പാപവും പാപംമൂലമുളവാകുന്ന പരിഹാരക്കടവുമാണു് ഒരു മനുഷ്യനെ സ്വർഗ്ഗരാജ്യത്തുനിന്നു അകററി നിറുത്തുന്നതു്. ഇവയിൽ ഏററം ഗുരുതരമായ പ്രതിബന്ധം പാപം തന്നെ; സംശയമില്ല. അതു നീക്കിക്കളയുവാനുള്ള അധികാരം സഭയ്ക്കുണ്ടു്. എന്നാൽ അതിലും തുലോം നിസ്സാരമായൊരു തടസ്സമാണു താല്ക്കാലികശിക്ഷ. ആകയാൽ അതുംകൂടി തുടച്ചുനീക്കുവാനുള്ള അധികാരവും തിരുസഭയ്ക്കു തദധിനാഥൻ പ്രദാനംചെയ്തിട്ടില്ലെന്നു വരുമോ!

ആദ്യകാലം മുതല്ക്കേ തിരുസഭാദ്ധ്യക്ഷന്മാർ പാപികൾക്കു കാനോനികമായ പ്രായശ്ചിത്തങ്ങൾ കല്പിക്കുക പതിവായിരുന്നു. പാപത്തിൻെറ ഗൗരവമനുസരിച്ചു ദീർഘകാലത്തേക്കുള്ള നോമ്പു്, ഉപവാസം, ചാക്കുവസ്ത്രധാരണം, പരസ്യമായ ക്ഷമാപേക്ഷ ആദിയായവയായിരുന്നു അവയിൽ പ്രധാനം. മരണംവരെ നീണ്ടുനില്ക്കുന്ന ശിക്ഷകളും ദുർല്ലഭമല്ലായിരുന്നു. എന്നാൽ പലപ്പോഴും ഈദൃശശിക്ഷകൾ തിരുസഭ യുക്തംപോലെ മാപ്പുകൊടുക്കുകയോ, ഇളവുചെയ്യുകയോ ചെയ്യാറുണ്ടായിരുന്നു. ശിക്ഷ കല്പിക്കുന്ന അധികാരിക്കു് അതു ലഘുവാക്കിപ്പകർത്തുവാനും റദ്ദാക്കുവാൻതന്നെയും അധികാരമുണ്ടല്ലോ. കെട്ടുവാൻ മാത്രമല്ല, അഴിക്കുവാനുമുള്ള അധികാരം ക്രിസ്തു അവിടുത്തെ സഭയ്ക്കു നല്കീട്ടുണ്ടു്. താദൃശദണ്ഡവിമോചനം അനുവദിക്കുവാൻ സഭാധികാരികളെ പ്രേരിപ്പിച്ചിരുന്നതു രണ്ടു സാഹചര്യങ്ങളാണു: അനുതാപികളുടെ പശ്ചാത്താപാധിക്യം; രക്തസാക്ഷിമരണത്തിനു വിധിക്കപ്പെട്ടിരുന്ന വിശ്വാസികളുടെ ശുപാർശികൾ. സിപ്രിയൻ, ടെർട്ടുല്യൻ ആദിയായ പ്രാചീന സഭാസാക്ഷികളുടെ ഗ്രന്ഥങ്ങളിൽ ഇപ്പറഞ്ഞതിനു പല ഉദാഹരണങ്ങളും കാണാം.

നിഖ്യാസൂനഹദോസും, മററു പല സൂനഹദോസുകളും അനുതാപികൾ അസാധാരണവും ആത്മാർത്ഥവുമായ മനസ്താപലക്ഷണങ്ങൾ പ്രകടിപ്പിച്ചതായി ബോദ്ധ്യപ്പെട്ടാൽ, അവരുടെ പരസ്യപ്രായശ്ചിത്ത പരിപാടികളെ ലഘൂകരിക്കുവാനൊ, പാടെ വിമോചിക്കുവാനൊ മെത്രാന്മാർക്കു് അധികാരമുണ്ടെന്നു സിദ്ധാന്തിക്കയുണ്ടായി. ഇക്കാലത്തെ ദണ്ഡവിമോചനങ്ങളുടെ സ്ഥാനമാണു് അന്നത്തെ പ്രസ്തുത ലഘൂകരണങ്ങൾക്കും വിമോചനങ്ങൾക്കും ഉണ്ടായിരുന്നതു്. ഈദൃശവിമോചനമാകട്ടെ സഭാസമക്ഷം മാത്രമല്ലാ ദൈവസന്നിധിയിലും ഫലപ്രദമായിരുന്നു. കാലാന്തരത്തിൽ കാനോനികപ്രായശ്ചിത്തസമ്പ്രദായം പ്രയോഗത്തിലില്ലാതെ വന്നു. എന്നിരുന്നാലും പാപങ്ങൾക്കുള്ള കാലത്തിനടുത്ത ശിക്ഷയനുഭവിക്കേണ്ട ആവശ്യം അസംഗതമായി വരികയോ, പാപങ്ങൾക്കു നിത്യനീതിമാനായ ദൈവം താല്ക്കാലികശിക്ഷകളേല്പിക്കുന്ന പതിവിനു ഏതെങ്കിലും മാററം സംഭവിക്കുകയോ ചെയ്തിട്ടില്ല. കാനോനികശിക്ഷാസമ്പ്രദായത്തിനു ബദലായിട്ടല്ലെങ്കിലും, പരിഹാരക്കടത്തിനുള്ള ലഘുമാത്രമെങ്കിലും അത്യധികം അനുഗ്രഹപ്രദവും ഫലയുക്തവുമായ പ്രതിവിധിയായി ദണ്ഡവിമോചനം എല്ലാകാലത്തും തിരുസഭയിൽ നിലവിലുള്ളതാണു്.

(പി. കെ.)

## ഇടവകവാർത്തകൾ

പുതുശരി ഇംഗ്ലീഷ് ഹൈസ്കൂളിൽ സ്ഥാപിതമായിരിക്കുന്ന എം. സി. എസ്. എൽ. ൻെറ ഒരു യോഗം പണ്ഡിറ്റ് കെ. ടി. തോമസിൻെറ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 22-ാംനു കൂടിയിരിക്കുന്നു. മി. വി. ജോർജ്ജ് ബി. എസ്. സി. പ്രസംഗിച്ചു.

—കൂടല്ലൂർ വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ സെപ്റ്റംബർ 24-ാംനു റവ. ഫാ. മാത്യു നടയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ശ്രീ വി. വി. സെബാസ്റ്റ്യൻ ബി. എ ബി. എൽ., ശ്രീ വി. വി. വക്കി, ശ്രീ ജോർജ്ജ് ടി. വലിയതാഴത്തു എന്നിവർ പ്രസംഗിച്ചു.

—മുണ്ടൂർ: ഉത്തരീയസഭയുടെ പ്രചരണാർത്ഥം സെപ്റ്റംബർ 24-ാംനു റവ. ഫാ. ലൂസിയസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും ശ്രീ എം ടി. ആൻറണി പ്രസംഗിക്കുകയും ചെയ്തു.

—കണ്ണങ്കര: റവ. ഫാ. പീറ്റർ ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 24-ാംനു കൂടിയ യോഗത്തിൽവച്ചു വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ശ്രീ മാത്യു പോൾ, ശ്രീ കെ. സി. ചാക്കൊ ബി. എ. എന്നിവർ പ്രസംഗിച്ചു.

—മട്ടചിറ: റവ. ഫാ. പോൾ പള്ളത്തുകുഴി അവർകളുടെ സ്ഥലംമാററം പ്രമാണിച്ചു ഇടവകയിലെ വിവിധ സംഘടനകളുടെ അഭിമുഖ്യത്തിൽ ഒരു യാത്രയയപ്പു യോഗം കൂടിയിരിക്കുന്നു.

—തൃശ്ശൂർ സെൻറ് മേരീസ് ഹോസ്റ്റലിൽ 16 വർഷം വാർഡനായിരുന്ന റവ. ഫാ. എസ്. എം. തട്ടിൽ എം. എ. അവർകൾക്കു സെപ്റ്റംബർ 24-ാംനു ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു. തദവസരത്തിൽ ഇപ്പോഴത്തെ വാർഡനായ റവ. ഫാ. എ. വടാശേരി എം. എ. എം. എസ് സി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയുണ്ടായി.

—തൃശ്ശൂർ: മലബാർ മിഷനറിയൂണിയൻ അംഗങ്ങളായ 7 സഹോദരന്മാർ ഒക്ടോബർ 3-ാംനു സന്യാസവസ്ത്രം സ്വീകരിക്കുകയും നൊവീസ്യാത്തു ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

—അലക്സ് നഗർ കോളനി: ഉപരിപഠനത്തിനായി റോമിലേക്കു പോകുന്ന റവ. ഫാ. ചാക്കൊ മുല്ലൂർ അവർകൾക്കു റവ. ഫാ. മാത്യു അയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽവച്ചു ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു.

—നായരമ്പലം: വാടേൽപ്പള്ളിസ്കൂൾഹാളിൽ ഒക്ടോബർ 1-ാംനു റവ. ഫാ. ബൊനവഞ്ചർ നടുവത്തേഴത്തു അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയയോഗത്തിൽവച്ചു "ബൊസ്കോക്ലബ്ബ്" എന്ന പേരിൽ ഒരു സംഘടന ഉൽഘാടനം ചെയ്തിരിക്കുന്നു.

### ചരമം

തോട്ടയ്ക്കാട്ട്: കുഴിവയലിൽ ശ്രീമതി ഏലിയാമ്മ 85-ാമത്തെ വയസ്സിൽ സെപ്റ്റംബർ 25-ാംനു നിര്യാതയായിരിക്കുന്നു.

—കോതമംഗലം സെൻറ് ജോർജ്ജ്സ് ഹൈസ്കൂൾ വിദ്യാർത്ഥി ചാലിൽ ശ്രീ വർഗ്ഗീസ് സെപ്റ്റംബർ 21-ാംനു വിഷഭയംമൂലം നിര്യാതനായിരിക്കുന്നു.

—തൈക്കാട്ടുശേരി: കൊച്ചുകളത്തു ശ്രീ ഉലഹന്നാൻ തോമസ് 18-ാമത്തെ വയസ്സിൽ സെപ്റ്റംബർ 25-ാംനു നിര്യാതനായിരിക്കുന്നു.

R. I. P.


### കത്തോലിക്കനെ നിയമിക്കുന്നു

ഐക്യരാഷ്ട്ര സമിതിയിലേക്കുള്ള പാക്കിസ്ഥാൻ ഡെലിഗേഷനിലെ ഒരംഗമായി മി. ചാറത്സ് മാനുവൽ ലോബോ, കെ. എസ്. ജി. യെ നിയമിച്ചിരിക്കുന്നു. പാക്കിസ്ഥാനിൽ ഉത്തരവാദപ്പെട്ട ഒരു സ്ഥാനത്തേക്കു ഒരു കത്തോലിക്കനെ നിയമിക്കുന്നതു ഇതാദ്യമായിട്ടാണു. മി. ലോബോ സിൻഡ് ഹൈക്കോടതിയിലെ ഒരു റിട്ടയേർഡ് ചീഫ് ജസ്റ്റീസാണു.

### മാർപ്പാപ്പായുടെ സംഭാവന

ആസാമിലുണ്ടായ ഭൂചലനം നിമിത്തം യാതനകൾ അനുഭവിക്കുന്ന ജനങ്ങളുടെ ദാരുണാവസ്ഥയിൽ സഹതാപം പ്രകടിപ്പിക്കുകയും അവരുടെ ദുരിതനിവാരണത്തിനായി 15000 ക സംഭാവന ചെയ്യുകയും ചെയ്തുകൊണ്ടു മാർപ്പാപ്പാ തിരുമേനി ഇൻഡ്യാഗവമ്മെൻറിനു ഒരു സന്ദേശമയച്ചിരിക്കുന്നു. പ്രസ്തുത സഹതാപപ്രകടനത്തിനും സംഭാവനയ്ക്കും ഇൻഡ്യാഗവമ്മെൻറു കൃതജ്ഞത പ്രകാശിപ്പിച്ചിട്ടുണ്ടു.

### ജൂബിലേറിയന്മാർ



ഇടത്തുനിന്നു വലത്തോട്ടു. ഫാ. ബെവർട്ട്സ്, ഫാ. ഡ്യൂപ്ലോ, ബ്രദർ പീയേറ്റേഴ്സ്.

കാൻഡി പേപ്പൽ സെമ്മിനാരിയിലെ റവ. ഫാ. ഡ്യൂപ്ലോ എസ്. ജെ. (84 വയസ്സ്) അവർകളുടെ പൗരോഹിത്യത്തിൻെറ സുവർണ്ണ ജൂബിലിയും, റവ. ഫാ. ബെവർട്ട്സ എസ്. ജെ. (78 വയസ്സ്) അവർകളുടെ സന്യാസസഭാപ്രവേശത്തിൻെറ വജ്രജൂബിലിയും, റവ. ബ്രദർ പീയേറ്റേഴ്സ് എസ്. ജെ. അവർകളുടെ സന്യാസസഭാപ്രവേശത്തിൻെറ സുവർണ്ണജൂബിലിയും ഇക്കഴിഞ്ഞ സെപ്റ്റംബർ 23-ാംനു ആഘോഷിച്ചിരിക്കുന്നു.

## "സത്യദീപം"

### റീമെയിലിംഗ് പ്രസ്ഥാനം

(ഫാദർ ഇഞ്ചെയ്ക്കലോടി, പന്തളം)

പ്രതീക്ഷയിൽ കവിഞ്ഞുള്ള വിജയമാണു "സത്യദീപം റീമെയിലിംഗ് പ്രസ്ഥാന"ത്തിനു ഇതിനകം ലഭിച്ചിട്ടുള്ളതെന്ന വിവരം ഇതിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന എവരേയും സസന്തോഷം അറിയിച്ചുകൊള്ളുന്നു. കേരളത്തിൻെറ നാനാഭാഗങ്ങളിലുമുള്ള സത്യാന്വേഷികളായ 450-ഓളം അകത്തോലിക്കാസഹോദരന്മാർക്കു "സത്യദീപം" സൗജന്യമായി ലഭിക്കുന്നതിനും വായിക്കുന്നതിനുമുള്ള സൗകര്യമത്രേ ഇതുമൂലം ലഭിച്ചിരിക്കുന്നതു. സത്യദീപം കൂടാതെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അനേകം മാസികകളും പുസ്തകങ്ങളും തങ്ങളുടെ അകത്തോലിക്കാ സഹോദരന്മാർക്കു അയച്ചുകൊടുക്കുന്നതിലും കത്തോലിക്കാസഹൃദയന്മാർ അതിയായ ഔത്സുക്യം പ്രകടിപ്പിക്കുന്നുണ്ടു. ഇപ്രകാരം ലഭിക്കുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുന്നതിൽ മാത്രമല്ല, തങ്ങളുടെ ബന്ധുമിത്രാദികളായ അകത്തോലിക്കരെക്കൊണ്ടു വായിപ്പിക്കുന്നതിലും പല അകത്തോലിക്കരും താല്പര്യം പ്രദർശിപ്പിക്കുന്നതായി അറിയുന്നു. അപൂർവ്വം ചില വ്യത്യസ്തങ്ങൾ കാണുമെങ്കിൽ അതു കാര്യമായി പരിഗണിക്കേണ്ടതുമില്ല. ഏതായാലും ഈ പ്രസ്ഥാനം വിജയപ്രദമാക്കിത്തീർത്ത എല്ലാ കത്തോലിക്കരോടുമുള്ള ഹൃദയപൂർവ്വകമായ കൃതജ്ഞത ഇത്തരുണത്തിൽ പ്രകടിപ്പിച്ചുകൊള്ളുന്നു.

പ്രത്യേകവ്യക്തികൾ മാത്രമല്ല, കത്തോലിക്കാപ്രവർത്തനസംഘം, മിഷൻ സഹായലീഗ്, സൊഡാലിററി, വിൻസെൻറ ഡി പോൾ സൊസൈററി ആദിയായ വിവിധസംഘടനകൾ മുഖേനയും "സത്യദീപം" ശേഖരിച്ചു റീമെയിലിംഗ് നടത്തിക്കൊണ്ടിരിക്കുന്നതും അനുമോദനാർഹമത്രേ. എന്നാൽ ഇതിലെല്ലാം അഭിനന്ദനാർഹമായിട്ടുള്ളതു ചില കത്തോലിക്കാവിദ്യാർത്ഥികൾ ഇക്കാര്യത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന ശുഷ്കാന്തിയത്രേ. അകത്തോലിക്കരായ തങ്ങളുടെ വിദ്യാർത്ഥിസഹോദരങ്ങൾക്കു സത്യദീപം ആദിയായ പ്രസിദ്ധീകരണങ്ങളും കത്തോലിക്കാ മതസംബന്ധമായ എഴുത്തുകളും പടങ്ങളും മററും അയച്ചുകൊടുക്കുകയും അവരുടെ പുനരൈക്യത്തിനുവേണ്ടി പ്രതിദിനം പ്രാർത്ഥിക്കുകയും ചെയ്യുന്നതിൽ ഒട്ടനേകം കത്തോലിക്കാവിദ്യാർത്ഥികൾ അതിയായ താല്പര്യം ഇപ്പോൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു. സർവ്വശക്തനായ ദൈവം ഇവയെല്ലാം താമസിയാതെ ഫലം പുറപ്പെടുവിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

ഒന്നുരണ്ടു കാര്യങ്ങൾകൂടെ ഇവിടെ പ്രസ്താവിക്കാതിരിക്കുവാൻ നിവൃത്തിയില്ല. കേരളീയർക്കു സ്വാഭാവികമായുള്ള "ആരംഭശൂരത്വം" പ്രകടിപ്പിച്ച ഏതാനും കത്തോലിക്കരും ഇക്കൂട്ടത്തിൽ ഉണ്ടെന്നുള്ള വാസ്തവം സഖേദപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. സത്യദീപത്തിൻെറ ഒന്നുരണ്ടു ലക്കങ്ങൾ അയച്ചശേഷം പിന്നീടു അയക്കാതിരിക്കുക. അഞ്ചൽക്കൂലിക്കുള്ള പണം അകത്തോലിക്കരോടു ആവശ്യപ്പെടുക. പത്രം സ്റ്റാമ്പു ഒട്ടിക്കാതെ കൂലിയടിച്ചു അയച്ചു അകത്തോലിക്കരെ വിഷമിപ്പിക്കുക ആദിയായവ ഗുണത്തിനുപകരം ദോഷമായിരിക്കും പുറപ്പെടുവിക്കുന്നതു. ഇപ്രകാരം ചില കത്തോലിക്കർ ചെയ്യുന്നുവെന്നുള്ള പരാതി അടങ്ങിയ കത്തുകൾ അകത്തോലിക്കരിൽനിന്നും കിട്ടിയതുകൊണ്ടുകൂടെയാണു ഞാൻ ഇക്കാര്യം ഇവിടെ പ്രസ്താവിക്കുന്നതിനിടയായതു. എന്തെങ്കിലും നിസ്സാരദോഷഫലങ്ങൾ പുറപ്പെടുവിക്കാത്ത പ്രസ്ഥാനങ്ങൾ ലോകത്തിൽ വിരളമാണല്ലോ എന്നോർത്തു സമാശ്വസിക്കുന്നു.

ഇനിയും ഒട്ടനകം അകത്തോലിക്കരുടെ മേൽവിലാസങ്ങൾ എൻെറ കൈവശം ഉണ്ടെന്നുള്ള വിവരവും വേദപ്രചാരാസക്തരായ കത്തോലിക്കരെ അറിയിച്ചുകൊള്ളുന്നു. അകത്തോലിക്കരുടെ പുനരൈക്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിഷനറിമാർ അയച്ചുതരുന്ന സത്യാന്വേഷികളുടെ മേൽവിലാസങ്ങൾ അടങ്ങിയ കത്തുകളും ദിവസംതോറും എനിക്കു ലഭിച്ചുകൊണ്ടാണിരിക്കുന്നതു. അതുമെന്യേ "സത്യദീപം" ആദിയായ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വായിപ്പാനുള്ള അതിയായ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടുള്ള അകത്തോലിക്കരുടെ കത്തുകളും മുറയ്ക്കു ലഭിക്കുന്നുണ്ടു. സത്യാന്വേഷികളായ തങ്ങളുടെ അകത്തോലിക്കാസഹോദരങ്ങൾക്കു പ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുക്കുവാൻ ആഗ്രഹിക്കുന്ന സഹൃദയരായ കത്തോലിക്കർ ഉടൻതന്നെ വിവരം എന്നെ അറിയിക്കണമെന്നു ഒരിക്കൽക്കൂടെ അപേക്ഷിച്ചുകൊണ്ടു വിരമിക്കുന്നു.

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

ഒക്ടോബർമാസത്തേക്കു തിരു-കൊച്ചി സംസ്ഥാനത്തിനു 25000 ടൺ അരിയും 5000 ടൺ ഗോതമ്പു കേന്ദ്രഗവമ്മെൻറു അനുവദിച്ചിരിക്കുന്നു.

—തിരു-കൊച്ചിയിൽ സൗജന്യവിതരണാർത്ഥം ഐക്യരാഷ്ട്ര ചിൽഡ്രൻസ് എമർജൻസിഫണ്ടിൽനിന്നും 2 ലക്ഷം റാത്തൽ പാൽപ്പൊടി അനുവദിച്ചിരിക്കുന്നു.

—എല്ലാകൊല്ലവും ജനുവരി 26-ം ആഗസ്റ്റ് 15-ം തീയതികൾ പൊതുഒഴിവുദിനങ്ങളായിരിക്കുമെന്നു ഗവമ്മെൻറു ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

—കർഷകർക്കു വിത്തിനും കൃഷിയാവശ്യത്തിനും ഏക്കറൊന്നിനു ഓരോ കൃഷിക്കും മേലാൽ 20 പറ നെല്ലുമാത്രമേ അനുവദിക്കുകയുള്ളുവെന്നു ഗവമ്മെൻറു വിജ്ഞാപനംചെയ്തിരിക്കുന്നു. ഇതേവരെ കൊച്ചിയിൽ ഏക്കറൊന്നിനു 20 പറയും തിരുവിതാംകൂറിൽ 2 പറ മുതൽ 30 പറ വരെയുമായിരുന്നു അനുവദിച്ചിരുന്നതു.

—വെമ്പനാട്ടുകായലിൽ വെച്ചൂർ, കൈപ്പുഴ എന്നീ പകുതികളിൽപ്പെട്ട 645 ഏക്കർ സ്ഥലം ബ്ലോക്കുകളായി തിരിച്ചു 12 വർഷത്തേക്കു കുത്തകപ്പാട്ടത്തിനു ലേലംചെയ്തുകൊടുത്തിരിക്കുന്നു.

—മി. കെ. കെ. ചെല്ലപ്പൻപിള്ളയെ കൊല്ലം ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററി പ്രസിഡണ്ടായി തിരഞ്ഞെടുത്തിരിക്കുന്നു.

—ട്രെയിനിംഗ് സർട്ടിഫിക്കററ് പരീക്ഷയിൽ ആദ്യത്തെ ചാൻസിനു പാസാകാൻ സാധിക്കാതെവന്ന പ്രൈവററ് അദ്ധ്യാപകന്മാരെ സർവ്വീസിൽനിന്നു പിരിച്ചുവിടുംമുമ്പു അടുത്ത ചാൻസുകൂടി നല്കേണ്ടതാണെന്നു ഗവമ്മെൻറു ഉത്തരവായിരിക്കുന്നു.

—തിരു-കൊച്ചി സെക്രട്ടറിയേററ് സ്റ്റാഫിനേറതുൾപ്പെടെ സംസ്ഥാനത്തെ വിവിധ സർവ്വീസുകൾ സംയോജിപ്പിച്ചുകൊണ്ടു ഉത്തരവായിരിക്കുന്നു.

—തമിഴ്നാട്ടു കോൺഗ്രസ് പ്രസിഡണ്ടു ശ്രീ നഥാനിയൽ രാജിവയ്ക്കുകയും മി. പി. രാമസ്വാമിപിള്ള പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു.

—കൊച്ചി സംസ്ഥാനത്തെ ലോവർ സെക്കണ്ടറിയും അപ്പർ സെക്കണ്ടറിയും സ്കോളർഷിപ്പു പരീക്ഷകൾ ഒക്ടോബർ 16-ാംനു ആരംഭിക്കുന്നതാണെന്നു ഗവമ്മെൻറിൽനിന്നും പ്രസിദ്ധംചെയ്തിരിക്കുന്നു.

### പൗരസ്ത്യ തിരുസംഘാംഗം

റിയൊ ഡി ജനിറോയിലെ മെത്രാപ്പോലീത്തയായ കാർഡിനൽ ഡി ബാറോസ് കാമറ തിരുമേനിയെ പരിശുദ്ധ പിതാവു പൗരസ്ത്യതിരുസംഘത്തിലെ ഒരംഗമായി നിയമിച്ചിരിക്കുന്നു.

### വിനോദവീഥി



എടോ—എടോ — നിൽക്കെടോ —എന്നേംകൂടി കൊണ്ടുപോകടോ—ഞാൻ കാശുതന്നിട്ടല്ലേ!

* * *

പരീക്ഷയ്ക്കുശേഷം അദ്ധ്യാപകൻ: "ചോദ്യങ്ങൾ എന്താ പ്രയാസമായിരുന്നോ?"


വിദ്യാർത്ഥി: "ഇല്ല, സാർ. പക്ഷേ ഉത്തരങ്ങൾ പ്രയാസമായിരുന്നു."

* * *

അദ്ധ്യാപകൻ: വല ഉണ്ടാക്കുന്നതു എങ്ങനെയെന്നു ആരെങ്കിലും പറയാമോ?

വിദ്യാർത്ഥി: ഞാൻ പറയാം സാർ. കുറെ ദ്വാരങ്ങളെ ഒരു ചരടുകൊണ്ടു കൂട്ടിക്കെട്ടിയാൽ മതി.

* * *



"എടാ ഔസേപ്പച്ചാ ചുവരിൽ വരയ്ക്കരുതെന്നു നിന്നോടു നൂറുതവണ പറഞ്ഞിട്ടില്ലേ?"

"ഇതത്ര്യാവശ്യാ അമ്മാമ്മാ—സാറു പറഞ്ഞു ഇതു നൂറു പ്രാവശ്യാ എഴുതണമെന്നു. കടലാസില്ലാണ്ടു ഞാൻ പിന്നെന്തു ചെയ്യും?"

ഫാത്തിമാബാലസമിതി

# ഈശോയെ ഉപേക്ഷിക്കരുതു്

പ്രിയ കുഞ്ഞുങ്ങളേ,

അടുത്തശനിയാഴ്ച ആദ്യശനിയാഴ്ചയാണല്ലോ. കൊന്തയിലെ സന്തോഷകരമായ രഹസ്യങ്ങളിൽ അഞ്ചാമത്തേതിനെക്കുറിച്ച് ഇപ്രാവശ്യം ചിന്തിക്കാം.

ദേവമാതാവും വി. യൗസേപ്പും ആണ്ടുതോറും പെസഹാതിരുനാളിന് ഓറെശ്ലേം ദേവാലയത്തിലേക്ക് പോകുക പതിവായിരുന്നു. ഉണ്ണിയീശോയും അവരെ അനുഗമിച്ചിരുന്നു. ഈശോയ്ക്കു് പന്ത്രണ്ടു വയസ്സു പൂർത്തിയായ കൊല്ലവും പതിവുപോലെ അവിടുന്ന് തൻെറ മാതാപിതാക്കന്മാരോടുകൂടെ പെസഹാതിരുനാളിന് പോയി. തിരുനാളിൻെറ ചടങ്ങുകൾ എല്ലാം കഴിഞ്ഞപ്പോൾ മററു ജനങ്ങളോടുകൂടി മാതാവും യൗസേപ്പുപിതാവും ദേവാലയത്തിൽനിന്നും മടങ്ങി. പുരുഷന്മാർ ഒരുവഴിക്കും സ്ത്രീകൾ മറെറാരു വഴിക്കുമാണ് മടങ്ങിപ്പോകേണ്ടിയിരുന്നതു്. കുട്ടികൾക്ക് അപ്പൻെറ കൂടെയോ അമ്മയുടെ കൂടെയോ യാത്ര ചെയ്യാമായിരുന്നു. മടക്കയാത്രയിൽ ബാലനായ ഈശോ മാതാവിൻെറകൂടെയുണ്ടായിരിക്കുമെന്ന് യൗസേപ്പുപിതാവും, യൗസേപ്പുപിതാവിൻെറകൂടെ ഉണ്ടാകുമെന്ന് മാതാവും വിചാരിച്ചിരുന്നു. എന്നാൽ ഈശോ അവരിൽ ആരുടെയും കൂടെ ഉണ്ടായിരുന്നില്ല. അവിടുന്ന് ദേവാലയത്തിൽതന്നെയായിരുന്നു. അക്കാലത്തു് സുപ്രസിദ്ധരായിരുന്ന വേദശാസ്ത്രികളുമായി ദൈവകാര്യങ്ങളെക്കുറിച്ചു തക്കിക്കുകയായിരുന്നു.

പുരുഷന്മാരും സ്ത്രീകളും യാത്രചെയ്തിരുന്ന വഴികൾ തമ്മിൽ യോജിക്കുന്ന സ്ഥലത്തുവച്ച് മാതാവും യൗസേപ്പുപിതാവും തമ്മിൽ കണ്ടുമുട്ടി. അപ്പോഴാണ് ഈശോ തങ്ങളോടുകൂടിയില്ല എന്നു് അവർ അറിഞ്ഞതു്. ഈശോയെ കാണാതെയായതുകൊണ്ടു് അവർ രണ്ടുപേരും വളരെയധികം വ്യസനിച്ചു എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈശോ തങ്ങൾക്ക് നഷ്ടമായിപ്പോയി എന്നുതന്നെ അവർ വിചാരിച്ചു. ഈ വിചാരം അവരെ അധികം ക്ലേശിപ്പിച്ചു. പരിശുദ്ധിതന്നെയാണല്ലോ ഈശോ. ഇപ്രകാരമുള്ള ഈശോയ്ക്കു് തങ്ങളുടെ വല്ലപ്രവൃത്തിയും ഇഷ്ടക്കേടിനു് കാരണമായിക്കാണുമെന്നും, അതുകൊണ്ടാണ് അവിടുന്ന് അവരുടെ പക്കൽനിന്നു് പൊയ്ക്കളഞ്ഞതെന്നും അവർ സംശയിച്ചു. ഈ സംശയം അവക്കു് കൂടുതൽ ദുഃഖത്തിനു് കാരണമായി. എങ്കിലും അവർ നിരാശയ്ക്കു് അധീനരായില്ല.

ഈശോയെ അന്വേഷിച്ചു പുറപ്പെടുവാൻതന്നെ അവർ തീർച്ചപ്പെടുത്തി. രണ്ടുപേരും വീണ്ടും ദേവാലയത്തിലേക്ക് നടക്കുകയായി. വഴിയിൽ കണ്ടുമുട്ടിയവരോടെല്ലാം ഈശോയെക്കുറിച്ചു് അന്വേഷിച്ചു. പക്ഷെ യാതൊരുഫലവുമുണ്ടായില്ല. ഒടുവിൽ ദേവാലയത്തിൽവച്ചു് ഈശോയെ അവർ കണ്ടു. അവരുടെ ദുഃഖമെല്ലാം ശമിച്ചു. അവക്കു സമാധാനമായി. സന്തോഷംകൊണ്ടു് കണ്ണുനീർകണങ്ങൾ അവരുടെ കണ്ണുകളിൽനിന്നു അടന്നുവീഴുവാൻ തുടങ്ങി.

പ്രിയ കുഞ്ഞുങ്ങളേ, ഈ സംഭവം വിലയേറിയ പല പാഠങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ടു്. ഇവയിൽ അതിപ്രധാനമായ ഒന്നെങ്കിലും നിങ്ങളുടെ ബോധത്തിൽ നല്ലപോലെ പതിയേണ്ടതാണ്. ഈശോയെ കാണാതായപ്പോൾ മാതാവിനും യൗസേപ്പുപിതാവിനും ഉണ്ടായ ദുഃഖം, അസ്വസ്ഥത, മനോവ്യഥ എന്നിവ നമുക്കു് നല്ല ഒരു മാതൃകയാണ്. അവരുടെ മനഃപൂർവ്വമായ യാതൊരു കുററവുംകൂടാതെയാണ് ഈശോയുടെ സാന്നിദ്ധ്യം അവക്കു നഷ്ടപ്പെട്ടതെങ്കിലും അസഹ്യമായ മനോദുഃഖമാണ് അതു് അവരിൽ ഉളവാക്കിയതു്. നാം മാമ്മോദീസാ സ്വീകരിക്കുന്ന അവസരത്തിലാണ് ഈശോ ആദ്യമായി നമ്മുടെ പക്കൽ വന്നു് വാസം ആരംഭിക്കുന്നതു്. ഇപ്രകാരം നമ്മിൽ വസിക്കുന്നതിനു് സന്തോഷസമേതം വന്നിട്ടുള്ള ഈശോ, നമ്മുടെ കുററംകൊണ്ടു് പലപ്പോഴും നമ്മിൽനിന്നും പോകുവാൻ നിർബന്ധിതനായിത്തീർന്നിട്ടില്ലയോ? നാം ചാവുദോഷംചെയ്ത ഓരോ പ്രാവശ്യവും നമ്മുടെ ഉള്ളിൽ സ്ഥിതിചെയ്തിരുന്ന സ്നേഹസ്വരൂപനായ ഈശോയെ നാം ഓടിച്ചുകളയുകയാണ് ചെയ്തിട്ടുള്ളതു്. ഇതു് ഈശോയ്ക്കു് എത്രമാത്രം സങ്കടകരവും, നമുക്കു് എത്രമാത്രംനാശകരവുമാണെന്നു് നാം മനസ്സിലാക്കണം. ഈശോയുടെ സാന്നിദ്ധ്യം കൂടാതെ ഒരു നിമിഷംപോലും ജീവിക്കുന്നതിനു് നാം ഇഷ്ടപ്പെടരുതു്. ഈ സംഗതിയിൽ മാതാവിനെയും യൗസേപ്പുപിതാവിനെയും നാം അനുകരിക്കണം. ഈശോ നമ്മോടുകൂടിയില്ല എന്നു് അറിയുന്നക്ഷണത്തിൽ അങ്ങയെ അന്വേഷിച്ചു പുറപ്പെടണം. നമ്മുടെ നിർഭാഗ്യാവസ്ഥയെക്കുറിച്ചു് നാം ലജ്ജിക്കണം. നമ്മുടെ പാപത്തെക്കുറിച്ചു് നാം ദുഃഖിക്കണം. ഈശോയുടെ പക്കൽ നാം ഓടിച്ചെല്ലണം. മനസ്താപത്താൽ നമ്മുടെ പാപങ്ങളെ നാം കഴുകിക്കളയണം. മേലിൽ ഈശോയോടു് ഇത്ര ഹീനമായി നാം പ്രവത്തിക്കുകയില്ല എന്നു് ദൃഢമായ പ്രതിജ്ഞചെയ്യണം. ഇപ്രകാരം ഈശോയെ കണ്ടെത്തുന്നതിനും അങ്ങയെ ഒരിക്കലും ഉപേക്ഷിക്കാതിരിക്കുന്നതിനുമുള്ള സഹായം മാതാവിനോടും യൗസേപ്പുപിതാവിനോടും നാം അപേക്ഷിക്കുകയും ചെയ്യണം.

എന്നു് സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

യുനെസ്കോ (unesco) എന്നാലെന്തു്?

ഉത്തരം

ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിലുള്ളതും വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവ സംബന്ധിച്ച കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതുമായ ഒരു പ്രത്യേക സംഘടനയാണ് യുനെസ്കോ. ഇംഗ്ലീഷിൽ അതിൻെറ മുഴുവൻരൂപം The United Nations Educational, Scientific and Cultural Organisation എന്നത്രെ. വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി ഐക്യരാഷ്ട്രസമിതിയിലെ വിവിധദേശങ്ങളിൽനിന്നു് അയക്കപ്പെട്ടിരുന്ന പ്രതിനിധികൾ 1945-ൽ ലണ്ടനിൽ സമ്മേളിക്കയും പുതിയ സംഘടനയുടെ നക്കൽ ഭരണഘടന നിമ്മിക്കുകയുംചെയ്തു. 1946 നവംബർമാസത്തിൽ, പ്രസ്തുത സംഘടനയുടെ ഔദ്യോഗികാസ്ഥാനമായ പാരീസിൽവച്ചു് ഐക്യരാഷ്ട്രസമിതിയിലെ 44 അംഗങ്ങൾ ഭരണഘടനയിൽ ഒപ്പുവച്ചതോടുകൂടി യുനെസ്കോ ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടു. 20 രാഷ്ട്രങ്ങൾ പുതിയ സംഘടനയിൽ അംഗത്വം സ്വീകരിച്ചുകഴിയുമ്പോൾ അതു സജീവപ്രവത്തനം ആരംഭിക്കണമെന്നായിരുന്നു അന്നത്തെ വ്യവസ്ഥ. 1948 ഡിസംബറിൽ അംഗരാഷ്ട്രങ്ങളുടെ സംഖ്യ 45 ആയിരുന്നു. നാളതുവരെ യുനെസ്കോയുടെ 5 പൊതുസമ്മേളനങ്ങൾ കൂടിയിട്ടുണ്ടു്.

## പുതിയ പേനകൊണ്ടു് ഒപ്പുവയ്ക്കും

മരിയാസഖ്യാംഗങ്ങൾ റോമിലേക്കു തീത്ഥയാത്ര കഴിച്ചപ്പോൾ മാപ്പാപ്പാതിരുമേനിക്കു് ഒരു പ്രത്യേകതരം പേനകാഴ്ച സമപ്പിക്കുകയുണ്ടായി. മാതാവിൻെറ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രിക്കു പ്രസ്തുത പേനകൊണ്ടായിരിക്കും പരിശുദ്ധപിതാവു് ഒപ്പുവയ്ക്കുന്നതു്.

## തൊഴിലാളിസംഘത്തിൻെറ ജൂബിലി

ജെ. ഒ. സി. എന്ന പേരിൽ അറിയപ്പെടുന്ന "യുവക്രിസ്ത്യൻ തൊഴിലാളി" സംഘടന ബൽജിയത്തിൽ സ്ഥാപിതമായതിൻെറ 25-ാം വാർഷികം സെപ്ററംബർ 3-ാംനു- ബ്രസ്സൽസിൽവച്ചു ആഘോഷിച്ചിരിക്കുന്നു. ഒരുലക്ഷത്തിലധികംപേർ അതിൽ സംബന്ധിക്കുകയുണ്ടായി. ബൽജിയത്തിലെ പ്രൈമററായ കാർഡിനൽവാൻ റോയിപൊൻടിഫിക്കൽ കുർബ്ബാന പാടി. തദവസരത്തിൽ 50 മെത്രാന്മാർ സന്നിഹിതരായിരുന്നു.


# അനുഭവസാക്ഷ്യം No. 65.

കാളത്തു് പാറുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്

പ്രിയ വൈദ്യരെ,

ഉദ്ദേശം 10 കൊല്ലത്തോളമായി നീരിറക്കം, വയററിൽവേദന, തലവേദന, നെഞ്ചു് എരിച്ചിൽ, കൈകാൽകഴപ്പു്, ചുട്ടുവാതം, മുതലായ സുഖക്കേടുകൾക്കുവേണ്ടി എൻെറ അമ്മക്കു് പല ചികിത്സകളും ചെയ്തതിൽ ഗുണമൊന്നും സിദ്ധിക്കാതെ പ്രത്യേകാൽ ഒരു കൊല്ലമായി ലോകജീവിതംതന്നെ വെറുത്തു് നിരാശപ്പെട്ടുകഴിയുമ്പോളാണ് എൻെറ ഏററവും സുഹൃത്തായ ശ്രീമാൻ സി. ശങ്കരൻ നായർ അവർകൾമുഖേന താങ്കളുടെ പ്രസിദ്ധിയുള്ള ഔഷധങ്ങളെ അറിയുവാൻ ഇടയായതു്.

വളരെ ചികിത്സകൾചെയ്തു മടുത്ത എൻെറ അമ്മക്കു താങ്കളുടെ ഔഷധങ്ങൾകൂടി പരീക്ഷിക്കാമെന്നല്ലാതെ പൂണ്ണവിശ്വാസത്തോടെയല്ല ഔഷധങ്ങൾക്കായി താങ്കളുടെ ഫാർമസിയിലേക്കു് എഴുതിയതു്. അതുപ്രകാരം 20—3—50-ൽ അയച്ചുതന്ന നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ദിവ്യൗഷധങ്ങൾ 2 സെററു് ഉപയോഗിച്ചതുകൊണ്ടുതന്നെ അമ്മക്കു് സുഖം കിട്ടി. മാത്രമല്ല ദൈവാനുഗ്രഹത്താൽ അമ്മ ഇപ്പോളും ബുദ്ധിമുട്ടുകൾകൂടാതെ ഒരുവിധം സുഖമായിതന്നെ കഴിയുന്ന വിവരം കൃതജ്ഞതാപൂർവ്വം താങ്കളെയും ലോകരേയും ഈ അനുഭവസാക്ഷ്യംമൂലം അറിയിച്ചുകൊള്ളുന്നു.

ശാരിബാതൈലം അമ്മക്കു വളരെ ഹിതമായി കാണുന്നതുകൊണ്ടാണ് പിന്നെയും അതു വരുത്തിക്കൊണ്ടിരിക്കുന്നതു്.

താങ്കളുടെ ഈദൃശപരിശ്രമങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

22—9—50 K. T. Krishnan Nair (Sd)

Anakkara Amsam, Parumbalam Desam,

P. O. Kumbidy.

ഈ അനുഭവസാക്ഷ്യത്തിൽ പറയുന്ന ശ്രീമാൻ സി. ശങ്കരൻ നായർ അവർകൾ അയച്ചുതന്നിരുന്ന അനുഭവസാക്ഷ്യം ഞങ്ങൾ തൃശ്ശൂർനിന്നു പുറപ്പെടുന്ന ഒരു പത്രത്തിൽ 36-ാം നമ്പ്രായി പ്രസിദ്ധപ്പെടുത്തിയിരുന്നതിൻെറ പകപ്പു് മാന്യവായനക്കാരുടെ ശ്രദ്ധയ്ക്കായി ചുവടെ ചേക്കുന്നു.

## അനുഭവസാക്ഷ്യം No. 36.

"ആസ്ത്മ ഒരു മാറാവ്യാധിയല്ല"

*To*

The Proprietor, Kalan Ayurvedic Pharmacy, Nellai P. O.

പ്രിയ വൈദ്യരെ,

ആസ്തമരോഗം നിമിത്തം കഴിഞ്ഞ അനവധി വർഷങ്ങളായി തുടരെത്തുടരെയുള്ള യാതനകൾ അനുഭവിച്ചു് നിരാശപ്പെട്ടുകഴിഞ്ഞിരുന്ന എനിക്കു താങ്കളുടെ താഴെ പറയുന്ന ഔഷധങ്ങൾ ഉപയോഗിച്ചു് പരിപൂണ്ണസുഖം കിട്ടിയ സന്തോഷവത്തമാനം അറിയിച്ചുകൊള്ളുന്നു.

ദ്രാക്ഷാഘൃതം, നിംബാസവം, ശാരിബാതൈലം ഈ മൂന്നു ദിവ്യഔഷധങ്ങൾ എന്നിൽ ഒരു ഇന്ദ്രജാലവിദ്യതന്നെ നടത്തിയെന്നു പറയുന്നതിൽ അതിശയോക്തി സ്വല്പമേ ഇല്ല. താങ്കളുടെ ഔഷധങ്ങൾ യാതന അനുഭവിക്കുന്ന ജനതക്കു തികച്ചും പരിപൂണ്ണമായ ആശ്വാസമരുളുമെന്നുള്ളതിൽ യാതൊരു സംശയവും ഇല്ല. താങ്കൾക്കു സകല ഭാവുകങ്ങളും ആശംസിക്കുന്നതോടൊപ്പം എൻെറ ഈ അകമഴിഞ്ഞ പ്രസ്താവനയെ ഞാൻ അനുഭവിച്ചിരുന്ന മാതിരി യാതന അനുഭവിച്ചുകൊണ്ടിരിക്കുന്ന സഹോദരീസഹോദരന്മാരുടെ അറിവിലേക്കായി പരസ്യംചെയ്തു അറിയിക്കണമെന്നുകൂടി അപേക്ഷ.

(Sd) C. SANKARAN NAIR, No. I, U. M. S. Hostel

26—12—49 Avanashi Road, Coimbatore P. O.

കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെസ്റ്റേഷനുസമീപം) നെല്ലായി P. O.



## തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളിക്കുറിപരസ്യം

(ബഹു. തിരു-കൊച്ചി ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച L. Dis. 587650-R. D. നമ്പ്ര് അനുവാദപ്രകാരം ടി പള്ളി പന്തിയായി തുടങ്ങുന്ന

# പുതിയ മാസക്കുറി

നറുക്കു് 1 ക്കു് 100 ക 111 നറുക്കു് 11,100 ക. സല.

ആദ്യത്തെ നറുക്കെടുപ്പു് 1950 നവമ്പർ 15-ാംനു- / 1126 തുലാം 29-ാംനു-

N. B. കുറിയിൽ കുറഞ്ഞതു് 132 അംശം (3 ക. 2. ണ. യുടെ വീതം) വരെ ചേരാവുന്നതാണ്.

കുറിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാഫാറത്തിനും താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശ്ശിവപേരൂർ,
1—9—1950

ട്രസ്റ്റി,
ലൂർദ്ദ്പള്ളി കുറി ആപ്പീസ്



## ഫാത്തിമായിലെ കുട്ടികൾ

"ഫാത്തിമാനാഥയുടെ കേരളപര്യടനത്തിൻെറ വിനീതസ്മാരക"മായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്.

ഫാത്തിമാദശ്നങ്ങളേയും ഫാത്തിമായുടെ ആധുനികസ്ഥിതിയേയും അധികരിച്ചുള്ള നിരവധി മനോഹരചിത്രങ്ങൾ.

170 പേജ്കൾ. വില 1ക. മാത്രം

മാനേജർ

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം

ഓറിയൻറൽ ഇൻഷ്വറൻസ് & ബാങ്കിംഗ്
യൂണിയൻ ലിമിററഡ്, തൃശ്ശിവപേരൂർ
ബ്രാഞ്ചുകൾ:—കണ്ടശ്ശാംകടവു, കാട്ടൂർ & തൃപ്പൂണിത്തുറ
Govt: Sanction Order L. Dis. 5883/50 R.D.
പുതുതായി തുടങ്ങുന്ന
മാസക്കുറി
നറുക്കു്, 1ക്കു് 100ക. 111 നറുക്കു് 11,100 ക. സല
ഒന്നാമത്തെ നറുക്കെടുപ്പു്: 1950 നവമ്പർ 22-ാനു-/1126 വൃശ്ചികം 7-ാനു-
കുറഞ്ഞതു് 3 ക. 2 ണ: യുടെ വീതംവരെ ചേരാം.
ജോസഫ് പെട്ട M. A. (Hons.)
(സെൻറ് തോമസ് കോളെജ് വൈസ് പ്രിൻസിപ്പാൾ)
തൃശ്ശിവപേരൂർ ചെയർമാൻ ഓഫ് ദി ബോർഡ്




## ഒരു യുദ്ധതന്ത്രം

ഈശോ വീണ്ടും അവരോടു് ഉപമകളിൽ സംസാരിച്ചു. അവിടുന്നു് പറഞ്ഞു: ഇതാ സ്വർഗ്ഗരാജ്യത്തിന്റെ ഒരു പ്രതിച്ഛായ: ഒരിക്കൽ ഒരു രാജാവു് തന്റെ പുത്രന്റെ കല്യാണത്തിനുള്ള വിരുന്നു തയ്യാറാക്കി. കല്യാണത്തിനു ക്ഷണിച്ചിരുന്നവരെയെല്ലാം വിളിക്കുന്നതിനുള്ള നിർദ്ദേശവുമായി അവൻ തന്റെ ദാസന്മാരെ അയച്ചു. എന്നാൽ വരുവാൻ അവർക്കിഷ്ടമുണ്ടായിരുന്നില്ല. അപ്പോൾ ഒരു പുതിയ നിർദ്ദേശവുമായി അവൻ വേറെ ഭൃത്യന്മാരെ അയച്ചു. ഇതാ ഞാൻ വിരുന്നു തയ്യാറാക്കി കഴിഞ്ഞു. കാളകളും കൊഴുത്ത മൃഗങ്ങളും കൊല്ലപ്പെട്ടിരിക്കുന്നു. എല്ലാം തയ്യാറായി. കല്യാണത്തിനു വരുവിൻ എന്നു ക്ഷണിക്കപ്പെട്ടവരോടു് പറയുവിൻ എന്നു് അവൻ അവരോടു് ആജ്ഞാപിച്ചു. എന്നിട്ടും അവർ വകവയ്ക്കാതെ മററു കാര്യങ്ങൾക്കായിപ്പോയി; ഒരാൾ ഗ്രാമത്തിൽ തന്റെ വയലിലേക്കും മററൊരാൾ തന്റെ വ്യാപാരത്തിനും. ശേഷിച്ചവർ അവന്റെ ഭൃത്യന്മാരെ പിടിച്ചു് അവമാനിച്ചു നിഗ്രഹിച്ചു. ഇതുകേട്ടു് രാജാവു് കുപിതനായി, ആ കൊലപാതകികളെ കൊന്നൊടുക്കുന്നതിനും അവരുടെ നഗരം ചുട്ടുനശിപ്പിക്കുന്നതിനുമായി തന്റെ പട്ടാളത്തെ അയച്ചു. അനന്തരം അവൻ തന്റെ ഭൃത്യന്മാരോടു പറഞ്ഞു: ഇതാ കല്യാണവിരുന്നെല്ലാം തയ്യാറായിരിക്കുന്നു. ക്ഷണിക്കപ്പെട്ടവരാകട്ടെ ഇതിനു് അർഹരല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. അതിനാൽ നിങ്ങൾ വഴിക്കവലകളിലേക്കുപോയി അവിടെ കാണുന്ന എല്ലാവരേയും കല്യാണത്തിനായി ക്ഷണിക്കുവിൻ. ഉടനെ അവന്റെ ഭൃത്യന്മാർ തെരുവുകളിലേക്കുചെന്നു അവിടെ കണ്ട എല്ലാവരേയും, മര്യാദക്കാരേയും മര്യാദയില്ലാത്തവരേയും, ഒരുമിച്ചു കൂട്ടിക്കൊണ്ടുവന്നു. ഇങ്ങനെ അതിഥികളെക്കൊണ്ടു് കല്യാണശാല നിറഞ്ഞു. എന്നാൽ അതിഥികളെ കാണ്മാൻ രാജാവു് വന്നപ്പോൾ, കല്യാണവസ്ത്രം ധരിച്ചിട്ടില്ലാതിരുന്ന ഒരാളെ അദ്ദേഹം അവിടെ കണ്ടു. ഉടനെ, സ്നേഹിതാ, കല്യാണവസ്ത്രമില്ലാതെ നീ എങ്ങനെ ഇവിടെ വരുവാൻ ഇടയായി? എന്നു് അദ്ദേഹം അവനോടു ചോദിച്ചു. അതിനു് അവൻ ഒരു മറുപടിയും പറഞ്ഞില്ല. ആകയാൽ, അവന്റെ കൈകാലുകൾ ബന്ധിച്ചു്, പ്രലാപവും പല്ലുകടിയും ഉള്ള അന്ധകാരത്തിലേക്കു് അവനെ എറിഞ്ഞുകളയുവിൻ എന്നു രാജാവു് സ്വഭൃത്യന്മാരോടാജ്ഞാപിച്ചു. വിളിക്കപ്പെട്ടവർ വളരെ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം. (പന്തക്കുസ്ത 19-ാം ഞായർ; സുവിശേഷം: മത്താ. XXII, 1—14)

റോമൻ ചക്രവർത്തിമാരുടെ ആധിപത്യത്തിനെതിരായി വിപ്ലവം അഴിച്ചുവിട്ട യഹൂദന്മാരെ അടിച്ചമർത്തുന്നതിനായി വെസ്പേഷ്യൻ ചക്രവർത്തി ടൈററസിനെ വലിയൊരു സൈന്യവ്യൂഹത്തോടുകൂടി നിയോഗിച്ചയച്ചു. ക്രിസ്തുവർഷം 70-ൽ ടൈററസ് ജറൂസലംപട്ടണം വളഞ്ഞു. നഗരത്തിലേക്കു് യാതൊരു ഭക്ഷ്യപേയങ്ങളും കടത്തിവിടാതെ നഗരവാസികളെ പട്ടിണിയിട്ടുകൊണ്ടു് കീഴടക്കുവാനാണു് ആ സേനാനി നിശ്ചയിച്ചതു്. ഈ നഗരാവരോധം ആറുമാസം തുടർന്നപ്പോഴേക്കും അവർണ്ണനീയമായ ക്ലേശങ്ങൾക്കു നഗരവാസികൾ വിധേയരായി. പട്ടിണിയും പകർച്ചവ്യാധിയും പടർന്നുപിടിച്ചു. മൃഗങ്ങളെയെല്ലാം കൊന്നുതിന്നതിനുശേഷം സ്വന്തം കുഞ്ഞുങ്ങളെപ്പോലും കൊന്നുതിന്നുവാൻ മാതാപിതാക്കന്മാർ നിർബന്ധിതരായെന്നു ജോസഫ് ഫ്ലേവിയസ് എന്ന ചരിത്രകാരൻ പറയുന്നതിൽനിന്നു പട്ടിണിയുടെ പാരമ്യം ഏതാണ്ടു് ഊഹിക്കാമല്ലോ. അങ്ങനെ ഗത്യന്തരമില്ലാതെ ജറൂസലം നഗരം കീഴടങ്ങി. അതെ, ഒരു നഗരം കൈവശപ്പെടുത്തണമെങ്കിൽ രണ്ടു മാർഗ്ഗങ്ങളാണുള്ളതു്. ഒന്നു്, അതിനെ നേരിട്ടാക്രമിച്ചു് പീരങ്കിയും ബോംബും മററു യുദ്ധോപാധികളും ഉപയോഗിച്ചു് അതിനെ കീഴ്പ്പെടുത്തുക. രണ്ടാമത്തേതു്, ടൈററസ് ചെയ്തതുപോലെ, പട്ടണത്തിനു് ബാഹ്യലോകമായുള്ള സകലബന്ധങ്ങളും വിച്ഛേദിച്ചും യാതൊരു ഭക്ഷ്യസാമഗ്രികളും അതിലേക്കു പ്രവേശിക്കാതെ ശക്തിയേറിയ ഒരു നിരോധവലയം സൃഷ്ടിച്ചു് അങ്ങനെ പട്ടിണിയിട്ടു് ആ നഗരത്തെ ക്രമേണ കീഴടക്കുക. ആദ്യത്തേതിൽ വളരെ ആൾനാശവും, രക്തച്ചൊരിച്ചിലും, പീരങ്കിവെടികളും, ബോംബുവർഷവും വേണ്ടിവരുമെങ്കിലും എല്ലാം വേഗം കഴിയും. രണ്ടാമത്തേതിൽ വെടികളും രക്തച്ചൊരിച്ചിലും ഒന്നും ആവശ്യമില്ലെങ്കിലും ഫലപ്രാപ്തി വളരെ സാവധാനത്തിലേ ഉണ്ടാകയുള്ളു.

മനുഷ്യന്റെ ആത്മാവു് ശക്തിയേറിയ ഒരു കോട്ടയാണു്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണു് അതു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. അതിനെ കീഴ്പ്പെടുത്തുവാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ശത്രുവാണു് പിശാചു്. കൗടില്യമൂർത്തിയും സമർത്ഥനുമായ ഈ ശത്രു പല യുദ്ധതന്ത്രങ്ങളും ഉദ്ദേശസാദ്ധ്യത്തിനായി പ്രയോഗിക്കാറുണ്ടു്. അതിലൊന്നാണു് ടൈററസ് പ്രയോഗിച്ച തന്ത്രം; അതായതു്, ആത്മാവിനെ പട്ടിണിയിട്ടുകൊണ്ടു് അതിനെ കീഴ്പ്പെടുത്തുവാൻ പരിശ്രമിക്കുക. കൊലപാതകം, വ്യഭിചാരം, കളവു്, തുടങ്ങിയ മാരകപാപങ്ങൾക്കുള്ള പ്രലോഭനങ്ങളുമായി നേരിട്ടാക്രമിക്കുവാൻ അവൻ മുതിരുന്നില്ല; പെട്ടെന്നു് അങ്ങനെയുള്ള വലിയ പാപങ്ങളിൽ ഒരാത്മാവിനെ നിപതിപ്പിക്കുവാൻ എളുപ്പമല്ലെന്നു അവനറിയാം. അതുകൊണ്ടു് അവൻ രണ്ടാമത്തെമാർഗ്ഗം അവലംബിക്കുന്നു: ആത്മാവിന്റെ ജീവസന്ധാരണത്തിനാവശ്യമുള്ള ഭക്ഷണം അതിനു ലഭിക്കാതിരിക്കുവാൻ ജാഗരൂകതയോടെ പരിശ്രമിക്കുക. ശരീരത്തെപ്പോലെതന്നെ ആത്മാവിനും ജീവിക്കുവാനായി ഭക്ഷണവും മററു സാഹചര്യങ്ങളും ആവശ്യമാണു്. കൂദാശകളുടെ സ്വീകരണം, ദിവ്യബലി, പ്രാർത്ഥന, ജ്ഞാനവായന, ധ്യാനം, ആത്മശോധന തുടങ്ങിയവയെല്ലാം ആത്മാവിന്റെ ജീവസന്ധാരണത്തിനും പരിപോഷണത്തിനും അത്യാവശ്യമാണു്. ഈ ജീവോപാധികൾ ആത്മാവിനു ലഭിക്കാതിരിക്കുവാനാണു് പിശാചിന്റെ പരിശ്രമം മുഴുവനും. കുർബാന, കുമ്പസാരം, പ്രാർത്ഥന എന്നിവയെല്ലാം ക്രമേണ വെട്ടിച്ചുരുക്കുന്നു; സമയമില്ല, ക്ഷീണമാണു്, പിന്നീടാവാം എന്നെല്ലാം ചില ന്യായവാദങ്ങളും തലപൊക്കും; ആദ്ധ്യാത്മികകാര്യങ്ങളിൽ ഒരു അലസത; ക്രമേണ ഇവയെല്ലാം ഓരോന്നായി ഉപേക്ഷിക്കുന്നു. ഈ സന്ധിയിൽ അവൻ സ്വയം കൃതാർത്ഥതയടയുന്നുണ്ടായിരിക്കാം. "എന്തു് ഞാൻ വല്ല വ്യഭിചാരമോ, കൊലപാതകമോ, മററു ചാവുദോഷങ്ങളോ ചെയ്യുന്നുണ്ടോ?" ഇല്ല; ശരിതന്നെ. എന്നാൽ അവന്റെ ആത്മാവു പട്ടിണികിടന്നു് മരിക്കാറായിരിക്കുന്നു; മരണവക്ത്രത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഈ അപകടസ്ഥിതി മനസ്സിലാക്കുന്ന ഒരുവൻ ദാവീദ് ദീർഘദർശിയോടുകൂടി ഇപ്രകാരം വിലപിക്കും: "എന്റെ ഹൃദയം വാടിക്കരിഞ്ഞുപോയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അപ്പം ഭക്ഷിക്കുവാൻ ഞാൻ മറന്നുപോയി" (Ps CI 5).

ഈ യുദ്ധതന്ത്രപ്രയോഗത്തിൽ പിശാചിന്റെ ഏററവും വലിയ സഹപ്രവർത്തകൻ ഇന്നത്തെ ലോകമാണു്. ലോകകാര്യങ്ങളിൽ അമിതമായി ആമഗ്നനാകുന്ന ഒരുവനിൽ ഈ യുദ്ധതന്ത്രം നിശ്ചയമായും ഫലിക്കും. ഇന്നത്തെ സുവിശേഷത്തിൽ രാജാവിന്റെ കല്യാണവിരുന്നിലേക്കു ക്ഷണിക്കപ്പെട്ടവർ ക്ഷണം "വകവയ്ക്കാതെ മററുകാര്യങ്ങൾക്കായി പോയി; ഒരാൾ ഗ്രാമത്തിൽ തന്റെ വയലിലേക്കും മററൊരാൾ തന്റെ വ്യാപാരത്തിനും." സുവിശേഷത്തിൽ മറെറാരിടത്തു് സദ്യയൊരുക്കിയശേഷം ക്ഷണിതാവിനു കിട്ടുന്ന അനുഭവവും ഇതുതന്നെയാണു്: "അവർ എല്ലാവരും ഒരുപോലെ ഒഴികഴിവു പറയുവാൻ തുടങ്ങി. ഞാൻ ഒരു വയൽ വാങ്ങിയിട്ടുണ്ടു്; അവിടെപ്പോയി അതൊന്നു നോക്കാൻ അത്യാവശ്യമായിരിക്കുന്നു . . . . . . ഞാൻ അഞ്ചേർ കാളകളെ വാങ്ങിയിട്ടുണ്ടു്; ഞാൻ അവയെ പരീക്ഷിക്കാൻ പോകയാണു് . . . ഞാൻ വിവാഹം ചെയ്തുപോയി; അതുകൊണ്ടു് എനിക്കു വരാൻ നിവൃത്തിയില്ല." ആദ്ധ്യാത്മികഭക്ഷണം കഴിക്കുവാനുള്ള ക്ഷണം നമുക്കു ലഭിക്കുമ്പോൾ— സ്വർഗ്ഗീയമന്ന ഭക്ഷിക്കുവാനുള്ള അവസരങ്ങൾവരുമ്പോൾ—കൂദാശകളുടെ സ്വീകരണം, പ്രാർത്ഥന, ദിവ്യബലി, ഭക്തകൃത്യാനുഷ്ഠാനങ്ങൾ എന്നിവയ്ക്കുള്ള ആഹ്വാനം ലഭിക്കുമ്പോൾ—ലൗകികകാര്യങ്ങളിൽ അമിതമായി മുഴുകിക്കൊണ്ടു നാം ക്ഷണത്തെ തിരസ്കരിക്കയാണെങ്കിൽ നമ്മുടെ ആത്മാവു് "ഇഞ്ചിഞ്ചായി" പട്ടിണികിടന്നു മരിക്കും; പിശാചിന്റെ യുദ്ധതന്ത്രം നമ്മിൽ ഫലിക്കയും ചെയ്യും.

പണ്ടത്തെ ലോകത്തിൽ ജീവിതപ്രവാഹം പ്രശാന്തമായിരുന്നു. കൂടുതൽ ഒഴിവുസമയം അന്നുള്ളവർക്കുണ്ടായിരുന്നു. ജനസംഖ്യ ചെറിയതും ഓരോ ദേശക്കാരും രാജ്യക്കാരും ഏതാണ്ടു് സ്വയം പര്യാപ്തതയിൽ ജീവിക്കുന്നവരുമായിരുന്നു. ഗതാഗതമാർഗ്ഗങ്ങളുണ്ടായിരുന്നില്ല; കച്ചവടങ്ങളും വ്യവസായങ്ങളും വളരെ ചെറിയ തോതിൽമാത്രമായിരുന്നു. ആവേശംകൊള്ളിക്കുന്ന വർത്തമാനപ്പത്രങ്ങളുണ്ടായിരുന്നില്ല; വെറും ഗ്രാമ്യങ്ങളായ വിനോദങ്ങൾമാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. ഇതരരാജ്യങ്ങളെക്കുറിച്ചു് അവർ ഒട്ടുംതന്നെ ആലോചിച്ചു് തലവേദന വരുത്തിയിരുന്നില്ല. എന്നാൽ ഇന്നത്തെ ലോകത്തിന്റെ സ്ഥിതിയോ? സർവ്വത്ര ബഹളംതന്നെ. ജനസംഖ്യ വലുതായപ്പോൾ ജീവസന്ധാരണത്തിനുള്ള വ്യഗ്രത കൂടി. കൃഷി, കച്ചവടം, കൈത്തൊഴിൽ, വ്യവസായം, ബാങ്ക്, സ്കൂൾ, രാഷ്ട്രീയം, യുദ്ധം, എന്നിങ്ങനെ സഹസ്രക്കണക്കിനു് ബിസിനസ്സുകൾ. ഈ കാര്യങ്ങൾ ജനങ്ങളുടെ സമയം മുഴുവനും അപഹരിക്കുന്നു. ഒരു മിനിട്ടു് ഒഴിവു കിട്ടുന്നില്ല. ഫലമോ? ആത്മാവു് പട്ടിണികിടന്നു മരണവക്ത്രത്തിൽ എത്തിച്ചേരുന്നു. ഇന്നത്തെ ലോകത്തെ നോക്കിക്കൊണ്ടു് പിശാചു് സന്തോഷിച്ചട്ടഹസിക്കുന്നു. സുവിശേഷത്തിലെ ധനവാനെപ്പോലെ ലോകകാര്യങ്ങളിലും ശാരീരികാനന്ദങ്ങളിലും നിമഗ്നമായിട്ടാണു് ഇന്നത്തെലോകം ജീവിക്കുന്നതു്. ദൈവത്തിനു് ഒരിഞ്ചുസ്ഥലംപോലും അവരുടെ ജീവിതത്തിൽ അവർ നല്കുന്നില്ല. ധനവാൻ മൃഷ്ടാന്നഭോജനം കഴിച്ചതുകൊണ്ടോ വിശിഷ്ട ഭൂഷവേഷാദികൾ അണിഞ്ഞതുകൊണ്ടോ അല്ല "മരിച്ചു് നരകത്തിൽ അടക്കപ്പെട്ടതു്"; പ്രത്യുത ദൈവത്തെ സ്വജീവനിൽനിന്നു് തീരെ അകററിനിർത്തിക്കൊണ്ടു്—ആത്മാവിനെ പട്ടിണിയിട്ടുകൊണ്ടു്—ലോകത്തിനുവേണ്ടിമാത്രം ജീവിച്ചതുകൊണ്ടാണെന്നാണു് വേദശാസ്ത്രവിചക്ഷണന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

പിശാചിന്റെ ഈ യുദ്ധതന്ത്രത്തിൽ നാം അകപ്പെട്ടുപോയിട്ടുണ്ടോ എന്നു് ആത്മസംശോധനം ചെയ്തുനോക്കുന്നതു് നന്നായിരിക്കും. നാം ലോകകാര്യങ്ങളിൽ അമിതമായി മുഴുകിപ്പോകുന്നുണ്ടോ? ആദ്ധ്യാത്മികവിരുന്നിനുള്ള ക്ഷണം നാം തിരസ്കരിച്ചുകൊണ്ടു് ആത്മാവിനെ നാം പട്ടിണിയിടുന്നുണ്ടോ? ജീവിതസന്ധാരണത്തിനായി വളരെ ബുദ്ധിമുട്ടുന്നുണ്ടായിരിക്കാം; വളരെയധികം ജോലികൾ ചെയ്തുതീർക്കാനുണ്ടായിരിക്കാം; ശരിതന്നെ. എങ്കിലും ആത്മാവിന്റെ കാര്യം വിസ്മരിക്കരുതു്. ഞായറാഴ്ചയിലെ കുർബാന, വാഴ്വു്, മററു ഭക്തികൃത്യങ്ങൾ എന്നിവകൊണ്ടുമാത്രം തൃപ്തിപ്പെടാതെ അനുദിനജീവിതത്തിലും ദൈവത്തിനും ആദ്ധ്യാത്മികകാര്യങ്ങൾക്കും അല്പസമയമെങ്കിലും കണ്ടെത്തണം. അനുദിനപ്രാർത്ഥനകളും ജ്ഞാനവായനയും ആത്മശോധനയും രാത്രിസമയത്തെങ്കിലും കഴിക്കുവാൻ എല്ലാവരും മനസ്സുവെക്കണം. "നിങ്ങൾ ദൈവത്തേയും അവന്റെ സമ്മതിയേയും അന്വേഷിക്കുവിൻ. അപ്പോൾ ശേഷമുള്ളതെല്ലാം നിങ്ങൾക്കു ചേർത്തു നല്കപ്പെടും" എന്നുള്ള വാക്യം നാം പ്രത്യേകം സ്മരിക്കണം. "ദൈവം വീടുപണിയുന്നില്ലെങ്കിൽ പണിക്കാർ വെറുതെ ബുദ്ധിമുട്ടുന്നു . . . . . ." രാഷ്ട്രീയനേതാക്കന്മാർ, രാജാക്കന്മാർ, മാർപ്പാപ്പാമാർ, മെത്രാന്മാർ തുടങ്ങി വീട്ടുവേലക്കാരികൾ, കൂലിവേലക്കാർ, ഉഴവുകാർ വരെ ഏതു ജീവിതതുറയിലും വിവിധകാര്യവ്യഗ്രതയ്ക്കിടയിലും ദൈവത്തിനും ആദ്ധ്യാത്മികത്തിനും വേണ്ടത്ര സമയം നല്കിക്കൊണ്ടു് പുണ്യപദം പ്രാപിച്ച സിദ്ധാത്മാക്കൾ നമ്മുടെ മാതൃകാദീപങ്ങളായിരിക്കട്ടെ.

(ജെ. ചെമ്മണ്ണൂർ)

---

## എന്റെ വീണ

(എൻ. യു. ജോസഫ്, ഇടപ്പള്ളി)

(മഞ്ജരി)

ഞാനെത്രഭാഗ്യവാ, നെൻവീണക്കമ്പികളാനന്ദഗാനങ്ങൾ തൂകീടുന്നൂ!

ദൂരെ ത്യജിക്കാറി, ല്ലങ്ങനേ മാററുമെൻ മാറിന്നലങ്കാരമായീടുമ്പോൾ?

താഴത്തുവയ്ക്കാതെൻവീണയെടുത്തു ഞാൻ താരാപഥംവഴി യാത്ര ചെയ്വൂ!

ആയതൊഴുക്കീടും സ്വർഗ്ഗീയഗാനങ്ങ-ളാരേയും കോൾമയിർക്കൊള്ളിക്കുന്നൂ,

ആരേയുംകോൾമയിർക്കൊള്ളിക്കുംഗാഥകളായിരം പ്രാവശ്യം തൂകീടുന്നൂ

എന്നും നിലനില്ക്കും ദൈവത്തിൻ പൊൽപ്പദ-
സുന്ദരോദന്തങ്ങൾ കീർത്തിക്കുന്നൂ.

ഞാനെത്ര ഭാഗ്യവാനിക്കണക്കിന്നൊരു വീണയെൻ കൈകളിൽ കിട്ടിയല്ലോ!

II

കമ്പിമുറുക്കുവാൻ വൈഭവമീശ്വര-നൻപിലെനിക്കൊന്നു സമ്മാനിച്ചു.

ഞാനോ മതിമറന്നങ്ങനേ പാടിക്കൊ-ണ്ടാനന്ദപീയൂഷമാസ്വദിപ്പു.

ചുററുമിരുട്ടെങ്കിലാകട്ടേ ഞാനതിൻ മദ്ധ്യത്തിൽ മേലിലും പാട്ടുപാടും!

ആകെത്തപിപ്പിക്കും നൈദാഘമാണെങ്കി-
ലാകട്ടേ ചുററും, ഞാൻ പാട്ടുപാടും!!

ജീവിത വൻപാറക്കെട്ടിന്മുകളിലാ-യീവിധമേകനായ് മേവീടുമ്പോൾ,

മൃത്യുവന്നെന്നെ മരണത്തിൻ ഗഹ്വരവക്ത്രത്തിലേക്കു വലിച്ചെറിഞ്ഞാൽ

ഇല്ലെനിക്കേതും പരിഭ്രമമീശൻ തൻ വല്ലകീ നാദത്തിൽ ഞാൻ ലയിക്കും!

# വൈദികരും അൽമേനികളും

(2-ാം പേജ് തുടർച്ച)

റപ്പും വിരോധവും കുറച്ചൊന്നുമായിരിക്കയില്ല. ഇതിനാലാണ് ഈ ആക്ഷേപം ഇന്നു വളരെ ദൂഷ്യഫലങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതു്. തങ്ങൾ വഹിക്കുന്ന ഉന്നതസ്ഥാനത്തോടുള്ള ബഹുമാനം ഇതരന്മാരിൽ നിലനിർത്തുവാനായി വൈദികർ തങ്ങളുടെ സാമൂഹ്യവ്യാപാരങ്ങളിൽ സ്വല്പം മാന്യമായ ജീവിതരീതി അവലംബിക്കേണ്ടതത്യാവശ്യമാണ്. ബാഹ്യമായ ഈദൃശജീവിതരീതി കണ്ടു് പലരും വൈദികരുടെ സാമ്പത്തികസ്ഥിതി വളരെ മെച്ചമാണെന്നു തെററിദ്ധരിക്കുന്നു. എന്നാൽ നമ്മുടെ വൈദികരുടെ സാമ്പത്തികനില യഥാവിധി വെളിപ്പെടുത്തുന്നതു അവരിൽനിന്നു ഇത്രയേറെ ആത്മീയഗുണങ്ങൾ സ്വീകരിച്ചുകൊണ്ടു് ജീവിക്കുന്ന നിങ്ങൾക്കു ഒരിക്കലും അഭിമാനകരമായിരിക്കയില്ലെന്നു നാം കരുതുന്നു. നമ്മുടെ പല വൈദികരും വെറും സാധാരണ കൂലിവേലക്കാർക്കു ലഭിക്കുന്ന തരത്തിലുള്ള തുച്ഛമായ ആദായംകൊണ്ടുമാത്രം ഉപജീവിക്കുന്നവരാണെന്നും, അവരിൽ പലരും അവരുടെ ജീവസന്ധാരണത്തിനു് ഗതിയില്ലാതെ ചില അവസരങ്ങളിൽ നമ്മോടു് സഹായം അഭ്യർത്ഥിക്കുന്നതിനുപോലും നിർബന്ധിതരായിത്തീരുന്നുണ്ടെന്നുമുള്ള പരമാർത്ഥം ഇനിയെങ്കിലും വിശ്വാസികൾ മനസ്സിലാക്കി അവരെപ്പററി പറയപ്പെടുന്ന താദൃശാപവാദങ്ങൾക്കു ചെവികൊടുക്കാതിരിക്കണമെന്നു നാം ഹൃദയപൂർവ്വം അവരോടു അഭ്യർത്ഥിക്കുന്നു. "ബലിപീഠത്തിൽ ശുശ്രൂഷിക്കുന്നവൻ ബലിപീഠത്തിൽനിന്നു ഉപജീവിക്കുന്നു"വെന്ന ശ്ലീഹായുടെ ഉപദേശം അനുസരിച്ചു്, നിങ്ങളുടെ ആത്മീയകാര്യങ്ങൾക്കുവേണ്ടിമാത്രം ജീവിക്കുന്ന നിങ്ങളുടെ ആത്മീയപാലകരെ സംരക്ഷിക്കുവാൻ നിങ്ങൾക്കുള്ള കടമയെപ്പററി ഈ അവസരത്തിൽ നാം നിങ്ങളെ പ്രത്യേകം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

വൈദികരെപ്പററിയുള്ള മതിപ്പും ബഹുമാനവും കുറയ്ക്കുന്ന മറെറാരു കാരണം അവരുടെ കുററങ്ങളും കുറവുകളും പറഞ്ഞുപരത്തുകയെന്നുള്ളതാണ്. മനുഷ്യസഹജമായ ന്യൂനതകളും തെററുകളും വൈദികരിൽ ഉണ്ടാകയില്ലെന്നോ ഉണ്ടാകുന്നില്ലെന്നോ പറയുന്നില്ല. അങ്ങനെ നിർഭാഗ്യവശാൽ വല്ല പോരായ്മകളും ഉണ്ടായാൽ അവയ്ക്കു നിവാരണം വരുത്തുവാൻ നമ്മുടെ മതഭക്തിക്കും വിശ്വാസചൈതന്യത്തിനും പററിയ ഉത്തമമാർഗ്ഗങ്ങൾ ഉള്ളപ്പോൾ, അവയ്ക്കു അനാവശ്യമായ പ്രസിദ്ധിനൽകി ഇടർച്ചയ്ക്കും അവഹേളനത്തിനും വഴിതുറക്കുന്നതു എത്ര പരിതാപകരമാണ്. നിങ്ങളുടെ സ്വന്തം മാതാപിതാക്കന്മാരുടേയോ മക്കളുടേയോ തെററുകളെപ്പററി അന്യന്മാരെ അറിയിക്കുവാനോ അവയെപ്പററി വിമർശനം നടത്തുവാനോ നിങ്ങളാരും മുതിരുകയില്ലെന്നു തീർച്ചയാണ്. ആ സ്ഥിതിക്കു നിങ്ങളുടെ വൈദികരെ പരസ്യമായി വിമർശിക്കുന്നതും അപലപിക്കുന്നതും എത്ര വ്യഥാജനകമാണെന്നു നിങ്ങൾ ചിന്തിക്കണം. ഇത്തരം സംഭാഷണങ്ങൾ നടത്തുന്നതു ഒരു വിനോദമായിട്ടുപോലും കണക്കാക്കുന്നവരും ഇല്ലാതില്ല. ഗൗരവമായ തെററുകൾ ആരോപിച്ചുകൊണ്ടുള്ള ഇത്തരം സംഭാഷണങ്ങൾ പലപ്പോഴും ഘനമായ പാപമാകുവാൻ ഇടയുണ്ടെന്നുള്ളതു ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. താദൃശസംഭാഷണങ്ങൾകൊണ്ടു് ദൈവത്തിന്റെയും സഭയുടെയും താല്പര്യങ്ങൾക്കു് അവർ എത്രവലിയ ഉപദ്രവമാണ് വരുത്തുന്നതെന്നു് അവർ ചിന്തിക്കുന്നുമില്ല.

വൈദികരെപ്പററി ഇല്ലാത്ത കുററങ്ങൾ പറഞ്ഞു പരത്തുന്നതാണ് ഇതിലും ഭയങ്കരം. അവരെപ്പററി പ്രചരിക്കുന്ന ആരോപണങ്ങൾ ഒട്ടെല്ലാംതന്നെ അടിസ്ഥാനരഹിതങ്ങളോ അതിശയോക്തിപരങ്ങളോ ആണെന്നു ധൈര്യപൂർവ്വം പറയാം. ചില നിസ്സാരകാരണങ്ങളെ അടിസ്ഥാനമാക്കി ഗൗരവമായ അപരാധങ്ങൾ അവരുടെമേൽ ചുമത്തുന്നതും അവരെപ്പററി തോന്നുന്ന ചില സംശയങ്ങളെ തീർച്ചയുള്ള സംഭവങ്ങളായി പറഞ്ഞു പരത്തുന്നതും, അതിശയോക്തിപരമായി വർണ്ണിച്ചു പ്രചരിപ്പിക്കുന്നതും, ഇങ്ങനെ ചിലർ പകയോടെ പ്രചരിപ്പിക്കുന്ന അപവാദങ്ങളെ കേട്ടപടി വിശ്വസിക്കയും മററുള്ളവരെ പറഞ്ഞറിയിക്കയും മററും ചെയ്യുന്നതും വളരെ ഗൗരവമേറിയ തെററുകളാണെന്നു പ്രത്യേകം മനസ്സിലാക്കണം. നിരുപദ്രവമെന്നോ, വിനോദപ്രദമെന്നോ നിങ്ങൾ വിചാരിക്കുന്ന ഇത്തരം ദുഷിച്ച സംഭാഷണങ്ങൾ നിങ്ങളറിയാതെ നിങ്ങൾക്കും ഇതരന്മാർക്കും വരുത്തുന്ന നാശത്തിന്റെ വൈപുല്യം നിങ്ങൾ ഗ്രഹിക്കണം. വൈദികരുടെനേർക്കു നമ്മുടെ ജനങ്ങളുടെയിടയിൽ പണ്ടുമുതൽക്കേ നിലനിന്നുപോന്നിരുന്ന ഭക്ത്യാദരങ്ങൾക്കു അടുത്തകാലത്തു എന്തെങ്കിലും കോട്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാനകാരണം ഇത്തരം നിരുത്തരവാദപരമായ സംസാരങ്ങളാണ് എന്നു തീർച്ചയായും പറയാവുന്നതാണ്. ആകയാൽ ഈദൃശമായ സംഭാഷണങ്ങൾ തടയുവാൻ നിങ്ങൾ ഓരോരുത്തരും കഴിവുള്ളതൊക്കെ ചെയ്യണമെന്നു എല്ലാവരേയും നാം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. പരിശുദ്ധമായ കുടുംബരംഗം ഇത്തരം സംഭാഷണങ്ങൾകൊണ്ടു മലിനമാകുവാൻ മാതാപിതാക്കന്മാർ ഒരിക്കലും അനുവദിക്കരുതു്. ഈ വിഷക്കാററു കുടുംബത്തിൽ അടിച്ചുകയറുവാൻ അനുവദിച്ചാൽ അതു കുടുംബത്തിന്റെ അസ്ഥിവാരം പിഴുതുകളയുമെന്നുള്ളതു തീർച്ചയാണ്. നമ്മുടെ മാതാവായ സഭയുടെ സംരക്ഷണാർത്ഥം തങ്ങളുടെ കഴിവുകൾ ഉദാരമായി വിനിയോഗിക്കുവാൻ കടപ്പെട്ടിരിക്കുന്ന ജനനേതാക്കന്മാർക്കും അഭ്യസ്തവിദ്യർക്കും വൈദികരോടുള്ള ആദരവും സ്നേഹവും കൈവളർത്തുവാനുള്ള പ്രത്യേക ഉത്തരവാദിത്വത്തെപ്പററി അവരേയും നാം ഇത്തരുണത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

### വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണം

വൈദികരുടെ കുററങ്ങളും കുറവുകളും പറഞ്ഞു പരത്തി അവരുടെ സൽപ്പേരിനെ കളങ്കപ്പെടുത്തുകയും, തദ്വാരാ അവരുടെ ആദ്ധ്യാത്മികസേവനം നിഷ്ഫലമാക്കുകയും ചെയ്യുന്ന നീചകൃത്യത്തിനു പകരം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് എത്രയോ ക്രിസ്തീയവും മഹനീയവുമായ ഒരു കാര്യമായിരിക്കും. ആയതുകൊണ്ടു്, വാത്സല്യ മക്കളേ, വൈദികരിൽ ഏതുവിധത്തിലുള്ള സുകൃതങ്ങളും പുണ്യപരിപൂർണ്ണതയും കാണുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ, അവർ ആ വിധത്തിലുള്ള പുണ്യപൂർണ്ണതയും ജീവിതവിശുദ്ധിയും ഉള്ളവരായിത്തീരുന്നതിനു് അവർക്കുവേണ്ടി നിങ്ങൾ ദിവസേന പ്രാർത്ഥിക്കണം. നിങ്ങളുടെ കുടുംബപ്രാർത്ഥനകളുടെ കൂട്ടത്തിൽ ഒരു ചെറിയ പ്രാർത്ഥന ഈ ഉദ്ദേശ്യത്തോടുകൂടെ പതിവായി ചൊല്ലുന്നതായാൽ അതു് നമ്മുടെ വൈദികർക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന ഒരു വലിയ സേവനമായിരിക്കും മാത്രമല്ല, അതു് നിങ്ങളുടെ കൊച്ചുകുട്ടികൾക്കു ഒരു നല്ല ദൃഷ്ടാന്തവുമായിരിക്കും. തദ്വാരാ ക്രിസ്തീയമായ ഈ ചൈതന്യവിശേഷം അവരിൽ ക്രമേണ രൂഢമൂലമാകയും അതിന്റെ വിശിഷ്ടഫലം അവരുടെ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുകയും ചെയ്യും. ഇത്തരുണത്തിൽ "വൈദികവ്യാഴാഴ്ച" എന്ന ഭക്തമുറയെപ്പററി നിങ്ങളെ അനുസ്മരിപ്പിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു് നാം കരുതുന്നു. വൈദികരുടെ വിശുദ്ധീകരണത്തിനും ദൈവവിളിയുടെ വർദ്ധനവിനുംവേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ഒരു പ്രസ്ഥാനമാണ് "വൈദികവ്യാഴാഴ്ച" എന്ന പേരിൽ അറിയപ്പെടുന്ന ഭക്താനുഷ്ഠാനം. മാസത്തിന്റെ ആദ്യവ്യാഴാഴ്ചയിലെ നമ്മുടെ ദിവ്യപൂജ, ദിവ്യകാരുണ്യസ്വീകരണം, പ്രാർത്ഥന, സന്തോഷം, സങ്കടം, ത്യാഗം —ഇവയെല്ലാം വൈദികരുടെയും വൈദികവിദ്യാർത്ഥികളുടെയും വിശുദ്ധീകരണത്തിനായി പരിശുദ്ധ മാതാവിന്റെ തൃക്കരങ്ങൾവഴി ദൈവത്തിനു് സമർപ്പിക്കയാണ് "വൈദികവ്യാഴാഴ്ച"യുടെ ആചരണംകൊണ്ടു് നാം സാധിക്കുന്നതു്. ഈ ഭക്തമുറ അനുഷ്ഠിക്കുന്നതിനു നമ്മിൽ ആർക്കാണ് കഴിയാത്തതു? സ്വല്പം നന്മനസ്സുണ്ടെങ്കിൽ എല്ലാവർക്കും അനായാസേന ചെയ്യാവുന്ന ഒരു വലിയ കാര്യമാണ് ഇതു്. തന്മൂലം നാം നിർവ്വഹിക്കുന്ന സേവനമാകട്ടെ അത്യന്തം മഹനീയവുമായിരിക്കും. അതിനാൽ കഴിയുന്നത്ര വിശ്വാസികൾ ഈ ഭക്തപ്രസ്ഥാനത്തിൽ സോത്സാഹം പങ്കുകൊണ്ടു കാണുവാൻ നാം ആഗ്രഹിക്കുന്നു.

### വൈദികരും വിശ്വാസികളും തമ്മിലുള്ള അടുപ്പം

ക്രിസ്തുവിന്റെ മൗതികശരീരത്തിലെ വിവിധ അംഗങ്ങളായ വൈദികരും വിശ്വാസികളും തമ്മിൽ ഏററം സൗഹാർദ്ദപരമായ ഒരു ദൃഢബന്ധം ഉണ്ടാകണം. വൈദികരെപ്പററി തെററിദ്ധാരണകളും അനാദരവും അവിശ്വാസവുമായി കഴിഞ്ഞുകൂടിയാൽ വിശ്വാസികളുടെ ആത്മീയജീവൻ ദുർബലപ്പെടുവാൻ തുടങ്ങും. അങ്ങനെ അവർക്കു നേരിടുന്ന ആത്മീയക്ഷീണം സഭയ്ക്കുതന്നെ ഒരു കെടുതിയായി ഭവിക്കും. അതിന്റെ ആന്തരികവും ബാഹ്യവുമായ പ്രവർത്തനങ്ങൾ നിർജ്ജീവങ്ങളാകുകയും ചെയ്യും. സഭയാകുന്ന ക്രിസ്തുവിന്റെ ശരീരം അനേകവിധത്തിൽ വെട്ടിമുറിക്കപ്പെടുകയും രക്തം ചിന്തപ്പെടുകയും ചെയ്യുന്ന ഈ ആപൽഘട്ടത്തിൽ വിശേഷിച്ചും വൈദികരും വിശ്വാസികളും ഏററം ഗാഢമായി യോജിച്ചും സഹകരിച്ചും പ്രവർത്തിക്കണം. മേൽവിവരിച്ച പല കാരണങ്ങൾകൊണ്ടും വൈദികരും വിശ്വാസികളും തമ്മിലുള്ള അടുപ്പത്തിനും സഹകരണത്തിനും ചില കോട്ടങ്ങൾ നമ്മുടെ ഇടയിൽ വന്നിട്ടില്ലയോ എന്നു സംശയിക്കുവാൻ ന്യായമുണ്ടു്. ഇതുകൊണ്ടല്ലയോ നമ്മുടെ ഇടവകകളിൽ അത്യാവശ്യം നടക്കേണ്ട കത്തോലിക്കാ പ്രവർത്തനപരമായ പല കാര്യങ്ങളും നിർജ്ജീവമായി കിടക്കുന്നതു്. സംഗതികൾ ഈ നിലയിൽ തുടർന്നുപോകുന്നതു കേരളത്തിൽ കത്തോലിക്കാസഭയ്ക്കു ഗുണകരമായിരിക്കയില്ല. പ്രത്യേകിച്ചു സഭയ്ക്കെതിരായ സംരംഭങ്ങൾ പലവഴിക്കും ശക്തിപ്പെട്ടുവരുമ്പോൾ നമ്മുടെ ശക്തിക്കു സാരമായ ഉടവുവരുത്തുന്ന അനാശാസ്യമായ ഈ ദുഃസ്ഥിതി ഉടനെ പരിഹരിക്കപ്പെടുകതന്നെ വേണം.

ആകയാൽ പ്രിയമക്കളേ, നമ്മുടെ കർത്താവിന്റെ സാക്ഷാൽ പ്രതിപുരുഷന്മാരും നിങ്ങളുടെ ആത്മീയപാലകന്മാരുമായ വൈദികരെ നിങ്ങൾ പുത്രനിർവ്വിശേഷം സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിച്ചു സംരക്ഷിക്കുകയും ചെയ്യുവിൻ. നമ്മുടെ ശത്രുക്കളുടെ കപടതന്ത്രങ്ങൾകൊണ്ടോ ദുഷ്പ്രചരണങ്ങൾകൊണ്ടോ ഈ ആദ്ധ്യാത്മികബന്ധം തകർന്നുപോകാതെ നിങ്ങൾ രക്ഷിക്കുവിൻ. നിങ്ങളുടെ ആത്മീയപിതാക്കളുടെ മാനുഷികമായ ബലഹീനതകളോ അവരോടു നിങ്ങൾക്കു ഉണ്ടാകുന്ന താൽക്കാലികമായ അപ്രീതിയോ അഭിപ്രായവ്യത്യാസങ്ങളോ അവരോടുള്ള ബഹുമാനത്തിലും സ്നേഹത്തിലു നിന്നു നിങ്ങളെ അണുപോലും അകററാതിരിക്കട്ടെ. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു" എന്ന ദിവ്യനാഥന്റെ അനുശാസനം നിങ്ങളുടെ മുമ്പിൽ എപ്പോഴുമുണ്ടായിരിക്കുകയും ചെയ്യട്ടെ. അവസാനമായി, വൈദികവിദ്വേഷമാകുന്ന മഹാമാരിക്കു് നിങ്ങൾ ആരും ഇരയാകാതിരിക്കുന്നതിനാവശ്യമായ പ്രസാദവരങ്ങൾ വൈദികരുടെ മാതാവായ പരിശുദ്ധ കന്യകാമറിയം ദൈവത്തിൽനിന്നു് നിങ്ങൾക്കു സമൃദ്ധിയായി വാങ്ങിത്തരട്ടെയെന്നും, അങ്ങനെ നിങ്ങൾ നിങ്ങളുടെ ആത്മപാലകരായ വൈദികരോടു് എന്നും ഭക്ത്യാദരപൂർവ്വം വർത്തിക്കുവാൻ ഇടവരട്ടെയെന്നും ആശംസിക്കുന്നു.

---

## അംഗീകരിച്ചു

പത്താം പീയൂസ് മാർപ്പാപ്പായെ സിദ്ധൻ എന്നു പേർവിളിക്കുന്നതിനുള്ള രണ്ടത്ഭുതങ്ങൾ റീത്തുകളുടെ തിരുസംഘം അംഗീകരിച്ചിരിക്കുന്നു.

### കമ്മ്യൂണിസ്റ്റു നേതാവിനെ കന്യാസ്ത്രീകൾ ശുശ്രൂഷിച്ചു

ഇററാലിയൻ കമ്മ്യൂണിസ്റ്റു നേതാവായ പൽമീരൊ തൊഗ്ലിയാത്തി ഒരു കാറപകടത്തിൽ പെട്ടതിനെ തുടർന്നു രണ്ടാഴ്ച ഇവ്രേയയായിലെ ആസ്പത്രിയിലായിരുന്നു. ആ സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കുന്ന കന്യാസ്ത്രീകളാണു തദവസരത്തിൽ അദ്ദേഹത്തെ ശുശ്രൂഷിച്ചതു്.




### മിതത്വം

എവുജേനിയോ പച്ചെല്ലി—ഇപ്പോഴാകട്ടെ പന്ത്രണ്ടാം പീയൂസ്—ബാലനായിരുന്നപ്പോൾപ്പോലും കൃത്യനിഷ്ഠ പാലിക്കുന്നതിൽ അതീവശ്രദ്ധാലുവായിരുന്നു. ഒരിക്കൽമാത്രം അതിനു ഭംഗം വരുത്തുന്നതിനിടവന്നു. പ്രസ്തുത സാഹചര്യങ്ങൾ തിരുമനസ്സുകൊണ്ടുതന്നെ വർണ്ണിക്കാറുണ്ടു്. റോമിൽ എത്തുന്നതിനു് ഒർവിയെത്തോവരെ കുതിരവണ്ടിയിൽ യാത്രചെയ്യേണ്ടിയിരുന്നു. പകുതി വഴിയാകുമ്പോൾ വണ്ടിക്കാരൻ മദ്യശാലയിൽ കയറി അല്പം "കുടിക്കുകയും" ഒരു പാത്രം വീഞ്ഞു കുതിരയ്ക്കും വാങ്ങിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം പച്ചെല്ലിതന്നെ ഒർവിയെത്തോയിലേക്കു വണ്ടി ഓടിച്ചുകൊണ്ടുപോകാൻ നിർബന്ധിതനായി. പകുതിവഴി ചെന്നപ്പോൾ മുൻപതിവനുസരിച്ചു കുതിര നിന്നു. ബാലനു കാര്യം മനസ്സിലായതിനാൽ കുതിരയുടെ ദാഹം ശമിപ്പിക്കാൻതന്നെ അവൻ തീരുമാനിച്ചു. സമയം അതിക്രമിച്ചിരുന്നതിനാൽ, കുതിരയുടെ ഉന്മേഷം ദ്വിഗുണീഭവിപ്പിക്കുന്നതിനുവേണ്ടി ഒന്നിനുപകരം രണ്ടുപാത്രം വീഞ്ഞുവാങ്ങിക്കൊടുത്തു. അതിന്റെ ഫലമായി കുന്നിന്റെ മുകളിൽ എത്തുന്നതുവരെ കുതിര അതിവേഗം പാഞ്ഞു. പക്ഷേ അത്രയും ആയപ്പോഴേക്കും കുതിര അതിയായി ക്ഷീണിക്കയും ഒരടി മുന്നോട്ടുവയ്ക്കാൻ നിവൃത്തിയില്ലാതെ താഴെ കിടപ്പാകയും ചെയ്തു. ബാക്കിദൂരം മുഴുവൻ പച്ചെല്ലി നടന്നുപോകേണ്ടിവന്നു. മിതത്വത്തിന്റെ ആവശ്യകത സംബന്ധിച്ചു് അവിടുത്തേക്കു ലഭിച്ച പ്രഥമപാഠം ഇതായിരുന്നുവത്രെ.

From "Pope Pius XII" (Catholic Digest)

### ക്രിസ്തു ഏഷ്യാക്കാരനാണ്

സയാമിൽ ക്രിസ്ത്യാനികൾക്കെതിരായ ഒരു മതപീഡനമുണ്ടായി. അവിടത്തെ "ദേശീയമത"മായ ബുദ്ധമതം അനുഷ്ഠിപ്പാൻ അവർ വിസമ്മതിച്ചതുതന്നെ അതിനു കാരണം.

ഒരുദിവസം 3000 ക്രിസ്ത്യാനികളെ പോലീസുകാർ നിരത്തിനിറുത്തി. വിശ്വാസതീക്ഷ്ണത ഇല്ലാത്തവരായി പരിഗണിക്കപ്പെട്ടിരുന്ന നാലുപേരെയാണ് ആദ്യം നിറുത്തിയതു്. ഇൻസ്പെക്ടർ ഇപ്രകാരം തന്റെ പ്രഭാഷണം ആരംഭിച്ചു: "സാക്ഷാൽ ഏഷ്യാക്കാരായവർക്കു് എല്ലാവർക്കും ഒരു മതമേ പാടുള്ളു. അതു ബുദ്ധൻ പഠിപ്പിച്ച മതംതന്നെ. യൂറോപ്യനായ ക്രിസ്തുവിനെ ആരാധിക്കുന്നതു് ഏഷ്യാക്കാർക്കു യോജിച്ചതല്ല." അനന്തരം മേൽപ്പറഞ്ഞ നാലുപേരിൽ പ്രമുഖനോടു് ക്രിസ്തുമതം ഉപേക്ഷിപ്പാൻ അദ്ദേഹം ആവശ്യപ്പെട്ടു. മററുള്ളവർ എളുപ്പത്തിൽ അയാളെ അനുഗമിക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചിരുന്നു.

പക്ഷെ അദ്ദേഹത്തിനു ലഭിച്ച പ്രത്യുത്തരം നിരാശാജനകമായിരുന്നു. അയാൾ പറഞ്ഞു: "ഞാനൊരു പാപിയാണെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. അനേകകൊല്ലക്കാലമായി മററുള്ളവർക്കു ഞാൻ ദുർമ്മാതൃക കൊടുത്തിട്ടുണ്ടെന്നുള്ളതും വാസ്തവം. എന്നാൽ ഞാൻ യാതൊരുകാരണവശാലും ക്രിസ്തുവിനെ പരിത്യജിക്കയില്ല."

അയാൾ തുടർന്നു: "ഞാനൊരു പണ്ഡിതനല്ല, എന്നുവരികിലും ക്രിസ്തു പാലസ്റ്റൈനിലെ ബത്ലഹമിലാണു ജനിച്ചതെന്നും പാലസ്റ്റൈൻ ഏഷ്യയിലാണെന്നും ഞാൻ സ്കൂളിൽവച്ചു പഠിച്ചിട്ടുള്ളതാണ്. തൽക്കാരണത്താൽ നിങ്ങളേയും എന്നേയുംപോലെ ക്രിസ്തുവും ഒരു ഏഷ്യാക്കാരനാണ്. യൂറോപ്യന്മാരാണു് ഒരു ഏഷ്യാക്കാരന്റെ മതം അനുഷ്ഠിക്കുന്നതു്; ഏഷ്യാക്കാർ ഒരു യൂറോപ്യന്റെ മതം അനുഷ്ഠിക്കയല്ല ചെയ്യുന്നതു്."

ഉദ്യോഗസ്ഥന്മാർ വിസ്മയഭരിതരായി പരസ്പരം നോക്കി. എല്ലാവരും പിരിഞ്ഞുപോകാൻ അവർ ആജ്ഞകൊടുത്തു. പിന്നീടു് ക്രിസ്ത്യാനികളെ അവർ പീഡിപ്പിച്ചുമില്ല.

(Catholic Digest)

Sathya Deepam

Vol. 24 | Ernakulam October 4 1950 | No. 8

വിമർശനവീഥി

# ഇൻഡ്യൻകമ്മ്യൂണിസ്റ്റ്പാർട്ടിയെ പ്രധാനമന്ത്രി അപലപിക്കുന്നു

[ഇൻഡ്യാഗവമ്മെൻറിൻെറ ആഭ്യന്തരവകുപ്പിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഒരു ഇംഗ്ലീഷ് ലഘുഗ്രന്ഥത്തിൻെറ തർജ്ജിമ "ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് അക്രമം" എന്ന അഭിധാനത്തിൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് ഡിപ്പാർട്ടുമെൻറ് ആഫ് പബ്ലിക് റിലേഷൻസിൽനിന്നു ഈയിടെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിൽ ആദ്യമായി ചേർത്തിരിക്കുന്നതു് 1949 ഫെബ്രുവരി 28-ാം നു കൺസ്റ്റിററ്യുവെൻറ് അസംബ്ളിയിൽ പ്രധാനമന്ത്രി പണ്ഡിതജി ചെയ്ത ഒരു പ്രസ്താവനയിലെ ചില ഭാഗങ്ങളാണ്. അവ പ്രസ്തുത തർജ്ജിമഗ്രന്ഥത്തിൽനിന്നു ഞങ്ങൾ താഴെ പകർത്തുന്നു. ഇടയ്ക്കിടയ്ക്കുള്ള തലക്കെട്ടുകൾ ഞങ്ങൾ ചേർത്തിട്ടുള്ളതാണ്.]

### പരസ്യശത്രുതയുടേയും വിപ്ലവത്തിൻേറയും മനോഭാവം

ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി കഴിഞ്ഞ വർഷം ഗവമ്മെൻറിൻെറ നേർക്കു പരസ്യശത്രുത മാത്രമല്ല, പരസ്യവിപ്ലവത്തിനു മുതിരുന്നതെന്നു വിവരിക്കാവുന്നതുംകൂടി ആയ ഒരുമനോഭാവം സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യയിലെ ചില പ്രത്യേകപ്രദേശങ്ങളിൽ ഈ നയം തീക്ഷ്ണമായി പ്രയോഗത്തിൽ വരുത്തുകയും, അതിൻെറ ഫലമായി കൊല, കൊള്ളിവയ്പ്, കൊള്ള, വിധ്വംസകപ്രവർത്തനങ്ങൾ എന്നിവയുൾക്കൊള്ളുന്ന അക്രമങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യയോടു തൊട്ടുകിടക്കുന്ന രാജ്യങ്ങളിൽ നടന്നിട്ടുള്ള കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങളെക്കുറിച്ചു ഈ സഭയ്ക്കു നല്ലപോലെ അറിവുള്ളതാണല്ലോ. അതേനയത്തിൻെറ പുരോഗമനത്തിനായിരിക്കണം ഇൻഡ്യയിലും ജനങ്ങളെ വിപ്ലവത്തിനു പ്രേരിപ്പിച്ചുകൊണ്ടുള്ള ശ്രമങ്ങൾ ഉണ്ടായതെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ഭാഗ്യംകൊണ്ടു് ഈ ശ്രമങ്ങൾ, അവയ്ക്കെതിരായ ജനകീയാഭിപ്രായത്തിൻെറ ശക്തികൊണ്ടും ഗവമ്മെൻറു കൈക്കൊണ്ട നടപടികൊണ്ടും വിഫലങ്ങളായി. എന്നിരുന്നാലും, അവമൂലം ഇൻഡ്യയിലെ ചില ഭാഗങ്ങളിൽ വളരെയധികം കഷ്ടതയും നഷ്ടവും ഉണ്ടായിട്ടുണ്ട്.

നമ്മുടെ അനേകലക്ഷം ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഗൗരവാവഹമായ സാമ്പത്തികസ്ഥിതി അഭിമുഖീകരിക്കുന്നതിൽ കഴിഞ്ഞ അനേകം മാസം നാം വ്യാപൃതരായിരുന്നുവെന്നു് ഈ സഭയ്ക്കുപൂർണ്ണമായും അറിവുള്ളതാണല്ലോ. രാജ്യമാസകലം സാധനങ്ങൾ ശീഘ്രമായി കൊണ്ടുപോകണമെന്നുള്ളതു് നമ്മുടെ പരിപാടിയിൽ വിവക്ഷിതമായിരുന്നു.

### റെയിൽവേപണിമുടക്കു പരിപാടി

നവംബർ അവസാനത്തോടുകൂടി, ഓൾ ഇൻഡ്യാ റെയിൽവേമെൻസ് ഫെഡറേഷൻെറനിർവാഹകസമിതി നാഗപ്പൂരിൽകൂടി, അതിൽചേർന്നിട്ടുള്ള അംഗങ്ങളുടെയിടയിൽ പണിമുടക്കു ബാലററു നടത്തണമെന്നു തീരുമാനിച്ചു. റെയിൽവേ യൂണിയനുകളിൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റ് ഘടകങ്ങൾ ഉദ്ദിഷ്ടമായ പണിമുടക്കിനെ രാഷ്ട്രീയോദ്ദേശങ്ങൾക്കായി ചൂഷണംചെയ്യുന്നതിനും വിശേഷിച്ചും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു അക്രമവും വിധ്വംസകപ്രവൃത്തിയും കൈക്കൊള്ളുന്നതിനും തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നു ഞങ്ങൾക്കു് അപ്പഴപ്പോൾ കിട്ടിക്കൊണ്ടിരുന്ന അറിവിനു് ഈ സമയത്തു കൂടുതൽ ഉറപ്പു സിദ്ധിച്ചു.

അനന്തരം പണിമുടക്കു ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായണമെന്ന ഉദ്ദേശത്തോടുകൂടി, എൻെറ സഹപ്രവർത്തകൻ ട്രാൻസ്പോർട്ടു മന്ത്രിയും ആൾ ഇൻഡ്യാ റെയിൽവേ മെൻസ് ഫെഡറേഷൻ പ്രസിഡൻറ് ശ്രീ ജയപ്രകാശ് നാരായനും തമ്മിൽ കൂടിയാലോചനകൾ നടന്നു. ഒരു റെയിൽവേ പണിമുടക്കു്, പ്രത്യേകിച്ചും ഈ തരുണത്തിൽ രാജ്യത്തിനു് അചഞ്ചലവായ ഒരാപത്തായിരിക്കുമെന്നു ഗവമ്മെൻറിനു ബോദ്ധ്യമായിരുന്നു. ഗതാഗതം കുഴപ്പത്തിലാകുന്നതുമൂലം രാജ്യത്തെ അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തികസ്ഥിതിയെ നേരിടുന്നതിനു ഗവമ്മെൻറു കൈക്കൊണ്ടിരുന്ന നടപടികൾ വിഫലമാകുമെന്നുള്ള വസ്തുതയ്ക്കു പുറമേ ഗുജറാത്തിലും കച്ചിലും ക്ഷാമം വളർന്നുവന്നിരുന്നതിനാൽ ആ പ്രദേശങ്ങളിലെ ലക്ഷോപലക്ഷം ജനങ്ങൾക്കും കന്നുകാലികൾക്കും ഒരു പണിമുടക്കു വിനാശകരമാവുകയും ചെയ്യുമായിരുന്നു. ഈ ചർച്ചകൾ സൗഹാർദ്ദപരമായ ഒരന്തരീക്ഷത്തിൽ നടക്കുകയും ചില വ്യവസ്ഥകൾ സമ്മതിക്കപ്പെടുകയും ചെയ്തു. ഇതിൻെറ ഫലമായി, പണിമുടക്കു വേണ്ടതില്ലെന്നു റെയിൽവേ മെൻസ് ഫെഡറേഷൻ തീരുമാനിച്ചു.

റെയിൽവേ മെൻസ് ഫെഡറേഷൻ ഇങ്ങനെ തീരുമാനിച്ചിട്ടും, ഫെഡറേഷനിലെ ഏതാനും കമ്മ്യൂണിസ്റ്റ്ഘടകങ്ങൾ ഒരു പണിമുടക്കിനു വേണ്ടിയുള്ള പരിപാടി തുടരുകയുണ്ടായി. വിധ്വംസകപ്രവൃത്തിക്കുള്ള വിപുലമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, അക്രമംമൂലം പണിമുടക്കു ഊർജ്ജിതത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുന്നു എന്നും വിശ്വസനീയമായ സ്ഥാനങ്ങളിൽനിന്നും ഗവമ്മെൻറിനു റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. തീർച്ചയായും വിധ്വംസകപ്രവൃത്തികളുടെ അത്തരം ധാരാളം ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഈയിടെ കൽക്കട്ടായിൽ ഏതാനും വിദ്യാർത്ഥികളും മററുള്ളവരും പോലീസും തമ്മിൽ നിർഭാഗ്യകരമായ കൂട്ടിമുട്ടലുകൾ ഉണ്ടായിരുന്നു. ഈ കൂട്ടിമുട്ടലുകൾക്കിടയിൽ, പോലീസിൻെറ നേർക്കു ഹാൻഡ് ഗ്രനേഡുകളും ബോംബുകളും പ്രയോഗിക്കുകയും, ബസ്സുകൾ, ട്രാംവണ്ടികൾ മുതലായ പൊതുസ്വത്തുക്കൾ നശിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്കു് ഈ ആയുധങ്ങൾ നല്കിയ ഏജൻസികൾതന്നെ റയിൽവേ പണിമുടക്കുകാലത്തു് ഇതുപോലുള്ള കാര്യങ്ങൾക്കായി അവരെ ചൂഷണം ചെയ്തിരുന്നു എന്നു ഞങ്ങൾക്കു തെളിവുണ്ട്.

### പണിമുടക്കുകൾ തൊഴിലാളിരക്ഷയ്ക്കല്ല, ഭരണകൂടധ്വംസനത്തിനാണ്

ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശ്രദ്ധ അടുത്തകാലത്തു റയിൽവേകളിലും ജനസമുദായത്തെ സംബന്ധിച്ചിടത്തോളം പരമപ്രാധാന്യമുള്ള മററു് അത്യന്താപേക്ഷിതസേവനങ്ങളിലും ഒരു പൊതുപണിമുടക്കുണ്ടാക്കേണ്ട പ്രശ്നത്തിൽ കേന്ദ്രീകരിച്ചിട്ടുണ്ട്. അവർ ഈ പണിമുടക്കുകളെ തൊഴിലാളികളുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള ട്രേഡ്യൂണിയൻ സംബന്ധിച്ചതോ സാമ്പത്തികമോ ആയ വീക്ഷണകോണത്തിൽ നിന്നല്ല, പിന്നയോ, പാർട്ടിയുടെ മററുലക്ഷ്യങ്ങൾ. അവ എന്തുതന്നെയായാലും പ്രാപിക്കുന്നതിനു പാർട്ടിക്കു സഹായകമായിരിക്കുമെന്നു വിചാരിക്കുന്ന ഒരു അരാജകസ്ഥിതി രാജ്യത്തിൽ ഉളവാക്കാനുദ്ദേശിച്ചിട്ടുള്ള ഒരു ആയുധമായിട്ടാണു വീക്ഷിക്കുന്നതു്. ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകാൻ സാധ്യമാകാത്തവിധം റയിൽവേ പദ്ധതിയെ സ്തംഭിപ്പിച്ചു, ക്ഷാമാവസ്ഥകൾ സംജാതമാക്കാൻ അവർ മനഃപൂർവ്വം നോക്കുകയാണ്. ഇതിൻെറ ഉദ്ദേശം ഒരു കലക്കത്തിൻെറ സാമാന്യപശ്ചാത്തലം സൃഷ്ടിക്കുകയും, ഭരണകൂടത്തെ ധ്വംസിക്കുകയും പൊതുജനവിപ്ലവം ഉണ്ടാക്കുകയും ആകുന്നു. ഒട്ടുവളരെ പ്രമുഖ കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങൾ ഒളിവിൽ പോയിട്ടുണ്ട്. വിധ്വംസകസമരങ്ങൾ പ്രത്യേകിച്ചും, റയിൽവേകളിൽ നടത്തുന്നതിനു സംഘടിതശ്രമങ്ങൾ ചെയ്തുവരുന്നുവെന്നു സൂചിപ്പിക്കുന്ന ഒട്ടുവളരെ തെളിവുകൾ ഗവമ്മെൻറിൻെറ കൈവശം ഉണ്ട്. റെയിൽ റോഡു നശിപ്പിക്കാനും, തീവണ്ടിയന്ത്രങ്ങളെ തടസ്സപ്പെടുത്താനും ജീവപ്രധാനങ്ങളായ വൈദ്യുതസ്ഥാപനങ്ങളും (ഇൻസ്റ്റലേഷൻസും) ടെലിഫോണും ടെലഗ്രാഫിയും പവ്വർസ്റ്റേഷനുകളും പൊതുവേ തകർക്കാനും ഉദ്ദേശിച്ചിരുന്നു. ഏതാനും നാൾക്കു മുൻപു് കൽക്കട്ടാ ടെലിഫോൺ എക്സ്ചേഞ്ചു് തകർത്തതു് ബഹുഃ മെമ്പാന്മാർ ഓർക്കുമല്ലോ.

### അക്രമഭീഷണിക്കു ഗവമ്മെൻറു് വഴങ്ങിക്കൊടുക്കുകയില്ല

ഭാഗ്യവശാൽ റെയിൽവേജോലിക്കാരിലും മററു തൊഴിലാളികളിലും ഒരു വലിയ ഭൂരിപക്ഷം പൊതുപണിമുടക്കിനും അതുപോലുള്ള മാർഗ്ഗങ്ങൾക്കും എതിരാണെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിലും ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി ഭൂരിപക്ഷം തൊഴിലാളികളുടെ അഭിപ്രായത്തെ വിഗണിക്കാൻ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്നതായി തോന്നുന്നു. അവർ സ്വന്തം നയത്തെ അനുകൂലിക്കാത്തവരെ ഭീഷണിപ്പെടുത്തുന്ന വിദ്യ അവലംബിച്ചിട്ടുണ്ട്. അവർ അന്യരുടെ പ്രവർത്തനസ്വാതന്ത്ര്യത്തിൽ ഇടപെടുമ്പോൾ സമുദായവിരുദ്ധവും വിനാശകരവുമായ സ്വന്തം പ്രവർത്തനങ്ങൾ മുന്നോട്ടു് കൊണ്ടുപോകുന്നതിനു പൂർണ്ണസ്വാതന്ത്ര്യം അവകാശപ്പെടുന്നു. ഇത്തരം പ്രവർത്തനങ്ങളെ തടയാൻ ഗവമ്മെൻറു എന്തെങ്കിലും നടപടി സ്വീകരിച്ചാൽ പൗരസ്വാതന്ത്ര്യത്തിൽ കൈകടത്തുന്നു എന്നുള്ള കാരണത്താൽ പ്രതിഷേധങ്ങൾ പുറപ്പെടുവിക്കുകയായി. ഈ വിദ്യയുടെ ഒരുഭാഗമായി പൗരസ്വാതന്ത്ര്യസംരക്ഷണം എന്ന പ്രകടമായ ഉദ്ദേശത്തോടുകൂടി സംഘടനകൾ ആരംഭിക്കുന്നു. അവയുടെ യഥാർത്ഥോദ്ദേശം ഇത്തരം ജനസമുദായവിരുദ്ധമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ്. ജനങ്ങളുടെ പൗരസ്വാതന്ത്ര്യം പൂർണ്ണമായും സംരക്ഷിക്കേണ്ടതാണെന്നു ഗവമ്മെൻറിനു് ആകാംക്ഷയുണ്ടു്. എന്നാൽ പൗരസ്വാതന്ത്ര്യം എന്നു് ഗവമ്മെൻറു ധരിക്കുന്നതു് പൊതുജനസമുദായത്തിനെതിരായി നിർബന്ധവും ഭീഷണിയും ഉൾക്കൊള്ളുന്ന മാർഗ്ഗങ്ങൾ അനുവദിക്കുന്നതിനെ അല്ല. ജനങ്ങൾക്കു രക്ഷ നൽകേണ്ടതും, സമുദായത്തിൻെറ സാധാരണജീവിതത്തിനു് അത്തരം അക്രമമാർഗ്ഗങ്ങൾമൂലം തടസ്സം നേരിടാതെ സൂക്ഷിക്കേണ്ടതും ഗവമ്മെൻറിൻെറ പരമമായ കർത്തവ്യമാകുന്നു. ഈ മാർഗ്ഗങ്ങൾ അനുവദിച്ചുകൊടുത്താൽ യാതൊരു ഗവമ്മെൻറും യാതൊരു സമുദായജീവിതവും സാധ്യമല്ലാതെവരും. അതിനാൽ ഈ സ്ഥിതിയെ നേരിടാൻ ആവശ്യമായ സകല നടപടികളും സ്വീകരിക്കുന്നതിനു് ഗവമ്മെൻറു് നിർബന്ധിതമായിട്ടുണ്ട്. റെയിൽവേകളിലോ മററുള്ളിടത്തോ ഏതാനും റെയിൽവേ ജോലിക്കാർ പണിമുടക്കിയാൽ അതിനെ ദൃഢമായി നേരിടാൻ തന്നെ ഗവമ്മെൻറു് തീരുമാനിച്ചിരിക്കുന്നു. ഇത്തരുണത്തിൽ അത്തരം ഒരു പണിമുടക്കിനു് സാമ്പത്തികപ്രശ്നങ്ങളുമായോ ട്രേഡ്യൂണിയനുകൾ മുതലായവയുടെ സാധാരണഗതിയിലുള്ള പ്രവർത്തനങ്ങളുമായോ യാതൊരു ബന്ധവുമില്ലെന്നു സദാ ഓർമ്മിക്കേണ്ടതാണ്. ഗവമ്മെൻറു ജീവനക്കാരുടേയും മററു ജോലിക്കാരുടേയും ന്യായമായ എല്ലാ അവകാശങ്ങളും സാധിച്ചുകൊടുക്കുന്നതിനു ഗവമ്മെൻറിനുള്ള ആത്മാർത്ഥമായ ആഗ്രഹം ഇതിനകം പ്രകടിപ്പിച്ചിട്ടുണ്ട്. തങ്ങളുടെ ജീവനക്കാർക്കു് അഭിമുഖീകരിക്കേണ്ട എന്തു പ്രയാസങ്ങളെപ്പററി പര്യാലോചിക്കുന്നതിനും ഗവമ്മെൻറു് സദാ സന്നദ്ധമായിരിക്കും. തൊഴിലാളികളുടെ സുസ്ഥാപിതങ്ങളായ അവകാശങ്ങൾ സംരക്ഷിക്കാൻ ഗവമ്മെൻറു് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ യാതൊരു ഭാഗത്തുനിന്നും ഉള്ള അക്രമഭീഷണിക്കും സജീവവിപ്ലവത്തിനുള്ള പ്രേരണയ്ക്കും വഴങ്ങിക്കൊടുക്കാൻ അവക്കു സാദ്ധ്യമല്ല.

ഈ നയം തുടർന്നു്, ഗവമ്മെൻറു് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ അനേകം അംഗങ്ങളെ അറസ്റ്റ്ചെയ്യുകയും, യുക്തമെന്നു തോന്നിയ മററു കരുതൽനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവപ്രധാനങ്ങളായ വൈദ്യുതസ്ഥാപനങ്ങളെ അട്ടിമറിക്കൽപ്രസ്ഥാനങ്ങളിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി, ഇതുപോലെ ചെയ്യാൻ പ്രാദേശികഗവമ്മെൻറുകളെ ഉപദേശിക്കയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്തതിൽ ഗവമ്മെൻറിനു് രാജ്യത്തിൻേറയും ജനായത്തനടപടിക്രമം സ്വീകരിച്ചിട്ടുള്ളതും അക്രമപരിപാടികളെ തികച്ചും എതിർക്കുന്നതും ആയ ഈ സഭയുടേയും പൂർണ്ണമായ പിന്തുണ ഉണ്ടെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

[ഇത്രയും പണ്ഡിതജിയുടെ വാക്കുകൾ. ഇതിനെത്തുടർന്നു് തർജ്ജിമയുടെ പ്രസാധകർ ഒരു ഖണ്ഡിക ചേർത്തിട്ടുണ്ട്. അതാണു താഴെ കൊടുക്കുന്നതു്.]

ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ്കൾ വിസ്തൃതമായതോതിൽ അക്രമം പ്രസംഗിക്കുകയും, അക്രമപരിപാടികൾ തയാറാക്കുകയും ചെയ്തിട്ടുണ്ട്. അവർ സന്മാർഗ്ഗത്തിനും മര്യാദയ്ക്കും വിരുദ്ധമായും മനുഷ്യജീവൻേറയും സാമുദായികസ്ഥാപനങ്ങളുടേയും മൂല്യത്തെ നിർദ്ദയം വിഗണിച്ചുകൊണ്ടും അക്രമം പരിശീലിക്കുകയും പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എത്ര ഉച്ചത്തിലും മടികൂടാതെയുമാണു് പൊളികൾ പറഞ്ഞുപരത്തുന്നതെന്നും, രാജ്യത്തു് കുഴപ്പവും അരാജകത്വവും വരുത്തിവയ്ക്കാനുള്ള ഉദ്ദേശത്തോടുകൂടി നിയമവാഴ്ചയെ നിഷേധിക്കാൻ അസത്യങ്ങളേയും അതിശയോക്തികളേയും ആസ്പദമാക്കി സാധുക്കളും നിരപരാധികളുമായ ജനങ്ങളെ എങ്ങനെ വഴിതെററിപ്പിക്കുകയും ഇളക്കിവിടുകയും ചെയ്യുന്നു എന്നും ഇനിയുള്ള അദ്ധ്യായങ്ങളിൽ വായനക്കാർക്കു കാണാവുന്നതാണ്.

[ആ അദ്ധ്യായങ്ങളിൽനിന്നു് പലഭാഗങ്ങളും ഞങ്ങൾ വഴിയേ ഉദ്ധരിച്ചുകൊള്ളാം.]

## മാതാപിതാക്കന്മാരുടെ അവകാശം

ലിവർപ്പൂൾ മെത്രാപ്പോലീത്താ മൊൺസിഞ്ഞോർ ഡൗണി ഒരു വിദ്യാലയശതാബ്ദാഘോഷം സംബന്ധിച്ചു് ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: എത്ര ഇണങ്ങിയ ജന്തുക്കളായാലും ശരി അവയുടെ കുഞ്ഞുങ്ങളോടു നിങ്ങൾ ഇടഞ്ഞാൽ ഭാവം മാറും. കോഴിപ്പെട സ്വന്തം കുഞ്ഞുങ്ങളെ സംരക്ഷിപ്പാൻ വേണ്ടി ചീറി അടുക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? വിദ്യാലയപ്രശ്നം സ്വന്തം കുഞ്ഞുങ്ങളുടെ കാര്യമാണു്. അവരെ വിദ്യ അഭ്യസിപ്പിക്കേണ്ടതു അവരുടെ അവകാശവുമാണു്. അതുകൊണ്ടത്രെ അക്കാര്യത്തിൽ അന്യർ ഇടപെടാൻ തുടങ്ങുമ്പോൾ അവർ ഭാവം മാറുന്നതു്. ഇംഗ്ലണ്ടിലെ പ്രാഥമികവിദ്യാഭ്യാസ പ്രവർത്തകന്മാർ ആരംഭം മുതലേ വൈദികരായിരുന്നു. ക്ലേശാവഹമായ കാലങ്ങളിലെല്ലാം അവർ അതു നിർവ്വഹിച്ചു. ആർ എന്തുപറഞ്ഞാലും ഇപ്പോൾ അതിൽനിന്നു പിന്മാറാൻ അവർ കരുതിയിട്ടില്ല.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam